# സത്യദൂതൻ

2020 ആഗസ്റ്റ്
ലക്കം 08

വില ₹ 30

## ഹജ്ജ്: ഭയ ഭക്തി സ്വീകരിക്കപ്പെടുന്ന പുണ്യകർമ്മം

## മനുഷ്യശരീരത്തിനകത്തെ വിവിധ സന്തുലനങ്ങൾ

# Ahmadiyya Muslim Community

## Apps for mobile devises

Download free apps developed by Ahmadiyya Muslim Community for your iphone,ipode, and Android




**Quran**
Read the Holy Quran in easy Yassarnal Quran Font




**Conditions of Bai'at**
A pocket reference of Shara't-e-Bai'at in 7 languages



**Sermons**
Huzoor's Friday Sermons In 15 languages




**MTA**
Watch MTA Live, view Schedule and much more



**Ahmadiyya News**
Stay up to date with the Latest jama'at news

View these apps at
alislam.org/apps
or scan the QR code below






The Sathyadoothan Monthly

لا إله إلا الله محمد رسول الله

# സത്യദൂതൻ


2020 ആഗസ്റ്റ
ഹി.ശ.1400 - സുഹൂർ
1441 ദുൽഹജ്ജ് - മുഹറം
പുസ്തകം 92 ലക്കം 08
വില 30 രൂപ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം




**5** എഡിറ്റോറിയൽ

**6** യുഗശബ്ദം



**7**

ഖുത്ബ സംഗ്രഹം

**ഹജ്ജ്: ഭയ ഭക്തി സ്വീകരിക്കപ്പെടുന്ന പുണ്യകർമ്മം**

ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..) യുകെയിൽ നിർവഹിച്ച ഈദ് ഖുത്ബയുടെ സംഗ്രഹം.

**17**

**വാഗ്ദത്ത മസീഹിന്റെ സത്യസാക്ഷ്യം**

മൻസ്വൂർ അഹ്മദ് മസ്റൂർ

**30**

ഭാഗം - 8

**ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി**

**(ഖലീഫത്തുൽ മസീഹ് അവ്വൽ (റ))**

ഇബ്നു വഫാ ബേപ്പൂർ

**10**

**മനുഷ്യശരീരത്തിനകത്തെ വിവിധ സന്തുലനങ്ങൾ**

ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)

**25**

ഇസ്‌ലാമും സെക്കുലർ ഡെമോക്രസിയും 5

**ഇന്ത്യയിലെ ഇങ്ക്വിസിഷൻ കോടതികൾ**

എ.എം. മുഹമ്മദ് സലീം

**38**

കുറിപ്പുകൾ

**തുർക്കിയിലെ അയാസോഫിയ വീണ്ടും മസ്ജിദാവുമ്പോൾ**

മുസാഫിർ


**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി-682018

ചീഫ് എഡിറ്റർ
**എച്ച്. ശംസുദ്ദീൻ**
**ഫോൺ: 99460 21252**

എഡിറ്റർ
**എ. എം. മുഹമ്മദ് സലീം**
**ഫോൺ: 80755 86837**
Email-salimqld@gmail.com

മാനേജർ
**എച്ച്. അഹ്മദ് ഷാഫി**
**ഫോൺ: 8089574250**

Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Mubarak Ahmed, KKD

## വിശുദ്ധ ഖുർആനിൽ നിന്ന്



അല്ലയോ ശാന്തി പ്രാപിച്ച ആത്മാവേ നീ നിന്റെ നാഥനിലേക്ക് മടങ്ങുക. സംപ്രീതനും പ്രീതിപ്പെട്ടവനുമായിക്കൊണ്ട്. എന്നിട്ട് എന്റെ ഉത്തമ ദാസരിൽ ചേർന്നു കൊള്ളുക എന്റെ സ്വർഗ്ഗത്തിൽ പ്രവേശിച്ചു കൊള്ളുക. (89:29-31)



## നബിവചനം

ഞാനെന്റെ ദാസനോട് പെരുമാറുന്നത് എന്നോട് അവന്റെ വിശ്വാസവും പ്രതീക്ഷയും അനുസരിച്ചാണ് അതുകൊണ്ട് അവനെ പറ്റി അവനുദ്ദേശിച്ച് വിധം പ്രതീക്ഷിച്ചുകൊള്ളട്ടേ (ബുഖാരി)

## വാഗ്ദത്ത മസീഹിന്റെ വചനം



സർവ്വ ശക്തനായ ദൈവം തന്റെ പരിപൂർണ വൈഭവത്താൽ ആത്മാവിനെ ശരീരത്തിൽ നിന്നും സൃഷ്ടിച്ചപ്രകാരം അതിന് ശരീരത്തിൽ കൂടിതന്നെ ഒരു പുനർജനനം സാധിക്കുന്നതിന്നും ഉദ്ദേശിക്കുന്നു..........അഭിവൃദ്ധിയുടെ മൂന്നാമത്തെ മാർഗ്ഗമായി നിർദ്ദേശിച്ചിരിക്കുന്നത് മനുഷ്യൻ തന്റെ കർത്താവായ ദൈവത്തോടുള്ള അനുരാഗത്തിലും അനുസരണത്തിലും ലയിക്കുകയും തന്റെ ജീവിതസർവ്വസ്വവും ദൈവത്തിന്നുള്ളതായിത്തീരുകയും ചെയ്യുന്ന പരമമായ അവസ്ഥയെയാണ്. ത്യാഗാത്മകമായ ഈ അവസഥയെ അനുസ്മരിക്കുന്നതിനായിട്ടണ് മുസ്ലിംങ്ങളുടെ മതത്തിന് ഇസ്ലാം എന്ന് പേരിട്ടിരിക്കുന്നത്. എന്തെന്നാൽ ഇസ്ലാം കൊണ്ട് വിവക്ഷിക്കപ്പെട്ടിരിക്കുന്നത് പരിപൂർണ്ണമായി ദൈവേഷ്ടത്തിന് വഴിപ്പെടുകയും സർവ്വവും ദൈവത്തിൽ സമർപ്പിക്കുകയും ചെയ്യുന്ന അവസ്ഥയാണ്.............ഐഹിക ജീവിതത്തിൽ മനുഷ്യന് പ്രാപ്യമാകുന്ന അത്യുൽകൃഷ്ടമായ ആത്മീയ നിലപാട്, തന്റെ സർവ്വ സമാധാനവും സന്തോഷവും സംതൃപ്തിയും ദൈവത്തിൽ മാത്രം കണ്ടെത്തുകയും അവനിൽ ശാന്തയടയുകയും ചെയ്യുക എന്നതാണ്. ഈ അവസ്ഥ തന്നെയാൻ വാചകാന്തരേണ സ്വർഗ്ഗീയ ജീവിതമെന്ന് പറയുന്നത്. (ഇസ്ലാംമതതത്വജ്ഞാനം)

എഡിറ്റോറിയൽ

# ആത്മാവ്: മതങ്ങളുടെ മുഖ്യചിന്താവിഷയം

മനുഷ്യന് അൽപ്പം മാത്രം അറിവ് നൽകപ്പെട്ടതും മനുഷ്യന്റെ തന്നെ സത്തയായി വർത്തിക്കുന്നതുമായ ബോധചൈതന്യമാണ് ആത്മാവ്. ഞാൻ ഉണ്ട് എന്ന കരുതലിൽ മനുഷ്യനിൽ അത് പ്രവർത്തിക്കുന്നു. അമൂർത്തവും അനിർവചനീയമായ അന്തര്യാമി. അറിയാനും പ്രവർത്തിക്കാനുമുള്ള ശക്തിയോടെ ശരീരത്തിൽ സ്ഥിതി ചെയ്യുന്ന സത്വം എന്നൊക്കെ അതിനെക്കുറിച്ച് വിവക്ഷിക്കപ്പെടുന്നു. എതായാലും ആത്മാവിനെ പറ്റി മനുഷ്യന് പൂർണ്ണ ജ്ഞാനം ലഭിച്ചിട്ടില്ല എന്നത് അതിനെ സംബന്ധിച്ച് വിവിധ മതങ്ങളിലെ വ്യാഖ്യാന ഭേദങ്ങളിൽ നിന്നും അനന്തമായ വിവാദങ്ങളിൽ നിന്നും തന്നെ വ്യക്തമാണ്. മനുഷ്യൻ നിത്യവുമറിയുകയും മനുഷ്യന്റെ അസ്തിത്വത്തിൽ അന്തർലീനവുമായ ഒരു സത്തയെക്കുറിച്ചുള്ള ഈ അജ്ഞാനം മനുഷ്യന്റെ അറിവിന്റെ പരിമിതിയെ വ്യക്തമാക്കുന്നു. ഈ പരിമിതിയെക്കുറിച്ച് വിശുദ്ധ ഖുർആൻ പറയുന്നത്: ***'അവർ നിന്നോട് ആത്മാവിനെക്കുറിച്ച് ചോദിക്കുന്നു: പറയുക, ആത്മാവ് എന്റെ നാഥന്റെ അറിവിൽപ്പെട്ടതാണ് അറിവിൽ നിന്ന് കുറഞ്ഞതല്ലാതെ നിങ്ങൾക്ക് നൽകപ്പെട്ടിട്ടില്ല.' (17:86)*** എങ്കിലും ആത്മാവിനെക്കുറിച്ച് സ്പഷ്ടമായ ചില സൂചനകൾ നൽകുന്നുണ്ട്. ആത്മാവിനെക്കുറിച്ചുള്ള ഗഹനമായ ഈ സൂചനകളുടെ അർത്ഥവ്യാപ്തി ഉൾക്കൊള്ളാൻ ആത്മീയ ജ്ഞാനം ലഭിച്ച മഹത്തുക്കൾക്ക് മാത്രമേ സാധ്യമാകൂ.

ആധുനിക കാലത്ത് ആര്യസമാജം, ബ്രഹ്മ സമാജം, തിയോസഫിക്കൽ സൊസൈറ്റി തുടങ്ങിയ നിരവധി മത ചിന്താപ്രസ്ഥാനങ്ങൾ ആത്മാവിനെക്കുറിച്ച് സംസാരിച്ചപ്പോൾ ഇസ്‌ലാമിന്റെ ഭാഗത്ത് നിന്ന് ആത്മാവിനെ പറ്റിയുള്ള തത്വങ്ങൾ വിശദീകരിക്കാൻ ഹദ്റത്ത് അഹ്മദി(അ)നെയാണ് അല്ലാഹു നിയോഗിച്ചത്. അവിടുത്തെ പലഗ്രന്ഥങ്ങളിലും ആത്മാവിനെ പറ്റി വ്യക്തമായ പ്രതിപാദനമുണ്ട്.

ഹിന്ദുമതത്തിൽ പ്രത്യക്ഷ പ്രമാണങ്ങളെ സ്വീകരിക്കുന്ന ചാർവാകന്മാർ ചൈതന്യ വിശിഷ്ടമായ ദേഹം പ്രത്യക്ഷമാകയാൽ അത് തന്നെയാണ് ആത്മാവ് എന്ന വാദിക്കുന്നവരാണ്. അതായത് ആത്മാവ് ശരീരത്തിൽ നിന്നും ഭിന്നമല്ല എന്നാണ് അവരുടെ പക്ഷം. പഞ്ചഭൂതങ്ങളിൽ നിന്നാണ് ശരീരമുണ്ടാകുന്നത്. ലഹരി പദാർത്ഥങ്ങളുടെ ചേർച്ചയിൽ നിന്നും മദ ശക്തി എന്നത്പോലെ പഞ്ചഭൂതങ്ങളുടെ ചേർച്ചയിൽ നിന്നും ആത്മാവുണ്ടാകുന്നു. ചൈതന്യാംശം ബോധരൂപവും ദേഹാംശം ജഡവുമാകയാൽ ജീവാത്മാവ് ബോധജഢോഭയ രൂപനാണ്. അതുകൊണ്ട് ആത്മാവ് നിത്യമല്ലെന്നും ജനിമൃതികൾ പോലെ സ്വാഭാവികമാണെന്നും ഭൗതിക വാദികളെ പോലെ ചാർവാകന്മാർ വാദിക്കുന്നു. ചാർവാകന്മാരിൽ നിന്നും വ്യത്യസ്തമായി ആത്മാവ് ബ്രഹ്മത്തിന്റെ അംശമാണെന്ന് വാദിക്കുന്നവരാണ് അദ്വൈതികൾ. ആത്മാവ് ദൈവത്തെപോലെ നിത്യമാണെന്ന് അവർ പറയുന്നു. ബ്രഹ്മം മാത്രമാണ് സത്യമെന്നും ജഗദ് മിഥ്യയാണെന്നും ഭാവികാര്യങ്ങൾ അനുഭവപ്പെടുന്നത് അവിദ്യ കൊണ്ടാണെന്നും അദ്വൈത സിദ്ധാന്തക്കാർ വാദിക്കുന്നു.

ബൈബിൾ പഴയ നിയമത്തില ആത്മാവിന് **'റുആഹ്'** എന്ന ഹിബ്രു പദമാണ് ഉപയോഗിച്ചിട്ടുള്ളത്. ഇതിന് വായു പ്രവാഹം, ശ്വാസം, കാറ്റ് എന്നൊക്കെയാണ് അർത്ഥം. ബൈബിൾ പഴയ നിയമത്തിൽ ഈ പദം പല തവണ ഉപയോഗിച്ചിട്ടുണ്ടെങ്കിലും ആത്മാവിനെക്കുറിച്ച് വ്യക്തമായ ഒരു കാഴ്ച്ചപാടും അത് നൽകുന്നില്ല. ആത്മാവിനെ പറ്റി പുതിയ നിയമം യാതൊന്നും തന്നെ പറയുന്നില്ല. പിന്നീട് വന്ന ബൈബിൾ പണ്ഡിതന്മാർ ആധുനിക മനശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ ആത്മാവിനെക്കുറിച്ച് അവരുടെ മനോവിലാസമനുസരിച്ച് പലതും എഴുതുകയാണുണ്ടായത്.

ആത്മാവ് അല്ലാഹുവിന്റെ ആജ്ഞയാൽ സൃഷ്ടിക്കപ്പെട്ടതാണെന്നാണ് ഖുർആൻ പറയുന്നത്. ശരീരമാണ് ആത്മാവിന്റെ ജനയിത്രി എന്നത്രെ ഖുർആന്റെ സിദ്ധാന്തം. ഇത് വളരെ ശ്രദ്ധേയമാണ്. അത് അല്ലാഹുവിന്റെ ആജ്ഞയാൽ ഗർഭപാത്രത്തിൽ ബീജത്തിൽ തന്നെ ആത്മാവിന്റെ ശക്തി വിശേഷം നിഗൂഢനം ചെയ്യപ്പെട്ടിട്ടുണ്ടെന്നും അത് അല്ലാഹുവിന്റെ ആജ്ഞയാൽ ഗർഭ പാത്രത്തിൽ ഭ്രൂണത്തോടൊപ്പം പ്രകടമാവുന്ന തേജസ്സായി മാറുകയാണെന്നും ഖുർആൻ പറയുന്നു. അത് പുറമെനിന്നും വന്നുകൂടുന്ന ഒരു വസ്തുവല്ല. അദ്വൈത സിദ്ധാന്തത്തിൽ നിന്നും ഭിന്നമായി ആത്മാവിന് ഗുണ ഭാവങ്ങളുണ്ട് എന്നാണ് ഖുർആന്റെ വ്യക്തമായ അധ്യാപനം. ഗുണശക്തി സാന്ദ്രമായ ആത്മാവിന് ധർമ്മസംഹിതകളെ അടിസ്ഥാനമാക്കി വിവിധ പരിഷ്ക്കരണ പദ്ധതികളും ജീവിത പുരോഗതിയും വിശുദ്ധ ഖുർആൻ നിർദ്ദേശിക്കുന്നുണ്ട്.

ഖുർആനിക സൂക്തങ്ങളുടെയും റസൂൽ തിരുമേനി (സ)യുടെ വചനങ്ങളുടെയും അടിസ്ഥാനത്തിൽ ആത്മാവിനെ കുറിച്ച് ഏറ്റവും സൂക്ഷ്മവും അഗാധവുമായ രീതിയിൽ സംസാരിച്ചത് ഹദ്റത്ത് അഹ്മദ് (അ) മാത്രമാണ്. ആത്മാവിനെക്കുറിച്ചുള്ള രഹസ്യങ്ങൾ അറിയാൻ ആഗ്രഹിക്കുന്നവർ ആ മഹാത്മാവിന്റെ രചനകളിലേക്ക് ശ്രദ്ധപതിപ്പിക്കട്ടെ.



ഹദ്റത്ത് അഹ്മദ് (അ)

# ആത്മാവിന്റെ ഉറവിടം

ആത്മാവും ശരീരവും തമ്മിലുള്ള പ്രസ്തുത ബന്ധത്തെ തെളിയിക്കുന്നതിന് ബലവത്തായ മറ്റൊരു തെളിവ്, ശരീരം ആത്മാവിന്റെ ജനയിത്രി യാണെന്ന സിദ്ധാന്തമാണ്. ആത്മാവ് എന്നാൽ അന്തരീക്ഷത്തിൽ നിന്നോ മറ്റോ വന്ന് ഗർഭിണിയുടെ ഉദരത്തിൽ പ്രവേശിക്കുന്ന ഒരു വസ്തു അല്ല. അതു ബീജത്തിൽ തന്നെ നിഗൂഢമായിരിക്കുന്നതും ഗർഭാശയത്തിൽ മാംസപിണ്ഡത്തിന്റെ വളർച്ച യോടൊപ്പം തെളിഞ്ഞു വരുന്നതുമായ ഒരു തേജസ്സാകുന്നു. വിശുദ്ധ ഖുർആൻ പഠിപ്പിക്കുന്നത് ആത്മാവ് എന്നാൽ മാതൃ ഗർഭത്തിൽ വെച്ചു ബീജത്തിൽ നിന്നും തയ്യാറായി മാംസ പിണ്ഡത്തിൽ പ്രകാശിച്ചു വരുന്ന ഒരു സത്തയാണെന്നാകുന്നു. ഖുർആൻ പറയുന്നു:

**'പിന്നെ ഗർഭാശയത്തിൽ രൂപപെട്ടു വന്ന പിണ്ഡത്തെ നാം മറ്റൊരു മാതൃകയിൽ രൂപീകരിച്ചു ആത്മാവെന്ന ഒരു സൃഷ്ടിയെ വെളിപ്പെടുമാറാക്കുന്നു. അതുല്യമായ സൃഷ്ടികർത്താവായ അല്ലാഹു വാഴത്ത്പെട്ടവനത്രെ.'(23:15)**

പ്രസ്തുത ശരീരത്തിൽ നിന്നു തന്നെ മറ്റൊരു സൃഷ്ടിയെ വെളിപ്പെടുത്തുന്നുവെന്ന് പ്രസതാവിച്ചിരിക്കുന്നതിൽ, ആത്മാവിന്റെ യഥാർത്ഥ പ്രകൃതി കാണിച്ചു തരുന്നതും ദേഹദേഹികൾക്കു തമ്മിലുള്ള ഗാഢമായ ബന്ധത്തെ സൂചിപ്പിക്കുന്നതുമായ ഒരു തത്വം അടങ്ങിയിരിക്കുന്നു. മനുഷ്യന്റെ കായികവും വാചികവുമായ ഓരോ കർമ്മവും ദൈവത്തിന്നു വേണ്ടി അവന്റെ പരിശുദ്ധ നിയമമനുസരിച്ചായിരിക്കുമ്പോൾ അതു പ്രസ്തുത തത്വത്തിന്നതീതമായിരിക്കുന്നതാണെന്നത്രേ ഇത് മനസ്സിലാക്കിത്തരുന്നത്. അതായത് വിചാരശുദ്ധിയോടുകൂടി ആത്മാർത്ഥ കർമ്മങ്ങളിലെല്ലാം മനുഷ്യന്റെ ബീജത്തിലെന്ന പോലെ ഒരു ആത്മ തേജസ്സ് മറഞ്ഞു കിടക്കുന്നുണ്ടായിരിക്കും. കർമ്മ ഫലമാകുന്ന ശരീരം വളർന്നു വരുന്നതോടൊപ്പം ആ തേജസ്സും പ്രകാശിച്ചു തുടങ്ങുന്നു. ആ കർമ്മതേജസ്സ് പ്രകാശിച്ചു തുടങ്ങുന്നതോടുകൂടി അതിന്റേതായ ആത്മ തേജസ്സ് പൂർണ്ണ പ്രഭാവത്തോടെ പ്രകാശിക്കുകകയും ജ്യോതിർമയമായ സ്വസത്തയെ പ്രകടമാക്കുകയും ചെയ്യുന്നു. ഇങ്ങനെ കർമ്മഫലമാകുന്ന ശരീരം പൂർണ്ണവളർച്ചയിലെത്തുമ്പോൾ അന്തരാളത്തിൽ നിന്നും മിന്നൽ പിണരെന്നപോലെ ഒരു പ്രകാശദീപ്തി പെട്ടെന്ന് നിർഗ്ഗമിക്കുന്നു. ഈ പരിണാമത്തെ കുറിച്ച് ഉപമാ രൂപത്തിൽ അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നത് നോക്കുക.

ഞാൻ ആ ശരീരത്തെ രൂപപ്പെടുത്തുകയും മഹത്വത്തിന്റെ പ്രകാശ കിരണങ്ങൾ സമീകരിക്കുകയും അതിൽ എന്റെ ആത്മാവിനെ ഊതുകയും ചെയ്തിരിക്കുന്നതിനാൽ നിങ്ങളെല്ലാം അതിൽ വണക്കത്തോടുകൂടി കീഴ്പ്പെടുവീൻ. സൽക്കർമ്മ ശരീരം പൂർണ്ണ രൂപം പ്രാപിക്കുന്നതോടുകൂടി അന്തരാളത്തിൽ ഒരു ആത്മ തേജസ്സ് പ്രകാശിച്ചു തുടങ്ങും എന്ന സംഗതി തന്നെയാണ് പ്രസ്തുതവാക്യം സൂചിപ്പിക്കുന്നത്. ഈ ശരീരം, ഐഹിക ജീവിതത്തിലെ അനാത്മികത്വത്തിന്റെ വിലയനത്തിനുശേഷം രൂപംകൊള്ളുന്നതിനാലത്രെ അതിൽ നിന്നും വെളിപ്പെടുന്ന ആത്മതേജസ്സിനെ ദൈവം തന്നോട് സംബന്ധിപ്പിച്ചിരിക്കുന്നത്. മുമ്പേ മന്ദീഭവിച്ചു കിടക്കുന്ന ആ തേജസ്സ് ഈ ഘട്ടത്തിൽ പൊടുന്നനെ ഉജ്ജ്വലിക്കുന്നു. ദൈവത്തിന്റെ ഈ മഹത്വപ്രകടനത്തിന്റെ മുമ്പിൽ പ്രണമിക്കുന്നതിന്ന് എല്ലാവരും നിർബന്ധിതരായിത്തീരുന്നു. ഈ ദിവ്യതേജസ്സ് വെളിപ്പെടുന്നതോടുകൂടി അന്ധകാര പ്രേമിയായ ദുരാത്മാവ് (ഇബ്ലീസ്) ഒഴികെ സകലരും അതിലേക്ക് ആകൃഷ്ടരാവുകയും അതിന് കീഴ്പ്പെടുകയും ചെയ്യുന്നു.

(ഇസ്‌ലാംമത തത്വജ്ഞാനം)

# ഹജ്ജ്: ഭയ ഭക്തി സ്വീകരിക്കപ്പെടുന്ന പുണ്യകർമ്മം

ഒരിക്കലും അല്ലാഹുവിന് അവയുടെ മാംസവും രക്തവും എത്തുകയില്ല. എന്നാൽ നിങ്ങളുടെ ഭയഭക്തി അവനിലേക്ക് എത്തുന്നതാണ്. അതുപോലെ തന്നെ അല്ലാഹു നിങ്ങൾക്ക് മാർഗദർശനം നൽകിയതിനാൽ നിങ്ങൾ അവന്റെ മഹത്വം പ്രകീർത്തിക്കുന്നതിനായി അവൻ അവയെ നിങ്ങൾക്ക് അധീനപ്പെടുത്തിയിരിക്കുന്നു. സുകൃതവാന്മാർക്ക് നീ സന്തോഷവാർത്ത അറിയിക്കുക.




**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്** (അയ്യദഹു...)

ഹുസൂർ പറയുന്നു, ഇന്ന് നാം ഈദുൽ അദ്ഹിയ അഥവാ ബലി പെരുന്നാൾ ആഘോഷിക്കുകയാണ്. മക്കയിലും ലോകത്തിലെ വിവിധ രാജ്യങ്ങളിലും മുസ്ലിങ്ങൾ ലക്ഷക്കണക്കിന് മൃഗങ്ങളെ ബലി നൽകുന്നു, അത് തുടരുകയും ചെയ്യുന്നതാണ്. അല്ലാഹു പറയുന്നു, മൃഗത്തെ ബലി നൽകുക എന്നത് ആരാധനയുടെ ഭാഗമാണ്, അല്ലാഹുവിന്റെ കൽപന പ്രകാരവുമാണ്. ഹജ്ജും ഉംറയും ചെയ്യാത്തവരാണെങ്കിലും അതിന് പ്രാപ്തിയുണ്ടെങ്കിൽ ബലി നൽകുന്നത് ഒരു നല്ല കാര്യമാണ്. എന്നാൽ നിങ്ങളുടെ ബലി കേവലം ഭൗതീകതയിൽ അധിഷ്ഠിതവും പ്രകടനാത്മകതയുടെ ബലിയും ആണെങ്കിൽ, ഒരു ഭക്തനിൽ ഉണ്ടായിരിക്കേണ്ട ആത്മാവ് അക്കാര്യത്തിൽ ഇല്ലെങ്കിൽ ഓർത്തുകൊള്ളുക നിങ്ങളുടെ ബലി പ്രയോജനരഹിതമാണ്. അല്ലാഹു ഒരിക്കലും രക്തമാംസങ്ങൾക്കു വേണ്ടി ദാഹിക്കുകയും വിശക്കുകയും ചെയ്യുന്നവനല്ല. ഈ ആവശ്യങ്ങൾ പൂർത്തിയാക്കുന്നവരിൽ സന്തുഷ്ടനായി സ്വർഗത്തിന്റെ സുവാർത്ത നൽകുവാൻ മാത്രം അവന്റെ പൈദാഹങ്ങൾ അകറ്റാൻ ലക്ഷക്കണക്കിന് മൃഗങ്ങളുടെ രക്തവും മാംസവും ആവശ്യവുമില്ല. അവന് ഈ വസ്തുക്കളുടെയൊന്നും ഒരാവശ്യവുമില്ല. ഹൃദയം തഖ്‌വാ ശൂന്യമാണെങ്കിൽ, ബലിയുടെ പേരിൽ നിങ്ങൾ ഡസൻ കണക്കിന് മൃഗങ്ങളുടെ അറവു നടത്തിയാലും അതുപൊലെ ഏതെ

ങ്കിലും രാജ്യത്ത് ലക്ഷക്കണക്കിന് മൃഗങ്ങളുടെ അറവു നടത്തിയാലും അതൊന്നും ചെയ്തുകൊണ്ട് ആരും അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നവരാകുകയില്ല.

എപ്പോഴും ഓർക്കുക, തഖ്‌വയെയാണ് അല്ലാഹു അടിസ്ഥാന കാര്യമായി പറഞ്ഞിരിക്കുന്നത്. തഖ്‌വയുടെ ആത്മാവോടുകൂടി ചെയ്തിരിക്കുന്ന ഖുർബാനി അല്ലാഹുവിന് പ്രിയങ്കരമാണ്. ഈ പ്രത്യക്ഷത്തിലുള്ള ഖുർബാനി കൊണ്ട് ഹൃദയത്തിൽ തഖ്‌വയുള്ള ഒരുവൻ പ്രകടിപ്പിക്കുന്നതും തീർച്ചയായും പ്രകടപ്പിക്കേണ്ടതും ഇക്കാര്യമാണ്, അതായത് ഞാൻ അല്ലാഹുവിന്റെ മാർഗത്തിൽ എല്ലാം തന്നെ ബലി നൽകാൻ തയ്യാറാണ്. ഈ മൃഗം മനുഷ്യനുമായി തുലനം ചെയ്യുമ്പോൾ വളരെ നിസ്സാരമായ ഒരു വസ്തുവാണ്. അതുകൊണ്ട് ഇതിലൂടെ ഒരു നിസ്സാരമായതിനെ ഉന്നതമായതിന് വേണ്ടി ബലി നൽകുകയാണ് ചെയ്യുന്നത്. അതുപോലെ ഞാനും ഈ ബലിയിൽ നിന്ന് പാഠമുൾകൊണ്ട് കൊണ്ട് തന്നേക്കാൾ ഉന്നതമായതിന് വേണ്ടി, ഉന്നതലക്ഷ്യത്തിനുവേണ്ടി, എല്ലാ വിധ ത്യാഗങ്ങൾക്കും സന്നദ്ധനായിരിക്കുന്നതാണ്. അല്ലാഹുവിന്റെ കൽപനകൾ അനുസരിച്ച് പ്രവർത്തിക്കുന്നതിന് എപ്പോഴും തയ്യാറായിരിക്കുന്നതാണ്. ഞാൻ ഈ ഖുർബാനിയിൽ നിന്ന് ഉൾക്കൊള്ളുന്ന പാഠമിതാണ്, ഞാൻ ചെയ്യുന്ന ഈ പ്രതിജ്ഞ അതായത്, ദീനിന് ദുനിയാവിനെക്കാൾ മുൻഗണന നൽകുന്നതാണ് എന്ന പ്രതിജ്ഞ അതിനെ എല്ലാ അവസ്ഥയിലും പൂർത്തിയാക്കാൻ തയ്യാറാവുന്നതാണ്. എന്റെ ഒരു പ്രവൃത്തിയിലും ഭൗതീകതയോ സ്വേഛയുടെ കലർപ്പോ ഉണ്ടായിരിക്കുന്നതല്ല. ഈ ബലിപെരുന്നാൾ നമ്മെ നമ്മുടെ കടമകളും ഉത്തരവാദിത്വങ്ങളും പ്രതിജ്ഞകളും ഓർമ്മപെടുത്തുന്നില്ലെങ്കിൽ ഭൗതികമായ ഒരു മേള പോലെ നാം ആഘോഷിക്കുന്ന ഒരു പെരുന്നാൾ മാത്രമായിരിക്കും ഇത്. നാം നമ്മുടെ പ്രതിജ്ഞകൾ പൂർത്തിയാക്കുന്നവരും, അല്ലാഹുവിന്റെ മുമ്പിൽ തങ്ങളുടെ കഴുത്തുകൾ സമർപ്പിക്കുന്നവരും, അല്ലാഹുവിന്റെ ഇബാദത്തുകളുടെ കടമകൾ നിറവേറ്റുന്നവരും, അവന്റെ ദാസരോടുള്ള കടമകൾ നിർവഹിക്കുന്നവരും ആയിത്തീരുമ്പോഴാണ് ഖുർബാനി പ്രയോജനം ചെയ്യുന്നത്. നാം അല്ലാഹുവിനോട് നന്ദിയുള്ളവരായിരിക്കണം. നമ്മളെ അവൻ മുസ്‌ലിംങ്ങളാക്കി. എന്നല്ല ദീനിനെ ദുനിയാവിനെക്കാൾ മുന്തിക്കുന്നതാണെന്നും ജീവനും ധനവും സമയവും അഭിമാനവും സന്താനങ്ങളും ത്യാഗം ചെയ്യാൻ എപ്പോഴും സന്നദ്ധനായിരിക്കുന്നതാണെന്നും കാലത്തിന്റെ ഇമാമായ മസീഹ് മൗഊദ് മഹ്ദി മൗഊദ്(അ)ന്റെ കൈകളിൽ പ്രതിജ്ഞ ചെയ്തിരിക്കുന്നവരായ, അതു മാത്രമല്ല ഈ ബൈഅത്തിന്റെ പ്രതിജ്ഞയെ നിലനിർത്തികൊണ്ട് അല്ലാഹുവിന്റെ പ്രീതീ കരസ്ഥമാക്കുന്നതിനായി പരിപൂർണ്ണ ഹൃദയവിശാലതയോട് കൂടി അഹ്മദിയ്യ ഖിലാഫത്തിനോടും ബൈഅത്തിന്റെ പ്രതിജ്ഞ പൂർത്തിയാക്കുന്നതാണ് എന്ന് പ്രതിജ്ഞ ചെയ്തവരായ അഹ്മദി മുസ്‌ലിങ്ങൾ ആക്കി. ഇങ്ങനെ ആയിത്തീരുമ്പോൾ അത്തരം ആളുകൾക്ക് അല്ലാഹു തന്റെ പ്രീതി കരസ്ഥമാക്കിയ ആളുകളിൽ അവരെയും ഉൾപെടുത്തിയിരിക്കുന്നു എന്ന സന്തോഷവാർത്ത നൽകുന്നു.

ഈ ഒരു ആത്മാവ് നമ്മളിൽ ഉണ്ടായിത്തീരുന്നുവെങ്കിൽ, നമ്മുടെ കർമങ്ങൾ അതനുസരിച്ചായിത്തീരുന്നുവെങ്കിൽ നമ്മളും അല്ലാഹു നിങ്ങളിൽ സംതൃപ്തനായിരിക്കുന്നുവെന്നും അല്ലാഹുവിന്റെ പ്രീതി നിങ്ങൾ കരസ്ഥമാക്കുന്നവരായിരിക്കുന്നുവെന്നും സുവാർത്ത ലഭിച്ച ആളുകളിൽ ഉൾപെടും എന്ന് പ്രതീക്ഷിക്കാവുന്നതാണ്. ഈ ആയത്തിൽ വിവരിക്കുന്ന വിഷയവും അതിന്റെ യുക്തിയും തത്ത്വവും വിവരിച്ച് കൊണ്ട് ഒരവസരത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുകയുണ്ടായി, ആത്മാർത്ഥതയും സത്യസന്ധതയും ഇല്ലെങ്കിൽ പ്രത്യക്ഷനിലയിലുള്ള നമസ്കാരത്തിനും വ്രതാനുഷ്ഠാനത്തിനും യാതൊരു മഹിമയുമില്ല. യോഗികളും സന്യാസികളും തങ്ങളുടെതായ നിലയിൽ വലിയ വലിയ ധ്യാനങ്ങൾ നടത്തുന്നു. അവരിൽ ചിലർ ഇപ്രകാരം തങ്ങളുടെ കൈകളെ തന്നെ ഉപയോഗശൂന്യമാക്കുന്നതായി കാണാം. വലിയ വലിയ പ്രയാസങ്ങൾ സഹിക്കുന്നു. ബുദ്ധിമുട്ടുകളിൽ സ്വയം അകപ്പെടുന്നു. എന്നാൽ ഈ ബുദ്ധിമുട്ടുകൾ അവർക്ക് ഒരു പ്രകാശവും നൽകുന്നില്ല. ഏതെങ്കിലും വിധത്തിലുള്ള സംതൃപ്തിയോ സമാധാനമോ അവർക്ക് ലഭിക്കുന്നില്ല. മറിച്ച് അവരുടെ ആന്തരികാവസ്ഥ മോശമായി തീരുന്നു. അവരുടെ ആത്മീയതയിൽ അത് ഒരു സ്വാധീനവും ചെലുത്തുന്നില്ല. അതുകൊണ്ടാണ് വിശുദ്ധ ഖുർആനിൽ അല്ലാഹു ഇങ്ങനെ പറഞ്ഞത്,

***അല്ലാഹുവിന് നിങ്ങളുടെ ബലിയുടെ മാംസമോ രക്തമോ എത്തിചേരുകയില്ല മറിച്ച് അവനിലേക്ക് എത്തുന്നത് തഖ്‌വയാണ്.***

ഹുസൂർ പറയുന്നു, ഈ പ്രത്യക്ഷത്തിലുള്ള ഖുർബാനി നമ്മുടെ ആത്മാവിനെ പിടിച്ചുലയ്ക്കുന്നതിന് വേണ്ടിയാണ്. ഏതുപോലെ ഈ നിസ്സാരമായ വസ്തു നിങ്ങൾക്ക് വേണ്ടി ബലിയർപ്പിക്കപെട്ടുവോ അതുപോലെ അല്ലാഹുവിന്റെ കൽപനകൾ അനുസരിച്ച് പ്രവർത്തിക്കുന്നതിനായി എല്ലാതരം ത്യാഗങ്ങൾക്കും തയ്യാറാകുന്നതിലാണ് ഒരു യഥാർത്ഥ വിശ്വാസിയുടെ അന്തസ്സ് കുടികൊള്ളുന്നത് എന്ന കാര്യം മനസ്സിലാക്കി തരുന്നതിന് വേണ്ടിയാണ്. ത്യാഗത്തിനായി തന്റെ ശരീരത്തേയും ആത്മാവിനെയും തയ്യാറാക്കുക. തഖ്‌വയുടെ നിലവാരം ഉയർത്തുക. തഖ്‌വയുടെ ഉന്നതമായ നിലവാരം കരസ്ഥമാക്കുന്നതിലേക്ക് ശ്രദ്ധ ക്ഷണിച്ച് കൊണ്ട് ഒരു സ്ഥലത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു. അല്ലാഹുവിനെ അവന്റെ മാർഗത്തിൽ ഒരു മരണം വരിക്കും

വിധം ഭയപ്പെടുക. നിങ്ങൾ നിങ്ങളുടെ കൈകൾകൊണ്ട് ബലിമൃഗത്തെ അറുക്കുന്നതുപോലെ നിങ്ങളും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ബലിയായിത്തീരുക. പറയുന്നു, ഏതുവരെ തഖ്‌വയുടെ സ്ഥാനം ഈ ഒരു സ്ഥാനത്തിന് താഴെക്കിടയിലാണോ അതുവരെ അത് ന്യൂനതയുള്ളതാണ്.

ഈ കാലഘട്ടത്തിൽ നാം മസീഹ് മൗഊദിനെയും മഹ്ദി മഅ്ഊദിനെയും വിശ്വസിച്ചവരാണ്. ആയതിനാൽ റസൂൽതിരുമേനി(സ)യുടെ സഹാബാക്കളുടെ നിലവാരത്തിലെത്താൻ കുറഞ്ഞപക്ഷം ശ്രമിക്കുന്നവരെങ്കിലുമാണോ എന്ന് നാം ആത്മപരിശോധന നടത്തേണ്ടതുണ്ട്. നാം ആഖരീങ്ങളുടെ ജമാഅത്താണെന്ന് വാദിക്കുന്നു. അതുകൊണ്ടു തന്നെ നാം അത്തരത്തിലുള്ള മാതൃകയും കാണിക്കേണ്ടതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു, മനുഷ്യൻ തഖ്‌വയുടെ സൂക്ഷ്മവശങ്ങളെയും പരിഗണിക്കേണ്ടതാണ്. പറയുന്നു ആ സൂക്ഷ്മതലങ്ങളെയും മുന്നിൽവെക്കുന്നതിലാണ് രക്ഷ ഉള്ളത്. ചെറിയ ചെറിയ കാര്യങ്ങളെ അവഗണിക്കുകയാണെങ്കിൽ പിന്നീട് ഒരു ദിവസം അതെ ചെറിയ ചെറിയ കാര്യങ്ങൾതന്നെ വലിയ പാപങ്ങൾക്ക് കാരണമായി തീരും. പറയുന്നു, നിങ്ങൾ തഖ്‌വയുടെ ഉന്നതമായ നിലവാരം കരസ്ഥമാക്കണം എന്ന കാര്യം മുന്നിൽ വയ്ക്കുകയും അതിനായി തഖ്‌വയുടെ സൂക്ഷ്മതലങ്ങളെ പരിഗണിക്കുകയും ചെയ്യുക.

ഹുസൂർ പറയുന്നു, യഥാർത്ഥത്തിൽ ദീനിന് ദുൻയാവിനെക്കാൾ മുൻഗണന നൽകും എന്ന പ്രതിജ്ഞ പൂർത്തിയാക്കണമെങ്കിൽ എല്ലാവിധ നിരർഥക കാര്യങ്ങളിൽ നിന്നും നാം സ്വയം രക്ഷപെടുത്തേണ്ടതുണ്ട്.

തഖ്‌വയെ പരാമർശിച്ച്കൊണ്ട് ഒരവസരത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുകയുണ്ടായി. വിശുദ്ധ ഖുർആനിൽ തുടക്കം മുതൽ അവസാനം വരെവിധിവിലക്കുകളുടെയും ദൈവികകൽപനകളുടെയും വിശദീകരണം ഉണ്ട്. ചുരുങ്ങിയ നിലയിൽ ഞാൻ പറയാം. ഭൂമിയിൽ കുഴപ്പമുണ്ടാക്കുന്നത് അല്ലാഹു ഒരിക്കലും അനുവദിച്ചു കൊടുക്കുകയില്ല. സൃഷ്ടികളെ ഉണ്ടാക്കിയത് അവനാണ്. ഭൂമിയിൽ കുഴപ്പമുണ്ടാക്കാനല്ല അവനത് ചെയ്തത്. ലോകത്ത് ഐക്യം പ്രചരിപ്പിക്കാൻ അവൻ ഉദ്ദേശിക്കുന്നു. എന്നാൽ തന്റെ സഹോദരന് ദുഃഖം ഏൽപ്പിക്കുകയും അക്രമവും വഞ്ചനയും കാണിക്കുകയും ചെയ്യുന്നയാൾ ഐക്യത്തിന്റെ ശത്രുവാണ്. ഈ തെറ്റായ ചിന്ത ഹൃദയത്തിൽ നിന്ന് വിദൂരപ്പെടുന്നതുവരെ ശരിയായ ഐക്യം പ്രചരിപ്പിക്കുക സാധ്യമല്ല. ഇതാണ് തഖ്‌വയുടെ സൂക്ഷ്മതലം. ഐക്യ ത്തിന്റെ ശത്രുവായ ഒരാളിൽ എങ്ങനെ തഖ്‌വയുണ്ടാകാനാണ്. വളരെ അധികം വ്യാകുലപെടേണ്ടതും ഭയപ്പെടേണ്ടതുമായ കാര്യമാണ്. സ്വസഹോദരന് ദുഃഖമേൽപ്പിക്കുന്നുവെങ്കിൽ നാം ഐക്യത്തിന്റെ ശത്രുവാണ്. വഞ്ചന കാണിക്കുന്നുവെങ്കിൽ നാം ഐക്യത്തിന്റെ ശത്രുവാണ്. ഹൃദയങ്ങളിൽ ദുഷിച്ച ചിന്താഗതികൾ ഉണ്ടാകുന്നുവെങ്കിൽ അത് തഖ്‌വയിൽ നിന്ന് വിദൂരപ്പെടലാണ്. അത്തരം ചിന്തകളിൽ നിന്ന് നാം നമ്മെ സ്വയം രക്ഷപെടുത്തുന്നതിന് വേണ്ടി ശ്രമിക്കേണ്ടതാണ്. അപ്പോഴാണ് നമുക്ക് ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് ചെയ്ത പ്രതിജ്ഞ പൂർത്തിയാക്കാൻ സാധിക്കുക.

അല്ലാഹു നമ്മെ യഥാർത്ഥ തഖ്‌വയിൽ ചരിക്കുന്നവരാക്കിത്തീർക്കട്ടെ. ഈ ബലിപെരുന്നാൾ നമുക്ക് ബലിയുടെ ശരിയായ ഗ്രാഹ്യവും അറിവും നൽകുന്നതായി തീരട്ടെ. നാം നമ്മുടെ ആത്മാവിനെ എല്ലാവിധത്തിലുള്ള തിന്മകളിൽ നിന്നും പരിശുദ്ധമാക്കിത്തീർക്കാൻ പരിശ്രമിക്കുന്നവരായിതീരട്ടെ. അല്ലാഹു സന്തോഷവാർത്ത നൽകുന്നവരിൽ ഉൾപ്പെടുന്നവരായി തീരട്ടെ.

ഇന്ന് ഈ ഖുർബാനിയുടെ പെരുന്നാളിൽ തങ്ങളുടെ ജീവൻ ജമാഅത്തിന് വേണ്ടി ഖുർബാൻ ചെയ്തവരെയും ദുആകളിൽ ഓർക്കുക. അല്ലാഹു അവരുടെ പദവികൾ ഉയർത്തുമാറാകട്ടെ. അവരുടെ തലമുറകളെയും മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തുമായി ബന്ധപ്പെടുത്തി നിർത്തുമാറാകട്ടെ. അവരെ ചേർത്തു നിർത്തുമാറാകട്ടെ. ആത്യാഗം ചെയ്തവർക്കായി, അവരുടെ മക്കൾക്കായി, അവരുടെ തലമുറകൾക്കായി, ശുഹദാക്കളുടെ തലമുറകൾക്കായി, അവരുടെ അതായത് ശുഹദാക്കൾ ചെയ്ത ദുആകൾ സ്വീകരിക്കപ്പെടുമാറാകട്ടെ.

അതുപോലെ പ്രാരംഭകാലത്ത് വലിയ ത്യാഗങ്ങൾ ചെയ്ത് വിദൂര രാജ്യങ്ങളിൽ പോയ മുബല്ലിഗീങ്ങളുടെ പദവികൾ ഉയർത്തുന്നതിനു വേണ്ടിയും ദുആ ചെയ്യുക. അവർ പൂർണ്ണമായും അന്ധകാരത്തിൽ മുങ്ങികിടക്കുകയായിരുന്ന സമുദായങ്ങളിലേക്ക് ഇസ്‌ലാമിന്റെ യഥാർത്ഥ സന്ദേശം എത്തിച്ചു. അല്ലാഹു ആ മുബല്ലിഗിങ്ങളുടെ തലമുറകളിലും ആത്മാർത്ഥതയുംകൂറും ഈമാനും ദൃഢവിശ്വാസവും സംജാതമാക്കുമാറാകട്ടെ. അവ നിലനിർത്തുമാറാകട്ടെ. അതുപോലെ ഇപ്പോൾ ദീനിന് വേണ്ടി ത്യാഗം ചെയ്യുന്നവരെയും ഇസ്‌ലാമിന്റെ സന്ദേശം എത്തിച്ച് കൊണ്ടിരിക്കുന്നവരെയും ദുആകളിൽ ഓർക്കുക. അല്ലാഹു അവർക്ക് എല്ലായ്പ്പോഴും തഖ്‌വയിൽ ചരിച്ച്കൊണ്ട് ഇസ്‌ലാമിന്റെ സന്ദേശം എത്തിക്കുന്നതിനുള്ള തൗഫീഖ് നല്കുമാറാകട്ടെ. എല്ലാവിധത്തിലുള്ള സ്വേച്ഛയുടെ കലർപ്പിൽ നിന്നും പരിശുദ്ധരാക്കി കൊണ്ട് ദീനിന് സേവനം ചെയ്യുന്നവരായി അവർ മാറട്ടെ. അവരുടെ ത്യാഗങ്ങളും സ്വീകരിക്കുമാറാകട്ടെ. ദൈവമാർഗത്തിൽ തടവിലാക്കപെട്ടവർക്ക് വേണ്ടിയും ദുആ ചെയ്യുക അല്ലാഹു പെട്ടന്ന് തന്നെ അവരുടെ മോചനത്തിനുള്ള മാർഗം ഒരുക്കട്ടെ. ആരാണോ അക്രമപരമായ നിയമങ്ങൾ കാരണം ദീർഘ

**ശേഷം പേജ് 43 ൽ**

# മനുഷ്യശരീരത്തിനകത്തെ വിവിധ സന്തുലനങ്ങൾ

മനുഷ്യൻ ആരോഗ്യവാനായി സന്തോഷപൂർവ്വം ജീവിക്കുന്നത് ശരീരത്തിലും പരിസ്ഥിതിയിലും സംവിധാനിച്ച സംന്തുലന വ്യവസ്ഥ കൊണ്ടാണ്. മനുഷ്യന്റെ അവിവേകപൂർണ്ണമായ ഇടപെടൽ കൊണ്ടുണ്ടാവുന്ന അസംന്തുലിതത്വം പോലും ഔദാര്യ പൂർവ്വം ഈ ദൈവിക വ്യവസ്ഥയിൽ പരിഹരിക്കപ്പെടുന്നു.

**ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)**

(ഖലീഫത്തുൽ മസീഹ് നാലാമൻ)

ഈ വസ്തുത ഒന്നുകൂടി വിശദമാക്കാൻ നമുക്ക് വീണ്ടും എല്ലാ ജീവികൾക്കും ദിനേന ആവശ്യമായ പഞ്ചസാരയുടെ അളവിന്റെ ഉദാഹരണത്തിലേക്ക് നോക്കാം. അമിത ഭോജനത്തിന്റെ ദോഷഫലങ്ങളിൽ നിന്നും രോഗിയുടെ രക്ഷക്ക് ഉദാരത എന്ന ഘടകം എപ്രകാരമാണ് പ്രവർത്തിക്കുന്നതെന്നും രോഗിയുടെ ആരോഗ്യത്തെ പ്രതിരോധിക്കാൻ ഉദാരത എന്താണ് ചെയ്യുന്നതെന്നും നോക്കാം. ഉദാഹരണത്തിന് പാൻക്രിയാസ് ഗ്രന്ഥി കൃത്യമായ അനുപാതത്തിൽ ഇൻസുലിൻ ഉദ്പാദിപ്പിക്കുകയാണെങ്കിൽ ഇത് ദിനംപ്രതിയുള്ള ശരീരാവശ്യത്തിന് മതിയാവുമായിരുന്നു. അതിലധികം വേണ്ടിവരില്ല. ഔദാര്യത്തിന്റെ പ്രവർത്തനത്തിന്റെ ആവശ്യം ഇവിടെ വേണ്ടിവരുമായിരുന്നില്ല. എന്നാൽ ദൈവം പാൻക്രിയാസ് ഗ്രന്ഥിക്ക് അതിന്റെ സാധാരണ ഉദ്പാദന ക്ഷമതയേക്കാൾ അധികം ഉദ്പാദിപ്പിക്കാനുള്ള കഴിവ് നൽകിയിട്ടുണ്ട്. ഒരു ആരോഗ്യവാനായ വ്യക്തി പഞ്ചസാര ആവശ്യമായതിൽ പല മടങ്ങ് കൂടുതലായി ഉപയോഗിക്കുകയാണെങ്കിലും മിക്കവാറും അയാൾ അതിന്റെ പ്രത്യാഘാതത്തിൽ നിന്നും രക്ഷപ്പെടുന്നതായിരിക്കും. ദൈവത്തിന്റെ ഉദാരത നമുക്ക് ഇതിൽ കാണാൻ സാധിക്കും.

ഇവിടെ ഒരുകാര്യം ശ്രദ്ധിക്കുന്നത് കൗതുകകരമാണ്. പാൻക്രിയാസ് ഗ്രന്ഥി തകരാറായി എന്നിരിക്കട്ടെ. ആവശ്യത്തിന്റെ ഏഴിലൊന്ന് ഇൻസുലിൻ മാത്രമെ പാൻക്രിയാസ് ഉദ്പാദിപ്പിക്കുന്നുവെങ്കിൽ പോലും ഈ ചെറിയ അളവ് ഇൻസുലിൻ ദൈനംദിന ആവശ്യത്തിന് മതിയായി വരും. ഈ ശാസ്ത്രീയ പ്രതിഭാസത്തിന്റെ നൂലാമാലകൾ മനസ്സിലാകാത്ത സാധാരണക്കാരന്റെ അറിവിലേക്കായി ഇക്കാര്യം അൽപ്പം വിശദമാക്കുന്നത് ഉചിതമായിരിക്കും.

ഇൻസുലിന്റെ ഉപയോഗം യാതൊരർത്ഥത്തിലും യാദൃശ്ചികമല്ല. ജീവികൾക്ക് തനിക്ക് എത്ര അളവ് ഇൻസുലിൻ ആവശ്യമാണെന്ന് അറിവില്ല. അവക്ക് തീറ്റക്കുള്ള സുനിശ്ചിതമല്ലാത്ത കൊതി മാത്രമേയുള്ളൂ. അത് അവയുടെ രുചിക്കനുസരിച്ച് വിശപ്പടങ്ങുവോളം ഭക്ഷിക്കാൻ അവയെ പ്രേരിപ്പിക്കുന്നു. ഒരു ഘട്ടമെത്തിയാൽ തീറ്റി നിർത്താനുള്ള താക്കീത് ആന്തരികമായി അവക്ക് നൽകപ്പെടുന്നു. തീറ്റി നിർത്താനുള്ള ഈ ആന്തരിക സംവിധാനം ജീവികളിൽ ഇല്ലായിരുന്നുവെങ്കിൽ അവയുടെ അമിത തീറ്റി പ്രിയം മൂലം ലോകത്ത് ഒരു നിശ്ചിത തോത് ആളുകൾ ഭക്ഷണം കിട്ടാതെ മരിക്കുമായിരുന്നു. സാധാരണ ഒരു ആരോഗ്യമുള്ള മൃഗത്തിൽ പോലും ഇൻസുലിൻ ഉദ്പാദനത്തിൽ നിയന്ത്രിതമായ വ്യത്യാസങ്ങളുണ്ട്. വിശ്രമത്തിലിരിക്കുന്ന ഒരു ജീവിക്ക് അൽപ്പം ഇൻസുലിൻ മാത്രമേ ആവശ്യമുള്ളൂ. അത് പെട്ടെന്ന് അക്രമാ

സക്തമാവുകയോ ഉത്തേജിതമായി പ്രവർത്തന നിരതനാവുകയോ ചെയ്താൽ ശരീരത്തിൽ ആനുപാതികമായി ഉയർന്ന രീതിയിൽ ഇൻസുലിൻ സ്രവിപ്പിക്കപ്പെടുന്നു. പക്ഷേ ഇപ്രകാരം സ്പോർട്സിലും ഗയിംസിലും ഉന്നതമായ മികവിൽ എത്തിച്ചേരാൻ സാധ്യമാകുന്നില്ല. പ്രത്യേകിച്ച് ഒളിമ്പിക്സിൽ പങ്കെടുക്കുന്ന മിക്ക കായികതാരങ്ങളും അവർ മെഡൽ വാങ്ങുന്നതിന്ന് മുമ്പായി പെട്ടേക്കാം.

ആരോഗ്യമുള്ള മനുഷ്യ ശരീരത്തിന് സമീകൃതാഹാരം ലഭിക്കുകയാണെങ്കിൽ അതിലെ ഉപാചയ വിസർജ്യങ്ങൾ പുറംന്തള്ളുന്ന പ്രവർത്തനങ്ങൾ നിർവ്വഹിക്കാൻ ഒരു നിശ്ചിത അളവ് വലുപ്പവും ഭാരവും കിഡ്നിക്ക് ആവശ്യമാണ്. ഒരുകാര്യം ഓർക്കുക ദൈന വിസർജ്യങ്ങൾ പുറംന്തള്ളുന്നതിനുള്ള ആവശ്യങ്ങളെക്കാൾ കിഡ്നിയുടെ കഴിവ് വളരെ അധികമാണ്. കിഡ്നിയുടെ 8 ൽ 1 വലുപ്പം മാത്രമേ ദൈനം ദിന പ്രവർത്തനങ്ങൾ നിർവ്വഹിക്കാൻ ആവശ്യമുള്ളു. അമിതാഹാരം മൂലമുണ്ടാകുന്ന രോഗങ്ങൾ അല്ലെങ്കിൽ യാദൃശ്ചിക രോഗങ്ങൾ ഇവയെ തടയാൻ ആഘാത പ്രതിരോധ സംവിധാനം കൂടുതലായി ആവശ്യമില്ല. അത് ***ഇഹ്സാൻ***ന്റെയും ***ഇതായി ദിൽ ഖുർബാ***യുടെയും കൂട്ടായ അത്ഭുത പ്രവർത്തനമാണ്.

നിരന്തരമായി നീതിയുടെ ശാസനകളോടും ദൈവത്തിന്റെ ഔദാര്യങ്ങളോടും അവഗണന കാണിക്കുകയും മനുഷ്യന്റെ കിഡ്നിയുടെ 8ൽ 7ഭാഗം പ്രവർത്തന രഹിതമായാലും മനുഷ്യന് ആരോഗ്യമുള്ള ഒരു ആളായി തുടരാനാവും. മനുഷ്യന് അവന്റെ ആരോഗ്യപാഠങ്ങൾ പഠിക്കാനുള്ള സാവകാശം നൽകി സാധാരണ നിലയിലേക്ക് തിരിച്ചു വരാനുള്ള അവസരം അത് നൽകുകയും ചെയ്യുന്നു.

അങ്ങനെ പല അവസരങ്ങളിലും കേവല നീതിയും ഔദാര്യവും പരസ്പരം അതിവർത്തിക്കാതെ രണ്ടും ഒരുപോലെ പൂത്തുലയുന്നത് നമുക്ക് കാണാനാകും. എതായാലും ഈ രണ്ട് വരദാനങ്ങളും തമ്മിൽ ഏറ്റുമുട്ടുന്ന എന്തെങ്കിലും അപകട സന്ധി സംജാതമായാൽ ഔദാര്യത്തിന് പ്രവർത്തിക്കാനുള്ള അവസരം നൽകപ്പെടില്ല. അവിടെ കേവലനീതിയാണ് നിലനിൽക്കുക. ഔദാര്യം കടന്നു വരികയാണെങ്കിൽ നീതി ബലികഴിക്കപ്പെടേണ്ടി വരും. അതായത് ഔദാര്യം പ്രകടിപ്പിക്കണമെങ്കിൽ നീതിയുടെ ചിലവിലായിരിക്കും അത് നിർവ്വഹിക്കപ്പെടുക. നീതിയുമായി എത്രമാത്രം ഔദാര്യത്തിന് സഹവർത്തിത്വം സാദ്ധ്യമാവുമോ അത്വരെ ഔദാര്യത്തിന് നിലനിൽക്കാനും പ്രവർത്തിക്കാനും സാധിക്കും. ഔദാര്യം എന്നത് ഉന്നത നിലയിലുള്ള ഒരു ക്രമമാണ്. നീതി എന്നത് ഏറ്റവും അടിസ്ഥാനമായിട്ടുള്ളതുമാണ്. അടിസ്ഥാനങ്ങൾ ഒരിക്കലും തന്നെ അധികാരത്തിന്റേയോ തിരഞ്ഞെടുപ്പിന്റേയോ ആൾത്താരയിൽ ബലിയായി കൂടാ. ഈ വിഷയകമായി പരിശുദ്ധ പ്രവാചകൻ പറഞ്ഞു:

**ഒരു അവിശ്വാസി ഒരു വിശ്വാസിയേക്കാൾ ഏഴ് ഇരട്ടി അധികം ഭക്ഷിക്കുന്നു.**

ഈ ഹദീസ് ദഹനവ്യവസ്ഥയുടെ കഴിവിന്റെ മാക്സിമം മിനിമം പരിധികൾ സൂക്ഷ്മമായി വെളിപ്പെടുത്തുന്നു.

ഇൻസുലിന്റെ കുറവ് കൂടാതെ നൂറുക്കണക്കിന് മറ്റു കാരണങ്ങളും പ്രമേഹ രോഗത്തിന് കാരണമാകുന്നു. ആയതിനാൽ പാൻക്രിയാസ് സാധാരണ രീതിയിൽ പ്രവർത്തിക്കുയാണെങ്കിൽ പ്രമേഹ രോഗിക്ക് ഇൻസുലിൻ കുറവ് അതിജീവിക്കാൻ സാദ്ധ്യമാവുന്നു. രക്തത്തിൽ പഞ്ചസാര ആഗിരണം ചെയ്യുന്ന അത്തരം നിരവധി സങ്കീർണ്ണമായ ഘടകങ്ങൾ ശാസ്ത്രജ്ഞന്മാർ കണ്ടുപിടിച്ചിട്ടുണ്ട്. അന്തിമ വിശകലനത്തിൽ തികഞ്ഞ രീതിയിൽ സമീകൃതമായ ആഹാരക്രമത്തിൽ തന്നെയാണ് എപ്പോഴും ഊന്നൽ നൽകേണ്ടത്. അല്ലെങ്കിൽ അതിന്റെ മറുവാക്കായ നീതിയിലാണ് ഊന്നൽ നൽകേണ്ടത്.

## കാൽസിയം

ഒരു മൃഗത്തിന്റെ ആരോഗ്യം നല്ലരീതിയിൽ നിലനിർത്താൻ കാൽസിയവും പ്രധാനപ്പെട്ട ഒരു പങ്കാണ് വഹിക്കുന്നത്. നേരിയ തോതിൽ പോലും കാൽസിയം സംന്തുലനത്തിൽ എന്തെങ്കിലും കുഴപ്പം സംഭവിച്ചെങ്കിൽ ആ ജീവിയുടെ ആരോഗ്യത്തിന് അത് ഗുരുതരമായ തകരാറുണ്ടാക്കും. ഈ അർത്ഥത്തിൽ രോഗവും ആരോഗ്യവും തമ്മിലുള്ള വ്യത്യാസം രക്തത്തിലെ ഗ്ലൂക്കോസിന്റെ അളവ് വ്യത്യാസത്തേക്കാൾ നേരിയതാണ്. കാൽസിയത്തിന്റെ നേരിയ തോതിലുള്ള ഉയർച്ചയും താഴ്ച്ചയും പോലും ഗുരുതരമായ ആരോഗ്യ പ്രത്യാഘാതങ്ങളുണ്ടാക്കും. മരണം പോലും സംഭവിക്കാം. കന്നുകാലികളിൽ സാധാരണമല്ലാത്ത ഒരു രോഗത്തെപറ്റിയുള്ള പഠനം കാൽസിയം സാന്നിദ്ധ്യത്തിന്റെ പ്രാധാന്യം വെളിപ്പെടുത്തുന്നതാണ്. കന്നുകാലികളുടെ ശരീരത്തിൽ ശരിയായ രീതിയിലുള്ള കൃത്യമായ കാൽസിയം അനുപാതം ഉണ്ടായിരിക്കണം എന്നാണ് പഠനത്തിന്റെ സൂചന.

ചിലപ്പോൾ വൈറസ് മൂലമോ പരിസ്ഥിതി ഘടകങ്ങളാലുള്ള കാരണങ്ങൾകൊണ്ടോ കാലികൾക്ക് പെട്ടെന്ന് ഊർജ്ജ ക്ഷയം സംഭവിക്കുന്നു. പുറമേ നിന്നുള്ള കാരണങ്ങളൊന്നുമില്ലാതെ ഇങ്ങനെ സംഭവിക്കുന്നത് കർഷകനെ അന്താളിപ്പിക്കുന്നു. ഉദാഹരണത്തിന് തലേന്ന് രാത്രി പൂർണ്ണ ആരോഗ്യമുള്ള ഒരു പശു കാൽ കുഴഞ്ഞു വീഴുന്നു. ചത്തത് പോലെ എഴുന്നേൽക്കാൻ വയ്യാതാവുന്നു. പനിയോ രോഗത്തിന്റെ യാതൊരു ലക്ഷണമോ ഇല്ല. മരണത്തിലേക്ക് പെട്ടെന്ന് വഴുതിവീഴുകയായിരുന്നു. ഒരു

വെറ്ററിനറി സർജന് കൃത്യസമയത്ത് തയ്യാറാക്കിയ കാൽസിയം ലായിനി കുത്തിവെച്ചെങ്കിൽ തീർച്ചയായും ആ കന്നിനെ രക്ഷിക്കാൻ കഴിയുമായിരുന്നു. കാൽസിയം ഒരു മിനിമം ലെവലിൽ കുറയാൻ പാടില്ല എന്ന് പറയുന്നതിന്റെ പ്രാധാന്യം ഇതാണ്. ഒരു ആരോഗ്യമുള്ള മനുഷ്യന് മിനിമം 9.2% വും മാക്സിമം 10.4 % വും കാൽസിയം ആവശ്യമാണ്.

ചിലപ്പോൾ മനുഷ്യനിൽ ഉണ്ടാകുന്ന നിരന്തരമായ അധികരിച്ചു വരുന്ന ബലക്ഷയം കാൽസിയത്തിന്റെ ക്രമികമായ കുറവു മൂലമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. മനുഷ്യനിൽ കാൽസിയത്തിന്റെ ലോലമായ അളവ് ഒരിക്കലും തകരാറിലായികൂടാ എന്ന തത്വമാണ് ഇത്‌വരെ മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളത്. ഇത് മനുഷ്യന്റെ ആരോഗ്യത്തിന് അപകടമാണ്. ശാസ്ത്രജ്ഞന്മാരുടെ തലമുറകൾ പരിശ്രമിച്ചാലും ഒരു പക്ഷേ ഈ ലോലമായ സംന്തുലന പാലനത്തിന്റെ എല്ലാ ഘടകങ്ങളെപറ്റിയും മനസ്സിലാക്കാൻ സാദ്ധ്യമാവില്ല.

മനുഷ്യശരീരത്തിന്റെ സംഘാടനത്തിൽ കാൽസിയത്തിന്റെ പങ്ക് വളരെ സങ്കീർണ്ണമായ ഒന്നാണ്. കാൽസിയം ഫോസ്ഫേറ്റാണ് മനുഷ്യന്റെ അസ്ഥികൂടത്തിന് ദൃഢത നൽകുന്നത്. കാൽസിയം സാൾട്ടാണ് എല്ലിനും പല്ലിനും കാഠിന്യം നൽകുന്നത്. കോശങ്ങളെ പൊതിയുന്ന ആവരണ കലകൾക്ക് കാഠിന്യം നൽകുന്നതും കാൽസിയം സാൾട്ടാണ്. കോശങ്ങളുടെയും പല്ലുകളുടെയും മോശം സ്ഥിതിക്കും അമിതമായ ഉത്തേജനശീലത്തിനും സാധ്യമാവുന്ന കാരണങ്ങൾ കാൽസിയത്തിന്റെ കുറവിനെയാണ് സൂചിപ്പിക്കുന്നത്. അതേ സമയം കാൽസിയത്തിന്റെ അമിതത്വം മാനസികമായ വിഭ്രാന്തിക്കും മാനസിക മാന്ദ്യത്തിനും വഴിവെക്കും.

ഒരു കോശത്തിന്നകത്തെ ജീവനുള്ള പ്രോട്ടോപ്ലാസം (ജീവദ്രവ്യം) ആവരണം ചെയ്തിരിക്കുന്ന് കട്ടിയായ ഒരു സ്തരം കൊണ്ടാണ്. ആ ആവരണത്തിലെ കാൽസിയത്തിന്റെ അപര്യാപ്തത അതിന്റെ ദൃഢത ഇല്ലാതാക്കും. തുടർന്ന് കോശത്തെ ദുർബലമാക്കുകയും ചെയ്യും. കോശസ്തരം ദുർബലമാകുന്നത് കാരണം കോശദ്രവ്യം പുറമേക്ക് വീർത്ത് നിൽക്കും. മനുഷ്യനെ സംബന്ധിച്ചേടത്തോളം കാൽസ്യയത്തിന്റെ ആഗിരണം അത് എന്ത് ഭക്ഷിക്കുന്നു എവിടെ ജീവിക്കുന്നു എന്നതിനെ ആശ്രയിച്ചിരിക്കും. അതിനാൽ കാൽസിയം ആഗിരണത്തിലെ എന്തെങ്കിലും കുറവോ അധികമോ ആ ആളിനെ രോഗത്തിന് വിധേയമാക്കുന്നു. അസ്ഥികോശത്തിലെയും രക്തകുഴലിലേയും കാൽസിയത്തിന്റെ അസന്തുലിതത്വവും താഴെക്കാണുന്ന തകരാറുകൾക്ക് കാരണമാകുന്നു.

വാസോഡിലേഷൻ (Vasodilation - വാഹിനി വികാസം) രക്തസമ്മർദ്ദം കുറയാൻ കാരണമാകും. ഹൃദയ പേശികളുടെ സങ്കോചം കുറക്കും. എല്ലാ കോശങ്ങളുടെ കലകൾക്കുണ്ടാകുന്ന മാറ്റങ്ങൾ കണരോഗ (Rickets) ത്തിന് കാരണമാകും. മാരകമായ ഓസ്റ്റിയോ ആർതിറ്റിസ് (Osteoarthritis) കാരണമാകും. കാൽസിയത്തിന്റെ അനുപാതം തകരാറിലാവുന്ന ഒരു അസ്ഥി രോഗമാണിത്. നെഞ്ച് വേദനയും ഇത്കൊണ്ടുണ്ടാകും. കാൽസിയം ലെവൽ കുറഞ്ഞുപോയാൽ രക്ത സമ്മർദ്ദം കുറയുകയും അത് മസ്തിഷ്ക്ക കോശങ്ങൾക്കും മറ്റു കോശകലകൾക്കും സ്ഥിരമായ ആഘാതം ഏൽപ്പിക്കുകയും ചെയ്യും.

ദൈവം മനുഷ്യന്റെ ശരീരത്തിലെ കാൽസിയം സംന്തുലനം നിലനിർത്താൻ യഥാക്രമം മറ്റൊരു സുരക്ഷാ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കാൽസിയത്തിന്റെ അതിലോലമായ സംന്തുലനം നിലനിർത്താൻ ചുമതലയുള്ള നിരവധി സങ്കീർണ്ണമായ ഘടകങ്ങളുണ്ട്. സങ്കീർണ്ണമായ അവ തമ്മിൽ പരസ്പരം ബന്ധപ്പെട്ടതാണ്. പരസ്പരം ബന്ധപ്പെട്ടതും ഗുണദോഷിക്കുന്നതുമായ സംവിധാനത്തെ ***സൂറ: അശ്ശംസിലെ 9-ാം വചനത്തിലെ* തഖ്‌വ*** എന്ന പദവുമായി ബന്ധപ്പെടുത്താവുന്നതാണ്. ഈ പരിപ്രേക്ഷ്യത്തിൽ അതിന്റെ അർത്ഥം ഇങ്ങനെയാവാം.

നാം ജീവന്റെ നിർമ്മാണ സാമഗ്രികളിലേക്ക് കണക്ക് കൂട്ടി നോക്കി. അപകട മേഖലകളെ സംബന്ധിക്കുന്ന നിർദ്ദേശങ്ങൾ ഒഴിവാക്കേണ്ടതുണ്ട്. അതുപോലെ എങ്ങനെ അവ ഒഴിവാക്കണം എന്ന വിശദമായ നിർദ്ദേശവും നൽകപ്പെടണം. കാൽസിയം സംന്തുലനത്തിനും സദാസമയവും സുരക്ഷ ഉറപ്പാക്കിയുള്ള ആന്തരികമായ നിരവധി ക്രമീകരണ സംവിധാനങ്ങൾ അതിന് മുകളിലുണ്ട്. പരിഹാരക്രിയകൾക്ക് വേണ്ട വിളിക്ക് കാതോർത്ത് അവ നിൽക്കുന്നു. പരിഹാരത്തിനായി എന്തെങ്കിലും വിളിവന്നാൽ ഉടൻ പ്രതികരിച്ച് വേണ്ട പരിഹാരക്രിയകൾ ചെയ്യാനായി സർവ്വ സജ്ജീകരണത്തോടെയുള്ള ഗ്രന്ഥിവ്യവസ്ഥ സംവിധാനവുമുണ്ട്.

രക്തത്തിനും മൃദുകലകൾക്കും (Soft Tissues) വേണ്ടി ഒരു ചെറിയ അളവ് കാൽസിയം മാത്രമേ ആവശ്യമായുള്ളൂ. ബാക്കി കാൽസിയം മുഴുവൻ എല്ലുകളിലും പല്ലുകളിലും ശേഖരിച്ചു വെച്ചിരിക്കയാണ്. രക്തത്തിലെ കാൽസിയത്തിന്റെ കുറവുണ്ടെങ്കിൽ എല്ലിലെ കാൽസിയം ശേഖരത്തിൽ നിന്നും ആ കുറവ് നികത്തപ്പെടും. കാൽസിയം വിതരണം മൂലമുണ്ടാകുന്ന കുറവ് നികത്താൻ ശരീരം ഭക്ഷണ

***സൂറ: അശ്ശംസിലെ 9-ാം വചനം:** എന്നിട്ടവൻ (അല്ലാഹു) അതിന് അതിന്റെ അധാർമികതയും സാത്വികതയും (വതഖ്‌വാഹാ) ബോധനം ചെയ്തു.

ത്തിൽ നിന്നും യഥാക്രമം അത് ആഗിരണം ചെയ്തു നികത്തും. ഭക്ഷണം കഴിക്കുന്നത് കുറവാണെങ്കിൽ അതിനർത്ഥം ആഗിരണം കൂടുതലാണ് എന്നാണ്. കൂടുതൽ ഭക്ഷണം കഴിച്ചാൽ അധികം വരുന്ന കാൽസിയം പരമാവധി അളവ് എത്തുന്നത് വരെ എല്ലുകളിൽ ശേഖരിച്ചുവെക്കുന്നു. പിന്നെ വയറിൽ നിന്നുള്ള ആഗിരണത്തിന്റെ അളവ് കുറക്കുകയും ചെയ്യുന്നു. കാൽസിയത്തിന്റെ ആഗിരണം വിറ്റാമിൻ ഡി യുടെ സാന്നിദ്ധ്യം അധികരിപ്പിക്കുന്നു. ഉഷ്ണമേഖലാ രാജ്യങ്ങളിൽ ഭക്ഷണത്തിൽ കാൽസിയം കുറവാണെങ്കിൽ പോലും ശരീരത്തിന് സൂര്യപ്രകാശത്തിൽ നിന്നും കൂടുതൽ വിറ്റാമിൻ ഡി ലഭിക്കുമെന്നതിനാൽ ഇവിടങ്ങളിൽ കാൽസിയം ആഗിരണം വളരെ ഫലപ്രഥമായി നടക്കും.

കാൽസിയം സംന്തുലനം പാരാത്തോയ്ഡ് ഗ്രന്ഥികൾ (Parathyroid Glands) ഉൽപാദിപ്പിക്കുന്ന പാരാതോർമോൺ (Parathormone) എന്ന ഹോർമോണിന്റെ നിയന്ത്രണത്തിലാണ്. ഈ പ്രവർത്തനം വിറ്റാമിൻ ഡിയുമായി ചേരുമ്പോൾ ശരീരത്തിന് വേണ്ട കാൽസിയം ആഗിരണവുമായി അത് ഒത്തുപോകുന്നു. കാൽസിയം സംന്തുലനം നിർവ്വഹിക്കുന്ന മറ്റൊരു ഹോർമോണാണ് കാൽസിട്ടോൺ. (Calciton) രക്തത്തിൽ കൂടുതൽ കാൽസിയം ഉണ്ടെങ്കിൽ കൽസിട്ടോൺ അത് എല്ലിലേക്ക് തിരിച്ചെടുക്കുകയും ഏറെ കുറെ കുടലിൽ നിന്നുള്ള കാൽസിയം ആഗിരണം കുറക്കുകയും ചെയ്യുന്നു.

### സോഡിയവും പൊട്ടാസിയവും

മറ്റൊരു വീക്ഷണകോണിൽ നിന്നുകൊണ്ട് ***ഫുജൂറ്*** (അധാർമികത), ***തഖ്‌വ*** (സാത്വികത) എന്നീ സംവിധാനങ്ങളുടെ പ്രവർത്തനങ്ങൾ നമുക്ക് വിശദീകരിക്കാം. സോഡിയം-പൊട്ടാസിയം എന്നത് ജീവന്റെ പരിപാലനത്തിന് ഏറ്റവും ആവശ്യമായ രണ്ട് ഘടകമാണ്. ഇവ രണ്ടിനുമിടയിൽ ഒരു സംന്തുലനം പാലിക്കേണ്ടിയിരിക്കുന്നു. അതായത് ആവശ്യമായ സോഡിയം -പൊട്ടാസിയത്തിന്റെ അനുപാതം ശരീരത്തിന്റെ വിവിധ ഭാഗങ്ങളിൽ വ്യത്യസ്തമാണ്. ഉദാഹരണത്തിന് എല്ലിനും മാംസത്തിനും സോഡിയത്തെക്കാൾ കൂടുതൽ പൊട്ടാസിയം ആവശ്യമാണ്. എന്നാൽ രക്തകോശങ്ങൾക്ക് പൊട്ടാസിയത്തേക്കാൾ സോഡിയമാണ് ആവശ്യം. ഈ രണ്ട് ലവണങ്ങൾ തമ്മിലുള്ള അസന്തുലിതത്വം അപകടകരമായ അനന്തര ഫലങ്ങളിലേക്ക് നയിക്കപ്പെടും. ഈ രണ്ട് രാസവസ്തുക്കളുടെ ശരീരത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള സംന്തുലനം യാദൃശ്ചികമല്ല. എന്നാൽ അതൊരു സുസംഘടിതമായ ആസൂത്രണ പദ്ധതിയുടെ ഭാഗമാണ്.

അത്പോലെ നാഡിവ്യവസ്ഥയുടെ ആരോഗ്യം സോഡിയത്തെയും പൊട്ടാസിയത്തെയും ആശ്രയിച്ചിരിക്കുന്നു. എന്നാൽ ഓരോ രാസവസ്തുവിനും വേണ്ടിയുള്ള ആവശ്യങ്ങൾ സാഹചര്യങ്ങൾക്കനുസരിച്ച് വ്യത്യാസപ്പെട്ടിരിക്കും. ഒരു നാഡീകോശത്തിൽ നിന്നും മറ്റൊരു നാഡീകോശത്തിലേക്ക് കണ്ണികളിലൂടെയാണ് സന്ദേശം കൈമാറ്റം ചെയ്യപ്പെടുക. ശരീരത്തിന്റെ ഏതൊരു സ്ഥലത്താണോ അത് പ്രക്ഷേപിക്കപ്പെടാൻ ഉദ്ദേശിക്കപ്പെട്ടത് അവിടേക്ക് അത് അവസാനമായി എത്തേണ്ടതുണ്ട്. ഒരു നാഡീകോശത്തിൽ നിന്നും സന്ദേശങ്ങൾ മറ്റൊരു നാഡീകോശത്തിലേക്ക് കൈമാറ്റം ചെയ്യപ്പെടുമ്പോൾ സോഡിയം കോശത്തിലേക്ക് ഒഴുകുകയും പൊട്ടാസിയം പുറത്തേക്ക് പോകുകയും ചെയ്യുന്നു. അതിന്ന് ശേഷം ഈ പ്രവർത്തനം ഉടൻ തന്നെ വിപരീത ദിശയിൽ പോവാതിരിക്കുകയും പൊട്ടാസിയത്തെ മറ്റൊരിടത്തേക്ക് മാറ്റി സാധാരണ നില കൈവരിച്ചില്ലെങ്കിൽ പെട്ടെന്ന് തന്നെ മരണം സംഭവിക്കും.

ഇതിൽ നിന്നും നമുക്ക് ഖുർആനിലെ ****ഫസവ്വാക്ക ഫ അദലക്ക (സൂറ: അൽ ഇൻഫിതാർ 82: 8)*** എന്ന പ്രതിപാദനത്തിന്റെ അർത്ഥം നിഗമിച്ചെടുക്കാം. നമ്മുടെ ശരീരത്തിൽ നിലനിൽക്കുന്ന സമഗ്ര സങ്കീർണ്ണമായ സംന്തുലന പ്രവർത്തനവും പ്രതിസംന്തുലന പ്രവർത്തനവും ഈ സംഗ്രഹിത ഖുർആനിക ശൈലിയിൽ സംക്ഷേപിച്ചിരിക്കുന്നു.

### കോശ വിഭജനം

കോശ വിഭജന പ്രക്രിയ വളരെ കൗതുകകരമായ ഒന്നാണ്. എല്ലാ ഓരോ ഏഴു വർഷം കൂടുമ്പോഴും അതിസങ്കീർണ്ണമായ അപചയ പ്രവർത്തനത്തിന് (Catabolism) കീഴിൽ ശരീരത്തിലെ ഓരോ കോശവും പുനസ്ഥാപിക്കപ്പെടുന്നു. അപചയ പ്രവർത്തനം എന്നത് കോശങ്ങൾ നിരന്തമായി ഉപഭോഗിക്കപ്പെടുകയും നശിപ്പിക്കപ്പെടുകയും ചെയ്യുന്ന പ്രവർത്തനമാണ്. നമ്മുടെ ശരീര പ്രകൃതിക്ക് പൊടുന്നനെ ഒരു മാറ്റം സംഭവിക്കാത്തതിനാൽ നാം അതിനെ പറ്റി ശ്രദ്ധിക്കാറില്ല.

സമയക്രമമനുസരിച്ച് ഒരാൾക്ക് അയാളുടെ ആരോഗ്യം മെച്ചപ്പെടുത്താനും ശരീരഭാരം നിലനിർത്താനം സാധ്യമാവും അല്ലെങ്കിൽ ശരീരശോഷണം സംഭവിക്കുകയോ മെലിയുകയോ ചെയ്യും. എന്നാൽ അയാളുടെ ശരീര വ്യക്തിത്വം അതേപടി നിലനിൽക്കുന്നു. ഉപജയ പ്രവർത്തനത്തിൽ നശിപ്പിക്കപ്പെടുന്ന കോശങ്ങൾ പഴയതിന്റെ

****ഫസവ്വാക്ക ഫ അദലക്ക =*** തികവുറ്റ സംന്തുലനം പാലിക്കുന്നത് വരെ നിന്നെ അനുപാതം ശരിപ്പെടുത്തി അന്യൂനമാക്കുകയും ചെയ്തു, നിന്നെ രൂപപ്പെടുത്തുകയും (നിന്റെ ആന്തരിക ശക്തികളെകുറിച്ച് ) *നിന്റെ പ്രകൃതിയിൽ നല്ലത് പോലെ തുലനപ്പെടുത്തുകയും ചെയ്തു.സൂറ: അൽ ഇൻഫിതാർ 82: 8) ( ഗ്രന്ഥ കർത്താ)*

സ്ഥാനത്ത് പുനസ്ഥാപിക്കപ്പെടുന്നു. ഓരോ പുതിയ കോശങ്ങളും അതിന്റെ പൂർവ്വകോശത്തിന്റെ അതേ രൂപത്തിലാണ് ജനിക്കുന്നത്.

ഇത് വിശദീകരിക്കാൻ ഒരു പക്ഷേ നമുക്കറിയുന്ന ഏറ്റവും സാമാന്യമായ ഉദാഹരണം നമ്മുടെ വിരലടയാളമാണ്. ഒരുനവജാത ശിശുവിന്റെ വിരലടയാളത്തിന്റെ സങ്കീർണ്ണമായ രൂപരേഖാ ഘടന വാർദ്ധക്യത്തിലെത്തുന്നത് വരെ യാതൊരു മാറ്റവും സംഭവിക്കാതെ അതേപടി നിലനിൽക്കുന്നു.

ഈ സംവിധാനം ***അദ്ൽ*** (കേവല നീതി) മായി ബന്ധപ്പെട്ട് മനുഷ്യശരീരത്തിൽ നിലനിൽക്കുന്നു. ശരീരാവയവങ്ങൾക്ക് നിരന്തരമായ കേടുപാടുകൾ തീർക്കേണ്ടതുണ്ട്. എല്ലാ അവയവങ്ങളും അവയുടെ പ്രവർത്തന പ്രക്രിയകൾക്കനുസരിച്ച് കോശങ്ങൾ നഷ്ടപ്പെടുകയും അതിന്റെ മുറക്ക് അവ പുനസ്ഥാപിക്കപ്പെടുകയും ചെയ്തില്ലെങ്കിൽ അവയവങ്ങളുടെ വലിപ്പം കുറഞ്ഞുപോവും. കോശങ്ങൾ നഷ്ടപ്പെടുന്നതിനേക്കാൾ അധികമാണ് അവ വിതരണം ചെയ്യപ്പെടുന്നതെങ്കിൽ അവയവത്തിന്റെ വളർച്ച അവ രൂപകൽപ്പന ചെയ്യപ്പെട്ട വലുപ്പത്തേക്കാൾ തുടർന്നുകൊണ്ടേയിരിക്കും. മറിച്ച് ആവശ്യമുള്ളതിനേക്കാൾ കുറവാണെങ്കിൽ അവയവം സങ്കോചിക്കുകയും ചെയ്യും.

ഉപഭോഗിച്ചു കഴിഞ്ഞ കോശത്തിന്റെ നഷ്ടത്തിനനുസരിച്ച് കൃത്യമായി കോശങ്ങൾ പുനർവിതരണം ചെയ്യപ്പെടുന്നില്ലെങ്കിൽ ഒരു അസംന്തുലിതത്വം ആവിർഭവിക്കും. ഈ തത്വം എതൊരു അവയവങ്ങൾക്കും പ്രയോഗിച്ചാൽ അതിന്റെ ആതുരപൂർണ്ണമായ അനന്തര ഫലം മുൻകൂട്ടി ഗ്രഹിക്കാനാവും. ഉദാഹരണത്തിന് നമ്മുടെ നേത്രഗോളമെടുക്കാം. ദൈനംദിന ജീവിതത്തിൽ നാം കണ്ണിനെ ഉപയോഗിക്കുമ്പോൾ കണ്ണിന്റെ എല്ലാ ജീവകോശങ്ങളേയും നാം ഉപയോഗിക്കുന്നു. ഉപഭോഗത്തേക്കാൾ കൂടിയ നിരക്കിലാണ് കണ്ണ് കോശങ്ങളുടെ പുനസ്ഥാപനം നടക്കുന്നതെങ്കിൽ കണ്ണ് ഗോളം അതിന്റെ സോക്കറ്റിൽ നിന്നും പുറത്തേക്ക് വളരും. സംന്തുലനം മറുഭാഗത്തേക്കാണ് ചായുന്നതെങ്കിൽ നേത്രഗോളത്തിന്റെ വലുപ്പം കുറയും അത് ഒരു ബിന്ദുവായി ചുരുങ്ങുന്നതുവരെ ഈ സങ്കോച പ്രക്രിയ തുടരും.

ചുരുക്കിപറഞ്ഞാൽ ജീവനുള്ള ഏതൊരു അവയവത്തിന്റെയും സംന്തുലന വ്യവസ്ഥക്ക് തകരാറ് സംഭവിച്ചാൽ അത് അനുപാതത്തിന്റെ പരിധിവിട്ട് വളരുകയോ ചുരുങ്ങി ഇല്ലാതാവുകയോ ചെയ്യും.

## പ്രാണിലോകത്തേക്ക് ഒരു ഉൾക്കാഴ്ച്ച

നാം ഇത്വരെ ചില ഉയർന്ന തരം ജീവികളെകുറിച്ചും മനുഷ്യരെ കുറിച്ചും ചർച്ച ചെയ്തു കഴിഞ്ഞു. നാം ഓർക്കേണ്ട കാര്യം ഈ സംന്തുലന വ്യവസ്ഥ എല്ലാ ജീവിരൂപങ്ങളേയും ചൂഴ്ന്നു നിൽക്കുന്നു എന്നതാണ്. ജീവൽ പ്രക്രിയയുടെ പ്രവർത്തനത്തിൽ നീതിയുടെ പ്രയോഗം എന്നത് എല്ലാം തന്നെ അതിന്റെ നിർമ്മാണ ഘടനയുടെ അഭികൽപ്പിതമായ പരിധിക്കുള്ളിൽ നിൽക്കുക എന്നാണ്. അത് അതിലംഘിക്കാൻ പാടില്ല.

പ്രാണിലോകത്ത് ഇത് പ്രയുക്തമാക്കുമ്പോൾ ഈ നിയന്ത്രണ സംവിധാനം വളരെ അനിവാര്യമാണ്. ഓരോ പ്രാണിക്കും മുൻകൂട്ടി നിർണ്ണിതമായ തലങ്ങളുണ്ട്. നിരന്തരം കർശനമായ നിയന്ത്രണങ്ങളില്ലെങ്കിൽ ഊഹാതീതമായ രീതിയിൽ പ്രാണികൾ അവയുടെ ജീവൻ നിലനിർത്താനാവശ്യമായ ചില ഭക്ഷണ വസ്തുക്കൾ ആഹരിക്കുന്നു. പ്രകൃതി നിയമങ്ങളിലൂടെ അത് നിയന്ത്രിക്കപ്പെട്ടില്ലെങ്കിൽ ഭൂമിയുടെ ഒരറ്റം മുതൽ മറ്റെ അറ്റം വരെ നിറയുമാറ് അവയുടെ എണ്ണം ഭീമാകാരമായി വർദ്ധിക്കുകയും ചെയ്യുമായിരുന്നു. എന്തുകൊണ്ടാണ് ഒരു ഘട്ടമെത്തുമ്പോൾ അവയുടെ വളർച്ച നിൽക്കുന്നത്? ഏത് ശക്തിയാണ് അവയുടെ വളർച്ച ഒരു പരിധിയിൽ ചുരുക്കി നിർത്തുന്നത്? ഈ ചോദ്യങ്ങൾക്ക് ഇത്വരെ തൃപ്തികരമായ ഉത്തരം ലഭിച്ചിട്ടില്ല. അവയെ പരിധിയില്ലാതെ വളരാൻ അനുവദിച്ചാൽ അത് ഒരു കാരുണ്യത്തിന്റെ പ്രവർത്തിയായി കാണപ്പെടും. പക്ഷേ അതിന് കൊടുക്കുന്ന വില എന്താകും? മറ്റെല്ലാ ജീവജാലങ്ങളേയും അതിന് വേണ്ടി ബലികഴിക്കപ്പെടേണ്ടി വരും.

മനുഷ്യന്റെ സാങ്കേതിക ഭാഷയിൽ സംന്തുലനം അഥവാ കേവലനീതി എന്നത് സ്വയം യാന്ത്രികമായി പാലിക്കപ്പെടേണ്ട ഒന്നല്ല. അതായത് സ്വയം നിയന്ത്രിക്കപ്പെടേണ്ടതല്ല. അത് ചില ശക്തികൾ കടിഞ്ഞാണിട്ട് നിയന്ത്രിക്കേണ്ട ഒന്നാണ്. ഇതിന് മുമ്പ് നാം ശരീരത്തിനകത്തുള്ള അവയവങ്ങളുടെ വളർച്ചയെ സംബന്ധിച് പ്രതിപാദിച്ചിരുന്നു. മേൽ പറഞ്ഞ മൃഗങ്ങളിലെ പല്ല്, നേത്രഗോളം മുതലായവ നിയന്ത്രിക്കുന്ന മെക്കാനിസത്തെകുറിച്ച് ചർച്ച ചെയ്തിരുന്നു. ഇത് എല്ലാ ജീവിവർഗ്ഗങ്ങൾക്കും ബാധകമായിട്ടുള്ളതാണ്.

അഹോ കഷ്ടം മനുഷ്യൻ നന്ദികെട്ടവനാണ്. ധിഷണാ ശാലിയായിട്ടും അവൻ ചിന്താശൂന്യനായി കാണപ്പെടുന്നു. പ്രപഞ്ചത്തിലെ ഓരോ കണവും സർവ്വശക്തനായ ദൈവത്തിന്റെ അസ്തിത്വത്തിന് സാക്ഷ്യം വഹിച്ചിട്ടും അവൻ നന്ദികാണിക്കുന്നില്ല.

## രോഗവും അസന്തുലിതത്വവും

മനുഷ്യൻ അവന്റെ യഥാർത്ഥ മൂല്യത്തെ പറ്റി പരിചിന്തനം ചെയ്തിരുന്നുവെങ്കിൽ അവൻ കൈകുമ്പിളോളം വരുന്ന വെറും പൊടികണങ്ങളല്ലതെ മറ്റൊന്നുമല്ല എന്ന് കാണാം. മനുഷ്യന്റെതായി ഒന്നുമില്ലെന്നിരിക്കെ അവൻ അഹംങ്കരിക്കുന്നതെല്ലാം മിഥ്യാഭി

മാനം മാത്രമാണ്. എല്ലാം അല്ലാഹുവിന്റെതാണ്. മനുഷ്യന് തികവുറ്റ ഒരു ശരീരമാണ് നൽകപ്പെട്ടത്. എന്നാൽ ആരോഗ്യമുള്ളപ്പോൾ സംന്തുലനാത്മകമായ അതിബൃഹത്തായ ഒരു സങ്കീർണ്ണ വ്യവസ്ഥയെ ആശ്രയിച്ചാണ് അവൻ ജീവിക്കുന്നത് എന്ന യാഥാർത്ഥ്യം അവൻ ഗ്രഹിക്കാതെ പോകുന്നു. മനുഷ്യൻ രോഗാതുരനായി അവന്റെ അസ്വസ്ഥതകളും വേദനയും യാതനയുമെല്ലാം പുറത്തേക്ക് വരുമ്പോൾ അവന്റെ ബലഹീനത മനുഷ്യൻ സ്വയം മനസ്സിലാക്കുന്നു. അതുമുതൽ അവൻ ദൈവത്തിന്റെ വെറും ആശ്രിതനാണെന്ന ബോധം അവനിൽ ഉദിക്കുന്നു. നാനാഭാഗത്ത് നിന്നും അവനെ വലയം ചെയ്യപ്പെട്ടിരിക്കുന്ന ആതുരതമായ എണ്ണമറ്റ ചുറ്റുപാടുകളിൽ നിന്ന് ദൈവമാണ് മനുഷ്യനെ രോഗിയാവാതെ തടഞ്ഞു നിർത്തുന്നത്. നിരന്തരം നിരീക്ഷപ്പെട്ടുകൊണ്ടിരിക്കുന്ന ആന്തരിക നിർമ്മിതമായ പ്രതിരോധ സംവിധാനം വഴി അവൻ സംരക്ഷിക്കപ്പെട്ടു കൊണ്ടിരിക്കുന്നു.

ഇവിടെ ഊന്നി പറയാനുദ്ദേശിക്കുന്ന വസ്തുത ശരീരത്തിന്റെ ചെറിയതും നിസ്സാരവുമായ ഒരു ഭാഗത്തിന് അസുഖം വന്നാൽ പോലും ബാക്കി ഭാഗങ്ങൾ പൂർണ്ണ ആരോഗ്യത്തോടു കൂടിയിരിക്കുകയാണെങ്കിലും അതിന്റെ സാകല്യത്തിൽ അയാൾ അത് സഹിക്കുന്നു. വിരലിന്റെ അറ്റത്ത് ഒരു ചെറിയ വ്രണം പല്ല് വേദന, കൺപോളയിൽ ഒരു പഴുപ്പ് എന്നിവ വന്നെന്നിരിക്കട്ടെ ഒരാൾക്ക് അത് തീവ്രമായി അനുഭവപ്പെടുന്നു. അത്തരം രോഗങ്ങളുണ്ടാക്കുന്ന പരിമിതമായ വേദനയിൽ നിന്നുപോലും രക്ഷപ്പെടാൻ മനുഷ്യൻ വളരെയധികം വിഷമിക്കുന്നത് നമുക്കറിയാം. മസ്തിഷ്ക്കത്തിൽ ഒരു ഗ്രന്ഥിക്ക് വീക്കം വന്നാൽ ആ വ്യക്തിയെ അത് ഒരു അപസ്മാരരോഗിയാക്കും. ആ യാതനകൾ അയാൾക്ക് മാത്രമല്ല ആ വ്യക്തിയുടെ കുടുംബബന്ധത്തിൽപെട്ടവർക്കും സുഹൃത്തുക്കൾക്കും എല്ലാവർക്കും വേദനയുണ്ടാക്കുന്നു. അത്തരം രോഗാവസ്ഥയിൽ മാത്രമേ ദൈവത്തിന്റെ അഗാതമായ ഔദാര്യങ്ങളെ പറ്റി നമുക്ക് പൂർണ്ണമായും മനസ്സിലാക്കാൻ സാധിക്കൂ. ഈ ഔദാര്യങ്ങളാകട്ടെ എല്ലാ ജീവികളിലും നിരന്തരമായി വർഷിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നു. ഈ അനുഗ്രങ്ങളെ സംബന്ധിച്ച ബോധമാണ് ചിന്തിക്കുന്ന മനുഷ്യനിൽ നന്ദിഭാവം ജനിപ്പിക്കുന്നത്.

അന്തിമ വിശകലനത്തിൽ രോഗം എന്നത് സംന്തുലനത്തിൽ അതായത് നീതിപാലനത്തിൽ ഉണ്ടാകുന്ന കുഴപ്പം അല്ലാതെ മറ്റൊന്നുമല്ല. രോഗബാധിതരായപ്പോൾ ചരിത്രത്തിൽ പല തവണ ഉന്നതമായ ഖ്യാതി നേടിയ മഹാന്മാരായ പലരും സഹായം അർത്ഥിക്കുന്ന വിധം രോഗത്തിന് മുമ്പിൽ എല്ലാ പ്രതാപങ്ങളും നഷ്ടപ്പെട്ട് ഹീനമായി തലകുനിച്ച് യാതൊരു അധികാരവുമില്ലാത്ത അവരുടെ സഹായികളിൽ നിന്നും സഹായം സ്വീകരിക്കുംവിധം നമ്രശിരസ്ക്കരായിട്ടുണ്ട്. ഉഗ്രപ്രതാപികളായി വിലസിയ സാമ്രാട്ടുകൾക്ക് ശരീരചലനങ്ങളെ അസാദ്ധ്യമാക്കും വിധം രോഗബാധയുണ്ടായപ്പോൾ അവരുടെ ഏറ്റവും താഴ്ന്ന അടിമകളേക്കാൾ വളരെ ചെറിയവരും എളിയവരുമായി അവർ കാണപ്പെടുകയുണ്ടായി. അവരുടെ അടിമത്വം പ്രതാപികളായ യജമാനന്മാരുടെ പരമാധികാരത്തിന് പകരമായി കൈമാറാനാകുമായിരുന്നില്ല.

ജൂലിയസ് സീസർ* അത്തരത്തിലുള്ള ഒരാളായിരുന്നു. ഒരിക്കൽ രാജകീയ പ്രതാപത്തിന്റെയും വാഗ്മിതയുടെയും ആവേശോജ്ജ്വലമായ നിമിഷത്തിൽ അദ്ദേഹം അപസ്മാര രോഗത്തിന്റെ നിശിതമായ അക്രമണത്തിന് വിധേയമാവുകയുണ്ടായി. വേദനകൊണ്ടും യാതനകൊണ്ടും പുളഞ്ഞ സീസറിന്റെ ഈ ദാരുണ രംഗം വിവരിച്ചു കൊണ്ട് ഷേക്സ്പിയർ എഴുതുന്നു:

> അദ്ദേഹത്തിന് അപസ്മാര ബാധയുണ്ടായപ്പോൾ.
>
> ഞാൻ കൃത്യമായി ഓർക്കുന്നു.
>
> എപ്രകാരമാണ് അയാൾ വിറകൊണ്ടതെന്ന്.
>
> ഇത് സത്യം, ഈ ദൈവം അന്ന് വിറച്ചു.
>
> ചകിത സാന്ദ്രമായ അദ്ദേഹത്തിന്റെ
>
> അധരങ്ങൾ വർണ്ണരഹിതമായി.
>
> ലോകത്തെ പ്രകമ്പനം കൊള്ളിച്ച ആ ദൃഷ്ടി
>
> പ്രക്ഷേപത്തിന്റെ തിളക്കം മങ്ങിപ്പോയി
>
> (Julius Caesar, Act I, Scene I)

മനുഷ്യന്റെ അഹംങ്കാരത്തെ കുറിച്ച് ഇതെല്ലാം നേരിയ ഒരു കാഴ്ച്ചപാട് നൽകുന്നുണ്ട്. രോഗിയായ മനുഷ്യൻ ആരോഗ്യത്തിലേക്ക് തിരിച്ചു വരുന്ന നിമിഷം മുതൽ അവന്റെ ജീവിതത്തെ നിസ്സാരമാക്കിക്കളഞ്ഞ ആ ആതുര നിമിഷങ്ങളെ, അവന്റെ വീഴ്ച്ചകളെ അവൻ വിസ്മരിക്കുന്നു. അവന്റെ പൊങ്ങച്ചത്തിലേക്കുള്ള മടക്കത്തെ കുറിച്ചോർത്ത് അവൻ സമയം നഷ്ടപ്പെടുത്തുന്നുമില്ല.

മനുഷ്യന്റെ അന്തസ്സ് ആകെ കവർന്നെടുക്കപ്പെടുന്നത് പോലെ ആയിത്തീരുന്ന ഒരു രോഗമാണ് അപസ്മാരം. വാസ്തവത്തിൽ

---

**ജൂലിയസ് സീസർ**: ബിസി 49 മുതൽ ബിസി 44 വരെ റോമൻ റിപ്പബ്ലിക്കിനെ സാമ്രാജ്യമാക്കി വികസിപ്പിച്ച ഉജ്ജ്വലനായ പടനായകനും ഭരണാധികാരിയുമായിരുന്നു സീസർ. റോമൻ സെനറ്റിലെ പ്രഭുക്കന്മാർ അദ്ദേഹത്തെ വധിക്കുകയാണുണ്ടായത്. ഇംഗ്ലീഷ് സാഹിത്യത്തിലെ മഹാനായ നാടകകൃത്ത് ഷേക്സ്പിയർ എഡി 1599ൽ ഈ ചരിത്ര സംഭവം ജൂലിയസ് സീസർ എന്ന പേരിൽ ഒരു ദുരന്ത ചരിത്ര നാടകമായി എഴുതുകയുണ്ടായി.

നാഡീവ്യവസ്ഥയിലുണ്ടാകുന്ന ചെറിയൊരു അസന്തുലിതാവസ്ഥയാണ് ഇതിന് കാരണം. അപൂർവ്വം ചിലപ്പോൾ നാഡീവ്യവസ്ഥയുടെ ഏത് ഭാഗത്താണ് കുഴപ്പം എന്ന് നിർണ്ണയിക്കാനും സാദ്ധ്യമല്ല.

### കാവൽക്കാരായ മാലാഖമാർ

പുരോഗതിയുടെ വീഥി നിറയെ ചതിക്കുഴികളും അപകടങ്ങളും നിറഞ്ഞതാണ്. മുന്നേറ്റപാതയിലുള്ള ഓരോ ചുവടുവെപ്പും അശ്രദ്ധമായി വെച്ചാൽ നാശത്തിലേക്കായിരിക്കും നയിക്കുക. ജീവിതത്തിന്റേയും മരണത്തിന്റേയും സൂക്ഷ്മമായ പ്രവർത്തനം പോലും പരസ്പരം കൈകോർത്തുകൊണ്ടാണ് പോകുന്നത്. ജീവന്റെ സംരക്ഷണം ഇപ്പോഴും പൂർണ്ണമായി ഗ്രഹിക്കാൻ കഴിയാത്ത അത്യാഗാതമായി സംഘടിക്കപ്പെട്ട ഒരു ഘടനാ വിശേഷമാണ്. അതിൽ നമുക്ക് എന്തെല്ലാം ഗ്രഹിക്കാൻ സാധിച്ചുവോ അതെല്ലാം തന്നെ തീർച്ചയായും അത്ഭുതപ്പെടുത്തുന്നതാണ്.

ഇതിനെല്ലാം പിന്നിൽ സ്വയം പ്രവർത്തിക്കുന്ന മെക്കാനിസമാണുള്ളത്. മതപരമായ ധാരണകൾ പ്രകാരം നമ്മേക്കാൾ വ്യത്യസ്തമാനങ്ങളുള്ള മലക്കുകൾ എന്നറിയപ്പെടുന്ന അദൃശ്യമായ ചില ബോധാത്മക ശക്തികൾ പ്രവർത്തിക്കുന്നു. സകല പ്രപഞ്ചവും പ്രകൃതി നിയമങ്ങളുടെ അടിസ്ഥാനത്തിലാണ് പ്രവർത്തിക്കുന്നത്. ആ പ്രപഞ്ചത്തിന്റെ സൂക്ഷ്മമായ കാര്യങ്ങൾ വരെ നിയമം മുഖേന ഭരിക്കുന്നതും പരിപാലിക്കുന്നതും പ്രാവർത്തികമാക്കുന്നതും മലക്കുകൾ എന്ന ഈ അദൃശ്യ മാധ്യമങ്ങളാണ്. അത് തന്നെയാണ് ഇവിടെയും പ്രാവർത്തികമാവുന്നത് എന്ന് ഒരാൾക്ക് കാണാൻ സാദ്ധ്യമാകും. ഉദാഹരണത്തിന് സമയക്രമമനുസരിച്ച് പുരോഗമിക്കുന്ന ഏതൊരു ജീവഘടകത്തിലും ഈ പ്രവർത്തനങ്ങൾ ദർശിക്കാനാകും. ജീവിവികാസം മുന്നോട്ട് വെക്കുന്ന ഏതൊരു സൂക്ഷ്മമായ ചുവടുവെപ്പിനുമൊപ്പം മരണത്തിലേക്കുള്ള അപകടകരമായ ഒരു തിരിവ് പാശ്വവർത്തിയായി സദാ കൂടെയുണ്ടാവും. ജീവിതത്തിന്റെ ഘടകങ്ങളെ ജീവന്റെ മാലാഖമാരാണ് ശരിയായ പാതയിലേക്ക് നയിക്കുന്നത്. പക്ഷേ മരണം വിധിക്കപ്പെട്ട ആ നിമിഷം സമാഗതമായാൽ എല്ലാ ചുവടുകളും മരണത്തിലേക്കായിരിക്കും തിരിയുക.

### മനുഷ്യന്റെ അതിലംഘനങ്ങൾ

അനുവാദം നൽകപ്പെടുകയാണെങ്കിൽ മനുഷ്യൻ സകല പരിധികളും ലംഘിക്കും. പക്ഷേ മനുഷ്യശരീരത്തിൽ പ്രവർത്തിക്കുന്ന എണ്ണമറ്റ പണിപ്പുരകളിൽ അവന് കുറഞ്ഞ നിയന്ത്രണങ്ങൾ മാത്രമേ ഉള്ളൂ. മനുഷ്യന്റെ അന്തർഭാഗത്ത് നടക്കുന്നതെന്താണ് എന്നതിനെപറ്റി കുറഞ്ഞ അവബോധം മാത്രമേ അവനുള്ളൂ. മനുഷ്യന്റെ ആഭ്യന്തര ശാരീരിക പ്രവർത്തന സംവിധാനത്തിൽ കൈകടത്താൻ അവന് സാധ്യമല്ല. ജീവന്റെ ഉടമയുടെ ബോധപൂർവ്വമായ നിയന്ത്രണങ്ങളൊന്നുമില്ലാതെ വലിയ തോതിലുള്ള നിരവധി ജീവൽ പ്രവർത്തനങ്ങൾ നടക്കുന്നു.

തീർച്ചയായും ചില പ്രത്യേക മേഖലയിൽ മാത്രമേ മനുഷ്യന് അവന്റെ സ്വാധീനം ഉപയോഗിക്കാൻ സാദ്ധ്യമാകൂ. ഉദാഹരണത്തിന് അമിതമായ തീറ്റയും കുടിയും. വിഷയലംബടത്വം, അമിതമായ ജീവിത ശൈലിയിൽ മുഴുകൽ എന്നീ ചുരുങ്ങിയ മേഖലകളിൽ മാത്രമാണ് മനുഷ്യന് അവന്റെ സ്വതന്ത്രമായ ഇഛാശക്തി പ്രയോഗിക്കാനാവുക. ഈ മേഖലകളിൽ മനുഷ്യൻ നടത്തുന്ന സംഹാര താണ്ഡവം നമുക്ക് നന്നായറിയാം.

മനുഷ്യന്റെ ശരീരത്തിനകത്ത് ഏറ്റവും ഭദ്രമായ ഒരു ആഘാത പരിഹാര സുരക്ഷാ സംവിധാനമുണ്ടായിട്ടും മനുഷ്യൻ ലഭിക്കുന്ന ലൈസൻസ് അവൻ തനിക്കെതിരെ തന്നെ അമിതത്വം പ്രവർത്തിക്കാനാണ് വിനിയോഗിക്കുന്നത്. ഒരു പരിധിവരെ ഈ സുരക്ഷാ സംവിധാനം രുപകൽപ്പന ചെയ്തത് നിരവധി പിഴവുകളോട് അനുരഞ്ജനപ്പെട്ട് പോവാനാണ്. എന്നാൽ മനുഷ്യൻ എല്ലാ പരിധിയും ലംഘിച്ച് ആത്മഹത്യാപരമായ പിഴവുകൾ തുടരുകയാണെങ്കിൽ ശിക്ഷാ നടപടികൾക്ക് വ്യവസ്ഥ മേൽകൈനേടും. ആ അവസ്ഥയിലും രോഗവും ആരോഗ്യവും തമ്മിലും മരണവും ജീവിതവും തമ്മിലുള്ള പോരാട്ടം ആരംഭിക്കുന്നേയുണ്ടാവൂ. അപ്പോഴും നാശകരമായ ശക്തികൾക്കെതിരെ ആവശ്യമായ ഉപാധികൾ ഓരോഘട്ടത്തിലും നൽകപ്പെട്ടുകൊണ്ട് ഈ പോരാട്ടം നീട്ടികൊണ്ടുപോകുകയാണ് ചെയ്യുന്നത്. .

വാസ്തവത്തിൽ മതപരമായ സാങ്കേതിക പദങ്ങളിൽനിന്നും നാം മനസ്സിലാക്കിയ ആഭാസത്വവും ലംഘനങ്ങളും ഭൗതിക ലോകത്തും പ്രയോഗ പ്രസക്തിയുള്ള പദങ്ങളാണ്. തീർച്ചയായും ആത്മീയ സ്വഭാവങ്ങളുടെ വിപരീതമായ ഭൗതിക പ്രതിദ്വന്ദങ്ങളിലും ഇതേ മതപരമായ സാങ്കേതിക പദങ്ങൾ തന്നെ പ്രയോഗിക്കണമെന്ന് നാം ഉദ്ദേശിക്കുന്നില്ല. പക്ഷേ ഭൗതിക ലോകത്തും മതപരമായ അതേ സാങ്കേതിക പദങ്ങൾ ഉപയോഗിക്കാൻ പ്രേരിപ്പിക്കുന്നയത്ര അർത്ഥസാമ്യതകൾ വളരെ ശക്തമാണ്. എന്നാലും ഒരു കാര്യം നാം മറക്കരുത് അത്തരം തീവ്രമായ ഘട്ടത്തിൽ പോലും ദൈവത്തിന്റെ ഔദാര്യവും അവന്റെ അപരിമേയമായ കാരുണ്യവും മനുഷ്യന്റെ രക്ഷക്കായി എത്തുകതന്നെ ചെയ്യും.

www.alislam.org

# വാഗ്ദത്ത മസീഹിന്റെ സത്യസാക്ഷ്യം

പ്രവചനങ്ങളുടെ നിറവിലും കാലത്തിന്റെ തികവിലും സാക്ഷ്യങ്ങളുടെ സമ്പൂർണ്ണതയിലും ആഗതനായ വാഗ്ദത്ത മസീഹിന്റെ സത്യസക്ഷ്യം വിവരിക്കുന്നു. വിവ: ശബീൽ അഹ്മദ് പഴയങ്ങാടി

**മൻസ്വൂർ അഹ്മദ് മസ്റൂർ**
(എഡിറ്റർ ബദ്ർ വീക്കിലി ഖാദിയാൻ)

പതിനാലാം നൂറ്റാണ്ടിന്റെ കാലഘട്ടം ഇസ്ലാമിന് എത്രത്തോളം അപകടവും ദുർഘടവും നിറഞ്ഞ കാലഘട്ടമായിരുന്നെന്നാൽ തത്തുല്യമായ ഒരു സ്ഥിതിവിശേഷം പൂർവകാലത്തെങ്ങും കാണപ്പെടുകയില്ല. രണ്ടുവിധത്തിൽ ഇസ്ലാമിന് കഠിനമായ പ്രയാസങ്ങൾ അഭിമുഖീകരിക്കേണ്ടിവന്നു. ഒന്ന് ആന്തരികമായിട്ടുള്ളതാണ്. അതിൽ മുസ്ലിംകൾ പരിപൂർണമായും ഇസ്ലാമിൽനിന്ന് ദൂരപ്പെട്ടിട്ടുണ്ടായിരുന്നു. രണ്ടാമത്തേത് പുറത്തുനിന്ന് ഇസ്ലാമിന്റെമേലുണ്ടായ മറ്റു മതങ്ങളുടെ ശക്തിമത്തായ ആക്രമണമായിരുന്നു. മുസ്ലിംകളുടെ ആന്തരികമായ ദുർഗതിയെ സംബന്ധിച്ച് പറയുകയാണെങ്കിൽ അവരുടെ വിശ്വാസപരവും കർമപരവുമായ അവസ്ഥ അങ്ങേയറ്റം നാശമായിരുന്നു. നോമ്പ്, ഹജ്ജ്, സക്കാത്ത് മുതലായവയുമായി അവർക്ക് വിദൂരബന്ധം പോലുമുണ്ടായിരുന്നില്ല. വിശുദ്ധഖുർആൻ പാഴ്വസ്തു പോലെ പിൻപുറം തള്ളപ്പെട്ടു. ലക്ഷക്കണക്കിനാളുകൾ കലിമപോലും അറിയാത്തവരായിത്തീർന്നു. വിശ്വാസത്തിന്റെ സ്ഥിതി ഇതായിരുന്നു. അല്ലാഹുവിലും അവന്റെ ദൂതന്മാരിലും മലക്കുകളിലും, വിശുദ്ധഖുർആനെ സംബന്ധിച്ചും അവർക്കിടയിലുണ്ടായ വിശ്വാസം നിമിത്തം ഇസ്ലാമിന് പ്രതിസന്ധിയുണ്ടാക്കിത്തീർത്തു. മുസ്ലിം പണ്ഡിതന്മാർ ഇസ്ലാമിന്റെ കടവേരറുക്കാൻ ശ്രമിച്ചുകൊണ്ടിരുന്നു. പൊതുജനങ്ങളാവട്ടെ വന്യജീവികളെപോലെയായിത്തീർന്നു. ധനാഢ്യന്മാർ സുഖലോലുപജീവിതത്തിൽ മുഴുകി. നീതി നടത്തേണ്ടവർ വഞ്ചകരായിത്തീർന്നു. മുസ്ലിംകളുടെ പ്രത്യേകതയായിരുന്ന സ്പഷ്ടമായ ധാർമികഗുണങ്ങൾ അവരിൽനിന്നും ഇന്ന് അങ്ങേയറ്റം വിദൂരത്തായിത്തീർന്നിരിക്കുന്നു. ഇസ്ലാമിന്റെ ഏതെല്ലാം കാര്യങ്ങളാണ് ജനങ്ങൾ ഉപേക്ഷിച്ചതെന്നുപോലും ഇന്ന് ചർച്ചചെയ്യപ്പെടുന്നില്ല. മറിച്ച്, ഇന്നത്തെ മുസ്ലിംകളിൽ ഇസ്ലാമിന്റെ വല്ലതും അവശേഷിക്കുന്നുണ്ടോ എന്ന ചോദ്യമാണ് കേൾക്കുന്നത്. ഇനി നമ്മൾ ഇസ്ലാമിന്റെ പുറത്തുനിന്ന് ഇസ്ലാമിനുമേൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന പ്രശ്നങ്ങൾ എടുക്കുകയാണെങ്കിൽ നാനാഭാഗത്തുനിന്നും ഇസ്ലാം ആക്ഷേപങ്ങൾക്ക് കുറിമാനമാക്കപ്പെടുകയാണ്. ലക്ഷക്കണക്കായ ആരോപണങ്ങൾ ഇസ്ലാമിന്റെമേൽ ഉന്നയിക്കപ്പെടുന്നു. അതിനുവേണ്ടി കോടിക്കണക്കായ ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കപ്പെടുന്നു. ഒരു ഭാഗത്ത് മുസ്ലിം രാജ്യങ്ങൾ പരസ്പരം കലഹിച്ചുകൊണ്ടിരിക്കുമ്പോൾ മറുഭാഗത്ത് എല്ലാവിധമായ ആഭ്യന്തരകുഴപ്പങ്ങളും നാശങ്ങളും വിതച്ചുകൊണ്ടിരിക്കുന്നു. പൊതുജനങ്ങൾ ഭരണകൂടത്തിന്റെയും ഭരണകൂടം പൊതുജനങ്ങളുടെയും രക്തത്തിന് വേണ്ടി ദാഹിച്ചുകൊണ്ടിരിക്കുന്നു.

സയ്യ്ദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു. "ഓ സത്യാന്വേഷികളെ!ചിന്തിച്ചുനോക്കുവിൻ. ഇസ്ലാമിന് അനുഗുണമായി ദൈവികസഹായം അനിവാര്യമായി വന്ന സമയമല്ലേ ഇത്. ഏതെല്ലാം തരത്തിലുള്ള വിപത്തുകളാണ് ഇസ്ലാമിനെ വലയം ചെയ്തിരിക്കുന്നതെന്ന് നിങ്ങൾ അറിഞ്ഞുകഴിഞ്ഞില്ലേ. എത്രയെത്ര ആളുകളാണ് ഇസ്ലാമിൽനിന്ന് പുറത്തുപോയത്. എത്രമാത്രം ആളുകളാണ് ക്രിസ്ത്യാനികളിൽ ചെന്ന്ചേർന്നത്. എത്രമാത്രം ആളുകൾ നാസ്തികരും പ്രകൃതിവാദികളുമായി മാറി. ശിർക്കും നൂതനചിന്താഗതികളും തൗഹീദിന്റേയും സുന്നത്തിന്റേയും സ്ഥാനം അടക്കിവാഴുന്നു. ഇസ്ലാമിനെ ഖണ്ഡിച്ചുകൊണ്ട് എത്രയെത്ര ഗ്രന്ഥങ്ങളാണ് രചിക്കപ്പെടുകയും

പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുള്ളത്. അതിനാൽ നിങ്ങൾ ചിന്തിച്ചശേഷം മറുപടി പറയുക. ഈ നൂറ്റാണ്ടിൽ ഇസ്‌ലാമിന്റേമേൽ പുറത്തുനിന്നുണ്ടാകുന്ന ആക്രമണങ്ങളെ പ്രതിരോധിക്കാൻ അല്ലാഹുവിൽനിന്ന് ഒരു വ്യക്തി ആഗതനാവേണ്ടത് അനിവാര്യമായിരുന്നില്ലേ? അൽപം ശിരസ്സുയർത്തിനോക്കുവിൻ. ഇസ്‌ലാമിനെ ഏതെല്ലാം തരത്തിലുള്ള വിപത്തുകളാണ് വളഞ്ഞുവെച്ചിരിക്കുന്നത്. നാനാഭാഗത്തുനിന്നും ശത്രുപക്ഷത്തുനിന്നുള്ള ശരങ്ങൾ ഇസ്‌ലാമിനെതിരിൽ തൊടുത്തുകൊണ്ടിരിക്കുന്നു. കോടിക്കണക്കായ എത്ര ആത്മാക്കളെയാണ് ഈ വിഷം ബാധിച്ചിട്ടുള്ളത്. വൈജ്ഞാനികവും ബുദ്ധിപരവും തത്ത്വജ്ഞാനപരവുമായ കൊടുങ്കാറ്റുകളും കുതന്ത്രങ്ങളുടെ കൊടുങ്കാറ്റും ആഞ്ഞടിച്ചുകഴിഞ്ഞു. കുത്സിതപദ്ധതികളുടെയും ആജ്ഞാലംഘനത്തിന്റെയും അരാചകത്വത്തിന്റെയും പ്രലോഭനങ്ങളുടെയും അത്യാഗ്രഹങ്ങളുടയും കോളിളക്കങ്ങൾ അടിച്ചുയരുന്നു. നാസ്തികതയുടെയും നിരീശ്വരവാദത്തിന്റെയും സൃഷ്ടിപൂജയുടെയും നൂതനവാദത്തിന്റെയും പ്രളയം സർവതലങ്ങളിലും ബാധിച്ചുകഴിഞ്ഞു. ഇത്തരത്തിലുള്ള കൊടുങ്കാറ്റുകളിലേക്ക് അൽപം ദൃഷ്ടി തുറന്നുനോക്കുവിൻ. നിങ്ങൾക്ക് ശക്തിയുണ്ടെങ്കിൽ ഇത്തരം കോളിളക്കങ്ങളുടെ ഒരുദാഹരണം കഴിഞ്ഞകാലങ്ങളിൽ ഏതെങ്കിലുമൊരു കാലത്ത് എടുത്ത് കാണിക്കാൻ സാധിക്കുമോ?" (ആയിനയെ കമാലാത്തെ ഇസ്‌ലാം, പേജ്. 252)

ഇത്രയും ശക്തിമത്തായ ആവശ്യം നേരിട്ടുകൊണ്ടിരിക്കുന്ന ഇത്തരമൊരു കാലഘട്ടത്തിൽ മുഹമ്മദ് നബി(സ)യുടെ സുവാർത്തകൾ പഠിച്ച് മുസ്‌ലിംകളുടെ മാർഗദർശനത്തിനുവേണ്ടി അവരെ സൽപന്ഥാവിലൂടെ നയിക്കുന്നതിന് മഹ്ദി മസീഹിന്റെ ആവിർഭാവം അനിവാര്യമായിരുന്നു. നബി (സ)തിരുമേനിയുടെ സുവാർത്ത ഇപ്രകാരമായിരുന്നു: പ്രിയമുസ്‌ലിംകളേ, ഇബ്നു മർയം നിങ്ങളിൽ ഇറങ്ങുന്നകാലം നിങ്ങളുടെ സന്തോഷകാലമായിരിക്കും. അദ്ദേഹം മുഖേന ഇസ്‌ലാമിനുണ്ടാകുന്ന സാർവ്വലൗകിക വിജയത്തെക്കുറിച്ചുള്ള സുവിശേഷം നബി(സ)തിരുമേനി തന്റെ ഉമ്മത്തിന് നൽകി. എല്ലാ പുണ്യാത്മാക്കളും ഐകകണ്ഠ്യേന വാഗ്ദത്ത മസീഹ് പതിനാലാം നൂറ്റാണ്ടിൽ ആഗതനാകുമെന്ന് ഉൽഘോഷിച്ചിട്ടുണ്ടായിരുന്നു. എന്നാൽ, അല്ലാഹുവിന്റെ ദൂതരുടെ പ്രവചനവും സമുദായനേതാക്കളുടെ ദിവ്യദർശനങ്ങളുമനുസരിച്ച് കൃത്യസമയത്ത് പതിനാലാം നൂറ്റാണ്ടിൽതന്നെ അത് സംഭവിച്ചു. കൃത്യമായ ആവശ്യമുള്ള സമയത്തുതന്നെ അല്ലാഹു മുഹമ്മദിയ്യാ ഉമ്മത്തിനുമേൽ അങ്ങേയറ്റം കരുണചെയ്തുകൊണ്ട് ഹദ്റത്ത് മിർസാ ഗുലാം അഹ്മദുൽ ഖാദിയാനി(അ)യെ വാഗ്ദത്ത മഹ്ദി ഇമാമും മസീഹുമായി നിയോഗിക്കുകയുണ്ടായി. അദ്ദേഹം പറയുന്നു: "ഇസ്‌ലാമിക വിശ്വാസങ്ങൾ ഭിന്നാഭിപ്രായങ്ങൾകൊണ്ട് നിറഞ്ഞുകിടന്നിരുന്ന അവസരത്തിലാണ് ഞാൻ നിയോഗിതനായിരിക്കുന്നത്. ഒരു വിശ്വാസവും തർക്കവിമുക്തമല്ലായിരുന്നു. ഞാൻ എന്റെ സത്യതയിലേക്ക് മറ്റേതെങ്കിലും തെളിവ് കാണിക്കേണ്ടതുണ്ടായിരുന്നില്ല. എന്തുകൊണ്ടെന്നാൽ, കാലത്തിന്റെ ആവശ്യം തന്നെ സ്വയം തെളിവായിരിക്കുകയത്രെ." (ളറൂറത്തുൽ ഇമാം, പേജ് 495)

"ഭൂമിയിൽ അധിവസിക്കുന്ന മുഴുവനാളുകൾക്കും വേണ്ടിയാണ് ഞാൻ നിയുക്തനായിട്ടുള്ളത്. അത് ഏഷ്യയിലുള്ളവരാകട്ടെ, യൂറോപ്പിലുള്ളവരാകട്ടെ, അതല്ല അമേരിക്കയിലുള്ളവരാകട്ടെ." (തിർയാഖുൽ ഖുലൂബ്, റൂഹാനി ഖസാഇൻ, വാള്യം 15, പേജ് 515)

'ഈ കാലഘട്ടത്തിലുള്ള ജനങ്ങളെ എന്നിലേക്ക് വിളിക്കുക മാത്രമല്ല ഞാൻ ചെയ്യുന്നത്, മറിച്ച് കാലഘട്ടം തന്നെയാണ് എന്നെ വിളിച്ചത്. നിങ്ങൾ സത്യവിശ്വാസമുള്ളവരാണെങ്കിൽ നന്ദി പ്രകടിപ്പിക്കുവിൻ. എന്തെന്നാൽ നിങ്ങളുടെ ആദരണീയരായ ആ പൂർവപിതാക്കൾ ഏതൊരു നാളിനെ ആകാംക്ഷാപൂർവ്വം കാത്തുകാത്തിരുന്നശേഷം അപ്രത്യക്ഷമായോ എണ്ണമറ്റ ആത്മാക്കൾ ആ സന്തോഷദിനങ്ങളുടെ മധുരസ്മരണകളോടെ ഈ ലോകത്തുനിന്ന് യാത്ര പറഞ്ഞുവോ ആ കാലമിതാ നിങ്ങൾ കണ്ടെത്തിക്കഴിഞ്ഞിരിക്കുന്നു. ഇനി അതിനെ വിലമതിക്കുകയോ വിലമതിക്കാതിരിക്കുകയോ ചെയ്യുന്നത് നിങ്ങളുടെ ഇഷ്ടം. എന്നാൽ, ഞാനിത് ആവർത്തിച്ചാവർത്തിച്ചു പറഞ്ഞുകൊണ്ടിരിക്കും. ദീനിനെ പുതിയ രൂപത്തിൽ ഹൃദയങ്ങളിൽ പുനഃപ്രതിഷ്ഠിക്കുന്നതിനുവേണ്ടി. മനുഷ്യനെ നന്മയിലേക്ക് നയിക്കുവാൻ തക്കസമയത്ത് അയക്കപ്പെട്ടിട്ടുള്ളവൻ ഞാൻ തന്നെയാകുന്നു എന്ന സത്യം പ്രസ്താവിക്കുന്നതു നിറുത്തിവെക്കുവാൻ എനിക്കാവുകയില്ല.' (ഫത്ഹെ ഇസ്‌ലാം, റൂഹാനീ ഖസാഇൻ, വാള്യം 3. പേജ് 8)

ഹദ്റത്ത് മസീഹ് മൗഊദ്(അ)നുണ്ടായ ദൈവസഹായത്തിന്റെ ചില കാര്യങ്ങളെ കുറിച്ചാണ് ഞാൻ ഇനി പറയുന്നത്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ഏകദേശം നാൽപത് വയസ്സ് പ്രായമായപ്പോൾ അല്ലാഹു അദ്ദേഹത്തെ ദിവ്യബോധനത്തിലൂടെ **അലയ്സല്ലാഹുബികാഫിൻ അബ്ദഹു** എന്ന വെളിപാടറിയിച്ചു. ദൈവികപിന്തുണയുടെയും സഹായത്തിന്റെയും ആദ്യ ദിവ്യബോധനമായിരുന്നു ഇത്. ഇതിനുശേഷം അടിക്കടി അല്ലാഹു പിന്തുണച്ചുകൊണ്ടും സഹായിച്ചുകൊണ്ടുമുള്ള ദിവ്യബോധനങ്ങളും വിജയത്തേയും മുന്നേറ്റത്തെയും കുറിച്ചുള്ള വാഗ്ദാനങ്ങളും അദ്ദേഹത്തിന് നൽകിക്കൊണ്ടിരുന്നു. പിന്നീട് ജീവിതകാലം മുഴുവനും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് അല്ലാഹുവിന്റെ വാഗ്ദാനമനുസരിച്ച് അവന്റെ മഹത്തായ പിന്തുണയും സഹായവും ലഭിച്ചുകൊണ്ടേയിരു

ന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ലഭിച്ച അല്ലാഹുവിന്റെ അതിമഹത്തായ ഒരു സഹായത്തെക്കുറിച്ച് വിവരിക്കാം. അതാണ് സൂര്യചന്ദ്രഗ്രഹണങ്ങളുടെ ദൃഷ്ടാന്തം. സയ്യിദുനാ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ)തിരുമേനി പ്രവചിച്ചിട്ടുണ്ടായിരുന്നു. നമ്മുടെ സത്യവാനായ മഹ്ദി വാദമുന്നയിക്കുമ്പോൾ അദ്ദേഹത്തിന്റെ സത്യസാക്ഷ്യത്തിന് രേഖയായി അല്ലാഹു സൂര്യനും ചന്ദ്രനും ഗ്രഹണമുണ്ടാക്കുന്ന ദൃഷ്ടാന്തം ആകാശലോകത്ത് വെളിപ്പെടുത്തും. അല്ലാഹു ആകാശഭൂമികളെ സൃഷ്ടിച്ചതുമുതൽ ഇന്നേവരെ ഒരു പ്രവാചകവാദിക്കും അദ്ദേഹത്തിന്റെ സത്യസാക്ഷ്യത്തിന് ഉണ്ടാക്കിയിട്ടില്ലാത്ത ദൃഷ്ടാന്തമായിരിക്കും ആ സൂര്യചന്ദ്രഗ്രഹണം. ചന്ദ്രന് ഗ്രഹണം ബാധിക്കുന്ന നിശ്ചിതതിയതികളിൽ ആദ്യരാത്രിയിലും, സൂര്യന് ഗ്രഹണം ബാധിക്കുന്ന നിശ്ചിതദിനങ്ങളിൽ മധ്യദിനത്തിലുമായിരിക്കും അതുണ്ടാകുക. സയ്യദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) 1889ൽ ബയ്അത്ത് വാങ്ങാൻ തുടങ്ങുകയും അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന് അസ്തിവാരമിടുകയും ചെയ്തു. കൃത്യം അഞ്ച് വർഷങ്ങൾക്കുശേഷം അതായത് 1894ൽ അല്ലാഹു അദ്ദേഹത്തിന്റെ സത്യസാക്ഷ്യത്തിനുവേണ്ടി സൂര്യചന്ദ്രഗ്രഹണങ്ങളുടെ ദൃഷ്ടാന്തം വെളിപ്പെടുത്തി. 1894ൽ ഈ ഗ്രഹണം ഏഷ്യയിലും യൂറോപ്പിലും ആഫ്രിക്കയിലും വെളിപ്പെട്ടു. അടുത്തവർഷം 1895-ൽ അമേരിക്കയിലും ഇത് വെളിപ്പെട്ടു. മുസ്‌ലിംകൾ നശിച്ചുപോയിരിക്കുന്നുവെന്നും പതിനാലാം നൂറ്റാണ്ട് ഇതാ ആരംഭിച്ചുകഴിഞ്ഞുവെന്നും ഇമാം മഹ്ദി വെളിപ്പെടാൻ സമയമായിരിക്കുന്നുവെന്നും അക്കാലത്ത് ജനങ്ങൾ പറയാറുണ്ടായിരുന്നു. ഇമാം മഹ്ദിയുടെ ആഗമനത്തെക്കുറിച്ചുള്ള ഈ ചർച്ച വീടുവീടാന്തരം നടക്കുമായിരുന്നു. ഈ ദൃഷ്ടാന്തം വെളിപ്പെട്ടപ്പോൾ ശതക്കണക്കിന് സത്യാത്മാക്കൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ബയ്അത്ത് ചെയ്തു. ഒരുഭാഗത്ത് അഹ്മദികൾക്ക് ഖാദിയാനിൽ അതൊരുത്സവമായിരുന്നുവെങ്കിൽ മറുഭാഗത്ത് ശത്രുക്കൾ പരിഭ്രാന്തിയിലും ദുഃഖത്തിലുമായിരുന്നു. മിർസാ ഗുലാം അഹ്മദ് മഹ്ദി മസീഹിന്റെ വാദവുമായി രംഗപ്രവേശം ചെയ്തിരിക്കുന്നുവെന്നതിൽ ഉലമാക്കൾക്ക് തങ്ങളുടെ പരാജയവും നിന്ദ്യതയും അപാനവും അനുഭവപ്പെട്ടുകൊണ്ടിരിക്കുകയായിരുന്നു. കാരണം അദ്ദേഹത്തിനുവേണ്ടി സൂര്യചന്ദ്രഗ്രഹണത്തിന്റെ അടയാളം വെളിപ്പെടുത്തിയിരിക്കുന്നു. ഒരു വ്യക്തി ഒരു മൗലവിയോട് സൂര്യചന്ദ്രഗ്രഹണത്തെക്കുറിച്ചുള്ള ഹദീഥിനെക്കുറിച്ച് അന്വേഷിക്കുകയുണ്ടായി. മൗലവി പറഞ്ഞു: 'ഹദീഥൊക്കെ ശരിതന്നെയാണ്. പക്ഷേ, മിർസാ സാഹിബിന്റെ വലയിൽ പെടേണ്ടതില്ല.' ഇനി ഇപ്പോൾ ജനങ്ങൾ മിർസാ സാഹിബിനെ അംഗീകരിക്കുമല്ലോ എന്നോർത്ത് ശത്രുപണ്ഡിതന്മാർ അങ്ങേയറ്റം പരിഭ്രാന്തിയുടെ ലോകത്തായിരുന്നു.

ഈ ഹദീഥ് സന്ദേഹത്തിന്റെയും സംശയത്തിന്റെയും വൃത്തത്തിൽ കൊണ്ടുവരികയും എന്നിട്ട് ആക്ഷേപമുന്നയിക്കുകയും ചെയ്യുക എന്നതല്ലാതെ മറ്റൊരുപോംവഴിയും ശത്രുപണ്ഡിതന്മാരുടെ കൈയിൽ ഇല്ലായിരുന്നു. അവർ ആക്ഷേപമുന്നയിച്ചുകൊണ്ട് പറഞ്ഞ ഒരു കാര്യം ഈ ഹദീഥ് 'മൗളൂഅ്'അഥവാ കെട്ടിയുണ്ടാക്കപ്പെട്ട ഹദീഥാണെന്നായിരുന്നു. അതിന് മറുപടിയായി ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: "ഏതെങ്കിലും അഗ്രസ്ഥാനീയനായ മുഹദ്ദിഥിന്റെ (ഹദീഥ് നിരൂപകരുടെ) ഗ്രന്ഥത്തിൽനിന്ന് ഈ ഹദീഥ് മൗളൂആയ ഹദീഥാണെന്ന് സ്ഥാപിക്കാൻ സാധിക്കുകയാണെങ്കിൽ അവർക്ക് ഉടനടി നൂറുരൂപ ഇനാം നൽകുന്നതാണ്. നിങ്ങളിഷ്ടപ്പെടുന്ന സ്ഥലത്ത് അമാനത്തെന്ന നിലയിൽ പ്രസ്തുത സംഖ്യ നിക്ഷേപിക്കുന്നതാണ്. അല്ലാത്തപക്ഷം അല്ലാഹുവിനെ ഭയപ്പെടുവിൻ! എന്നോടുള്ള വൈരാഗ്യത്താൽ ദിവ്യാത്മാക്കെളായ പണ്ഡിതന്മാർ എഴുതിവെച്ച സ്വഹീഹായ ഹദീഥുകളെ എന്തിനാണ് കെട്ടിഉണ്ടാക്കപ്പെട്ട ഹദീഥായി ചിത്രീകരിക്കുന്നത്?" (തുഹ്ഫയെ ഗോൾഡവിയ, റൂഹാനീ ഖസാഇൻ, വാള്യം 17, പേജ് 133, 134)

ചന്ദ്രഗ്രഹണം റമളാനിലെ ആദ്യരാത്രിയിൽ വെളിപ്പെട്ടിട്ടില്ല മറിച്ച് പതിമൂന്നാം രാത്രിയാണ് ഉണ്ടായതെന്നും അതുപോലെ സൂര്യഗ്രഹണം റമളാനിലെ പതിനഞ്ചാം പകൽ വെളിപ്പെടാതെ 28-ാം തിയതിയാണ് ഉണ്ടായതെന്നുമായിരുന്നു മറ്റൊരാക്ഷേപം. ഇതിന് മറുപടിയായി ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: 'ഈ ലോകമുണ്ടായതുമുതൽ ചന്ദ്രഗ്രഹണത്തിനുവേണ്ടി അല്ലാഹു നിശ്ചയിച്ചിട്ടുള്ള രാവുകൾ മൂന്നാണ്. അതാണ് ദൈവിക പ്രകൃതിനിയമവ്യവസ്ഥിതി; 13, 14, 15 എന്നീ രാവുകൾ. അതുപോലെ സൂര്യഗ്രഹണത്തിനുവേണ്ടി നിശ്ചയിക്കപ്പെട്ട ദിനങ്ങൾ പ്രകൃതി നിയമമനുസരിച്ച് ചന്ദ്രമാസത്തിന്റെ 26, 27, 28 ദിനങ്ങളുമാണ്.' (ഹഖീഖത്തുൽ വഹയ്, റൂഹാനി ഖസാഇൻ, വാള്യം 22, പേജ് 203)

ചുരുക്കത്തിൽ ചന്ദ്രഗ്രഹണത്തിന്റെ ആദ്യദിനം പതിമൂന്നാം രാവും സൂര്യഗ്രഹണത്തിന്റെ മധ്യദിനം എപ്പോഴും മാസത്തിന്റെ ഇരുപത്തിയെട്ടാം ദിനവുമാണെന്ന് മനസ്സിലാകുന്നു.

എപ്രകാരം അബുൽഹക്കം അബുജഹ്‌ലായിത്തീർന്നോ അപ്രകാരംതന്നെ ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടുള്ള എതിർപ്പിൽ അല്ലാഹു ഉലമാക്കളെ ജാഹിലീങ്ങളാക്കിത്തീർത്തു. ഒന്നാമതായി പ്രകൃതിനിയമത്തിനു വിരുദ്ധമായി ആദ്യരാത്രിയിൽ ചന്ദ്രഗ്രഹണമുണ്ടാകേണ്ടതായിരുന്നു എന്നവർ ആവശ്യപ്പെട്ടു. രണ്ടാമതായി ഹദീഥിൽ വന്ന ഖമർ എന്ന പദത്തെക്കുറിച്ച് അവർ ചിന്തിച്ചില്ല. ഹദ്റത്ത് മസീഹ്

മൗഊദ്(അ) പറയുന്നു: 'ഹദീഥിൽ ഹിലാൽ എന്നല്ല മറിച്ച് ഖമർ എന്നാണ് വന്നിരിക്കുന്നത്. ആദ്യ മൂന്നുദിവസംവരെയുള്ള ചന്ദ്രനെ ഹിലാൽ എന്നാണ് പറയുന്നത്. അതിനുശേഷമുള്ളതിനെ ഖമർ എന്ന് പറയുന്നു.'' അവിടന്ന് പറഞ്ഞു: ''നാളിതുവരെയുള്ള സകല അറബി പണ്ഡിതന്മാരും യോജിച്ചുവന്നിട്ടുള്ള ഒരു വസ്തുതയാണിത്. അറബി ഭാഷാ പടുക്കളിൽ ആരുംതന്നെ അതിന് എതിരോ നിഷേധിയോ ആയിട്ടില്ല. ഇക്കാര്യത്തിൽ നിനക്ക് സംശയമുണ്ടെങ്കിൽ ഖാമൂസ്, താജുൽ ഉറൂസ് സ്വിഹാഹ് തുടങ്ങിയ ഗ്രന്ഥങ്ങളും ലിസാനുൽ അറബെന്ന മഹദ്ഗ്രന്ഥവും അതുപോലെ അറബി ഭാഷ്യക്കാരും പദ്യ ഗദ്യരചയിതാക്കളുടെ രചനകളും പൗരാണിക രചനകളും, കവിതകളും ശ്രദ്ധാപൂർവ്വം നോക്കിക്കൊൾക. ഇപ്പറഞ്ഞതിനു വിപരീതമായി സ്ഥാപിക്കാൻ സാധിക്കുകയാണെങ്കിൽ നാം നിങ്ങൾക്ക് ആയിരം രൂപ ഇനാം നൽകുന്നതാണ്. പ്രവാചകശിരോമണിയുടെ വചനങ്ങളേയും സാഹിത്യനിപുണന്മാരുടെ നേതാക്കളുടെ വചനങ്ങളുടെയും അവയുടെ യഥാസ്ഥാനങ്ങളിൽനിന്ന് അവയുടെ യഥാർഥ അർഥങ്ങളെ വളച്ചൊടിക്കാൻ ശ്രമിക്കരുത്. ഓ ദരിദ്രവാസി നീ ദൈവത്തെ ഭയപ്പെടുക! അറബികളെക്കാളും അനറബികളെക്കാളും സാഹിത്യനിപുണനും പാശ്ചാത്യ പൗരസ്ത്യ ദേശങ്ങളിൽ സർവ്വ സ്വീകാര്യനുമായ ആ സമ്പൂർണനായ മഹാനുഭാവനു മുന്നിൽ ധാർഷ്ട്യം കാണിക്കാതിരിക്കുക. അല്ലാഹുവിന്റെയും അവന്റെ ദൂതന്റെയും അന്തസ്സ് പരിഗണിക്കാതിരിക്കാൻ നിനക്ക് എന്ത് സംഭവിച്ചു?" (നൂറുൽ ഹഖ്, റൂഹാനി ഖസാഇൻ, വാള്യം 8, പേജ് 197)

അവിടന്ന് വീണ്ടും പറയുന്നു: "കഴിഞ്ഞകാലങ്ങളിൽ ഇതുപോലെയുള്ള ഒരു സംഭവം നിങ്ങൾക്ക് എടുത്തുകാണിക്കാൻ സാധിക്കുമോ? അതായത് താൻ അല്ലാഹുവിൽനിന്നുള്ള ഒരാളാണെന്ന് വാദിക്കുകയും അദ്ദേഹത്തിന്റെ കാലഘട്ടത്തിൽ നിങ്ങൾ ഇപ്പോൾ കണ്ടതുപോലെ റമളാൻ മാസത്തിൽ ചന്ദ്രനും സൂര്യനും ഗ്രഹണം ബാധിച്ചതായി കാണുകയും ചെയ്തിട്ടുണ്ടോ? നിങ്ങൾക്ക് അങ്ങനെ വല്ലതും കണ്ടെത്താൻ കഴനിയുന്നുവെങ്കിൽ എടുത്തുവരുവിൻ. നിങ്ങൾക്ക് ആയിരം രൂപ സമ്മാനം നൽകുന്നതാണ്. അങ്ങനെ ചെയ്തു കാണിക്കുവാൻ കഴിയുമെങ്കിൽ നിങ്ങൾക്കുള്ളതാണ് ഈ സമ്മാനം. അങ്ങനെ സ്ഥാപിക്കുവാൻ കഴിഞ്ഞില്ലെങ്കിൽ -ഇല്ല, നിങ്ങൾക്കൊരിക്കലും അങ്ങനെ കാണിക്കുവാൻ സാധിക്കുകയില്ല- കുഴപ്പം സൃഷ്ടിക്കുന്നവർക്കുവേണ്ടി അല്ലാഹു തയ്യാറാക്കിയിട്ടുള്ള അഗ്നിയെ നിങ്ങൾ ഭയപ്പെടുക." (നൂറുൽ ഹഖ്, റൂഹാനി ഖസാഇൻ, വാള്യം 8, പേജ് 20)

ഇനി മഹത്തായ മറ്റൊരു ദൈവികപിന്തുണയെ കുറിച്ച് നമുക്ക് നോക്കാം. അത് പ്രവചനങ്ങളാണ്. അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ദൃഷ്ടാന്തങ്ങളും മുഅ്ജിസത്തുകളും നിറഞ്ഞ പ്രവചനങ്ങൾ നല്കി. അത് ആ മഹാത്മാവിന്റെ സത്യത്തിനുള്ള ഏറ്റവും വലിയ അടയാളമാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "നുബുവ്വത്തിന്റെ അടയാളങ്ങളിൽ അതിമഹത്തായ ദൃഷ്ടാന്തമായ മുഅ്ജിസത്തായി പ്രവചനങ്ങളുടെ മുഅ്ജിസത്താണ് ഗണിക്കപ്പെടുന്നത്. പ്രവചനങ്ങൾക്ക് സമാനമായ മറ്റൊരു മുഅ്ജിസത്തും ഇല്ലതന്നെ. അതിനാൽ ദൈവനിയുക്തനായ മഹാത്മാക്കളെ അവരുടെ പ്രവചനങ്ങളിലൂടെ തിരിച്ചറിയേണ്ടതാണ്.' (ലക്ചർ ലുധിയാന, റൂഹാനി ഖസാഇൻ, വാള്യം 20, പേജ് 256)

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് അല്ലാഹു ആയിരക്കണക്കിന് പ്രവചനങ്ങൾ നല്കിയിട്ടുണ്ട്. മസീഹ് മൗഊദ്(അ)തന്റെ തിർയാഖുൽ ഖുലൂബ് എന്ന ഗ്രന്ഥത്തിൽ 75ഉം, നുസൂലുൽ മസീഹിൽ 150ഉം, ഹഖീഖത്തുൽ വഹ്‌യിൽ 208ഉം പ്രവചനങ്ങൾ ദൃഷ്ടാന്തങ്ങളായും, ദൈവികസഹായങ്ങളായും മുഅ്ജിസത്തുകളായും ഉല്ലേഖനം ചെയ്തിട്ടുണ്ട്. അവിടന്ന് പറയുന്നു. "എന്റെ ഗ്രന്ഥമായ നുസൂലുൽ മസീഹ് നോക്കിയാൽ അടയാളങ്ങൾ വെളിപ്പെടുത്തുന്നതിൽ ഒരുതരത്തിലുള്ള വിവേചനവും അല്ലാഹു കാണിച്ചിട്ടില്ലെന്ന് നിങ്ങൾക്ക് മനസ്സിലാകുന്നതാണ്. ഭൂമിയുടെ ഒരു വലിയ ഭാഗം സമുദ്രത്താൽ നിറഞ്ഞിരിക്കുന്നതുപോലെ ഈ പ്രസ്ഥാനം അല്ലാഹുവിന്റെ അടയാളങ്ങളാൽ നിറഞ്ഞിരിക്കുകയാണ്. ഏതെങ്കിലും തരത്തിലുള്ള അടയാളങ്ങൾ വെളിപ്പെടാതെ ഒരു ദിവസവും കടന്നുപോകുന്നില്ല.'' (തജല്ലിയാത്തെ ഇലാഹിയ്യ, റൂഹാനി ഖസാഇൻ, വാള്യം 20, പേജ് 411)

ഹദ്റത്ത് മസീഹ് മൗഊദ്(അ)

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "ഒരു വിശ്വാസിയെ സംബന്ധിച്ചിടത്തോളം ഒരു ദൃഷ്ടാന്തംതന്നെ മതിയാകുന്നതാണെന്നും ഇതുകൊണ്ടുതന്നെ അയാളുടെ ഹൃദയം വിറകൊള്ളുന്നതാണെന്നും ഞാൻ പറയുന്നു. എന്നാൽ, ഇവിടെയാണെങ്കിൽ ഒന്നല്ല, നൂറുക്കണക്കിൽ ദൃഷ്ടാന്തങ്ങൾ കാണപ്പെടുന്നു. എന്നുമാത്രമല്ല അവ എണ്ണിത്തിട്ടപ്പെടുത്തുവാൻ സാധിക്കാത്തത്ര അധികമാണെന്നു ഞാൻ വാദിക്കുകയാണ്.' (ലക്ചർ ലുധിയാന, റൂഹാനിഖസാഇൻ, വാള്യം 20, പേജ് 257)

പറയുന്നു: ''ഒരു വിശ്വാസിയെ സംബന്ധിച്ചിടത്തോളം ഒരു ദൃഷ്ടാന്തംതന്നെ മതിയാകുന്നതാണെന്നും ഇതുകൊണ്ടുതന്നെ അയാളുടെ ഹൃദയം വിറകൊള്ളുന്നതാണെന്നും ഞാൻ പറയുന്നു. എന്നാൽ, ഇവിടെയാണെങ്കിൽ ഒന്നല്ല, നൂറുക്കണക്കിൽ ദൃഷ്ടാന്തങ്ങൾ കാണപ്പെടുന്നു. എന്നുമാത്രമല്ല അവ എണ്ണിത്തിട്ടപ്പെടുത്തുവാൻ സാധിക്കാത്തത്ര അധികമാണെന്നു ഞാൻ വാദിക്കുകയാണ്.' (ലക്ചർ ലുധിയാന, റൂഹാനിഖസാഇൻ, വാല്യം 20, പേജ് 257)

ഹദ്റത്ത് മസീഹ് മൗഊദ്(അ) ദൃഷ്ടാന്തങ്ങൾക്കുമേൽ ദൃഷ്ടന്തങ്ങൾ കാണിച്ചുകൊണ്ടേയിരുന്നു. എന്നാൽ, എതിരാളികൾ അതെല്ലാം നിഷേധിച്ചുകൊണ്ടിരിക്കുകയും ചെയ്തു. മിർസാസാഹിബിന്റെ എല്ലാ പ്രവചനങ്ങളും കള്ളമായി പുലർന്നുവെന്ന് മൗലവി ഥനാഉല്ലാഹ് അമൃത്സരി വിവാദരംഗത്ത് ലജ്ജാകരമായ ഒരു കളവ് പറയുകയാണ് ചെയ്തത്. ഇതു കൂടാതെയും പല കളവുകളും ആ മനുഷ്യൻ പറഞ്ഞു. അതിനൊക്കെ മറുപടിയായി ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇഅ്ജാസെ അഹ്മദി എന്നൊരു ഗ്രന്ഥം പ്രസിദ്ധീകരിച്ചു. മൗലവി ഥനാഉല്ലായുടെ ആക്ഷേപങ്ങൾക്ക് മറുപടിയായി മസീഹ് മൗഊദ്(അ) എഴുതി. "സത്യവാനാണെങ്കിൽ ഖാദിയാനിൽ വന്ന് എന്റെ ഏതെങ്കിലുമൊരു പ്രവചനം കള്ളമാണെന്ന് സ്ഥാപിക്കുക. അപ്രകാരം ഓരോ പ്രവചനങ്ങൾക്കും നൂറുനൂറു രൂപ വീതം സമ്മാനമായി അയാൾക്ക് നൽകുന്നതായിരിക്കും. കൂടാതെ പോക്കുവരവിനുള്ള ചെലവുകൾ വേറെയും നൽകുന്നതാണ്.' (ഇഅ്ജാസെ അഹ്മദി, റൂഹാനി ഖസാഇൻ, വാല്യം 19, പേജ് 112)

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "ഓർത്തുകൊള്ളുവിൻ! നുസൂലുൽ മസീഹ് എന്ന ഗ്രന്ഥത്തിൽ ഞാൻ 150 പ്രവചനം രേഖപ്പെടുത്തിയിട്ടുണ്ട്. അതുകൊണ്ടുതന്നെ ഇത് കളവാകുന്നപക്ഷം മൗലവി സനാഉല്ലാഹ് സാഹിബിന് പതിനഞ്ചായിരം രൂപ കൊണ്ടുപോകാവുന്നതാണ്. എന്നുമാത്രമല്ല ഇപ്രകാരം ദൂഷ്യം പറഞ്ഞുനടക്കുന്നതിൽനിന്ന് അദ്ദേഹത്തിന് രക്ഷപ്പെടുകയും ചെയ്യാം. അതുമല്ല ഈ പ്രവചനങ്ങളോടൊപ്പം അതിനെ സ്ഥാപിക്കുന്ന വേറെ തെളിവുകളും ഈ വാദത്തിന്റെ അടിസ്ഥാനത്തിൽത്തന്നെ ഓരോ പ്രവചനത്തിനും നൂറുരൂപ നൽകികൊണ്ടേയിരിക്കും. ഇപ്പോൾ ഒരു ലക്ഷത്തിലധികം ആളുകളാണ് എന്റെ ജമാഅത്തിലുള്ളത്. ചുരുക്കത്തിൽ ഞാൻ മൗലവി സനാഉല്ലാഹ് സാഹിബിനുവേണ്ടി എന്റെ ജമാഅത്തംഗങ്ങളിൽനിന്ന് ഓരോ രൂപ വീതം വാങ്ങിയാലും ഒരുലക്ഷം രൂപയാകും. അതെല്ലാം അദ്ദേഹത്തിന് കൊടുക്കുന്നതുമാണ്. രണ്ട് ചില്ലി കാശിനുവേണ്ടി ദൈവകോപം വിളിച്ചുവരുത്തുന്ന ദൂഷ്യം പറഞ്ഞുനടക്കുന്നതും, സ്വന്തം അനുയായികളുടെ മരണത്തിന് കഫൻ തുണി അണിയിച്ചും വഅള് പറഞ്ഞുനടന്നും നിത്യജീവിതച്ചെലവ് നടത്തുന്ന ഇദ്ദേഹത്തന് ഒരുലക്ഷം രൂപ ലഭിക്കുക എന്നത് അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം ഒരു സ്വർഘം ലഭ്യമാകലാണ്. എന്നാൽ, ഞാൻ വിശദീകരിച്ച ഇക്കാര്യത്തിലേക്ക് ശ്രദ്ധിക്കാതിരിക്കുകയും, ഞാൻവെച്ച നിബന്ധനകളോടുകൂടി നിജസ്ഥിതി അറിയുവാൻ ഖാദിയാനിൽ വരാതിരിക്കുകയുമാണെങ്കിൽ ലുധിയാന എന്ന സ്ഥലത്തുവെച്ച് നടന്ന വ്യർഥമായ വർത്തമാനങ്ങളുടെയും നിർലജ്ജങ്ങളായ കളവുകളുടേയുംമേൽ ശാപമുണ്ടാകുന്നതാണ്." ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'ഞാൻ വാദത്തോടുകൂടി പറയുന്നു. അങ്ങേയറ്റം സ്പഷ്ടമായി പുലർന്ന എന്റെ ആയിരക്കണക്കിന് വ്യക്തമായ പ്രവചനങ്ങളുണ്ട്. ലക്ഷക്കണക്കിനാളുകൾ ഇതിന് സാക്ഷികളാണ്. അതിന്റെ ഉദാഹരണങ്ങൾ കഴിഞ്ഞുകടന്ന പ്രവാചകന്മാരിൽ തിരഞ്ഞാൽ, നബി തിരുമേനി(സ)യിലല്ലാതെ മറ്റൊരിടത്തും അതിനുദാഹരണം ലഭിക്കുകയില്ല.'' (കശ്തിയെനൂഹ്, റൂഹാനീ ഖസാഇൻ വാല്യം 19, പേജ് 6)

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ''കഴിഞ്ഞ 1300 വർഷത്തിന്നിടയിൽ അല്ലാഹു എന്നോട് സംസാരിക്കുകയും ഭാഷണം നടത്തുകയും, അദൃശ്യകാര്യങ്ങൾ വെളിപ്പെടുത്തുകയും ചെയ്തതുപോലെ എനിക്ക് അനുഗ്രഹങ്ങൾ നല്കിയതുപോലെ ആർക്കുംതന്നെ നൽകിയിട്ടില്ല. ഇനി ആരെങ്കിലും ഇക്കാര്യം നിഷേധിക്കുകയാണെങ്കിൽ അതിനുള്ള തെളിവ് കൊണ്ടുവരേണ്ടതും അങ്ങനെയുള്ളവരുടെ ഉത്തരവാദിത്വമായിരിക്കും.'' (ഹഖീഖത്തുൽ വഹ്യ്, റൂഹാനീ ഖസാഇൻ വാല്യം 22, പേജ് 406)

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "കഴിഞ്ഞ 1300 വർഷത്തിന്നിടയിൽ അല്ലാഹു എന്നോട് സംസാരിക്കുകയും ഭാഷണം നടത്തുകയും, അദൃശ്യകാര്യങ്ങൾ വെളിപ്പെടുത്തുകയും ചെയ്തതുപോലെ എനിക്ക് അനുഗ്രഹങ്ങൾ നല്കിയതുപോലെ ആർക്കുംതന്നെ നൽകിയിട്ടില്ല. ഇനി ആരെങ്കിലും ഇക്കാര്യം നിഷേധിക്കുകയാണെങ്കിൽ അതിനുള്ള തെളിവ് കൊണ്ടുവരേണ്ടതും അങ്ങനെയുള്ളവരുടെ ഉത്തരവാദിത്വമായിരിക്കും." (ഹഖീഖത്തുൽ വഹ്യ്, റൂഹാനീ ഖസാഇൻ വാല്യം 22, പേജ് 406)

അവിടന്ന് വീണ്ടും പറയുന്നു: “ഇനി ലോകത്തുള്ള എല്ലാ സമുദായങ്ങളും ഒരുമിച്ചുകൂടി എനിക്കെതിരിൽ നിന്നുകൊണ്ട് ആർക്കാണ് അല്ലാഹു അദൃശ്യകാര്യങ്ങൾ അറിയിക്കുന്നത് ആർക്കുവേണ്ടിയാണ് അവൻ വലിയ വലിയ അടയാളങ്ങൾ പ്രകടിപ്പിക്കുന്നതെന്നുമുള്ള കാര്യത്തിൽ ഏറ്റുമുട്ടുകയാണെങ്കിൽ നിശ്ചയമായും ഞാൻ വിജയശ്രീലാളിതനായിത്തീരുന്നതാണ്.'' (ഹഖീഖത്തുൽ വഹ്‌യ്, റൂഹാനീ ഖസാഇൻ വാള്യം 22, പേജ് 181)

ആ മഹാത്മാവ് പറയുന്നു:“ഞാൻ അല്ലാഹുവിൽനിന്ന് ദൃഢമായ ജ്ഞാനം കരസ്ഥമാക്കിക്കൊണ്ട് പറയുകയാണ്, ഈ മൗലവിമാർ എല്ലാവരും തങ്ങളുടെ പീർമാരേയും ഒരുമിച്ചുകൂട്ടി ദിവ്യബോധനത്തിന്റെ കാര്യത്തിൽ ഞാനുമായി നേരിടാൻ തയ്യാറാവുകയാണെങ്കിൽ അല്ലാഹു അവർക്കെതിരിൽ എനിക്ക് വിജയം നൽകുന്നതാണ്. കാരണം ഞാൻ ദൈവത്തിൽനിന്നുള്ളവനാണ്.'' (അഞ്ചാമെ ആഥം, റൂഹാനീ ഖസാഇൻ, വാള്യം 11, പേജ് 341)

ഇനി അടുത്തതായി അല്ലാഹുവിൽനിന്ന് മസീഹ് മൗഊദ്(അ)ന് ലഭിച്ച മറ്റൊരു മഹത്തായ സഹായത്തെക്കുറിച്ച് ഞാൻ പ്രതിപാദിക്കുകയാണ്. അത് ആ മഹാത്മവിന് ലഭിച്ച ഖുർആനികജ്ഞാനത്തിന്റേതായിരുന്നു. അവിടന്ന് പറയുന്നു: “ഇന്നേക്ക് ഇരുപത് കൊല്ലം മുമ്പേ ബറാഹീനെ അഹ്‌മദിയ്യായിൽ ഈ ഇൽഹാം കാണാവുന്നതാണ്.**അർറഹ്‌മാനു അല്ലമൽ ഖുർആൻ** ഈ ഇൽഹാമിന്റെ അടിസ്ഥാനത്തിൽ അല്ലാഹു എനിക്ക് ഖുർആനികജ്ഞാനം തന്നരുളിയിരിക്കുന്നു. എന്നെ അവൻ സമുദ്രത്തെപ്പോലെ ദിവ്യജ്ഞാനങ്ങളാലും സത്യതത്ത്വജ്ഞാനങ്ങളാലും നിറച്ചിരിക്കുന്നു. എനിക്ക് അവൻ അടിക്കടി ഇൽഹാം (ദിവ്യവെളിപാടുകൾ) നൽകിക്കൊണ്ടിരിക്കുന്നു. ഈ കാലഘട്ടത്തിൽ, ദൈവികജ്ഞാനങ്ങളിലും ദൈവസ്നേഹത്തിലും നിന്റെ ദിവ്യജ്ഞാനത്തോടും നിന്റെ സ്നേഹത്തോടും കിടപിടിക്കുന്നവൻ വേറെ ആരുമില്ല എന്നവൻ പറയുന്നു.'' (ളറൂറത്തുൽ ഇമാം, റൂഹാനി ഖസാഇൻ, വാള്യം 13, പേജ് 502)

അവിടന്ന് പറയുന്നു: ''ഇനി മറ്റൊരു പ്രവചനം അത് ദൈവിക ദൃഷ്ടാന്തമാണ്. **അർറഹ്‌മാനു അല്ലമൽ ഖുർആൻ** എന്നതാണത്. ഈ ആയത്തിൽ അല്ലാഹു ഖുർആനിക ജ്ഞാനം വാഗ്ദാനം ചെയ്തിരിക്കുന്നു. ഒരാൾക്കും ഖുർആനികജ്ഞാനത്തിൽ എന്നെ നേരിടാൻ സാധിക്കാത്തതരത്തിൽ അല്ലാഹു ഈ വാഗ്ദാനം പൂർത്തീകരിച്ചു. ഈ രാജ്യത്തുള്ള മൗലവിമാരിൽനിന്ന് ഏതെങ്കിലുമൊരു മൗലവി ഖുർആനികജ്ഞാനത്തിന്റെ അടിസ്ഥാനത്തിൽ ഞാനുമായി നേരിടുകയും ഏതെങ്കിലുമൊരു അധ്യായത്തിന്റെ തഫ്‌സീർ ഞാൻ എഴുതുകയും എതിരാളിയും അങ്ങനെയൊന്ന് എഴുതുകയുമാണെങ്കിൽ അയാൾ തികച്ചും നിന്ദ്യനാവുകയും എനിക്കെതിരിൽ പരാജയപ്പെടുകയും ചെയ്യും. എന്നെ നേരിടാൻ സാധിക്കുകയില്ല. അതുകൊണ്ടുതന്നെയാണ് ഞാൻ പലതവണ ആവർത്തിച്ചാവർത്തിച്ചു വിളിച്ചിട്ടും മൗലവിമാർ ഈ വെല്ലുവിളി സ്വീകരിക്കാതിരിക്കുന്നത്. നീതിബോധവും വിശ്വാസവുമുള്ളവർക്ക് ഇത് മഹത്തായൊരു തെളിവാണ്.” (അഞ്ചാമെ ആഥം, റൂഹാനി ഖസാഇൻ, വാള്യം 11, പേജ് 201)

ഹദ്റത്ത് മസീഹ് മൗഊദ്(അ) അറബി വിജ്ഞാനത്തിലും ഖുർആനികജ്ഞാനത്തിലും ഒരറിവുമില്ലാത്ത ആളാണെന്ന് മുഹമ്മദ് ഹുസയ്ൻ ബട്ടാലവി അക്രമത്തിന്റെയും അനീതിയുടേയും മാർഗത്തിലൂടെ സാധാരണജനങ്ങളിൽ പ്രസിദ്ധം ചെയ്തുകൊണ്ടേയിരുന്നു. എന്നാൽ, പൊതുജനങ്ങളെ വഴികേടിൽനിന്ന് രക്ഷിക്കുവാനും മുഹമ്മദ് ഹുസയ്ൻ ബട്ടാലവിയുടെ കള്ളം വെളിപ്പെടുത്താനും വേണ്ടി ഹദ്റത്ത് മസീഹ് മൗഊദ്(അ) അദ്ദേഹത്തെ ഖുർആൻ തഫ്‌സീറിൽ താനുമായി നേരിടാൻ വെല്ലുവിളിച്ചു. എന്നാൽ, മുഹമ്മദ് ഹുസയ്ൻ ബട്ടാലവി പലതരത്തിലുള്ള ഒഴിവുകഴിവുകളും വിവിധ കുതന്ത്രങ്ങളും പലതരത്തിലുള്ള അനാവശ്യ നിബന്ധനകളും വെച്ചുകൊണ്ട് ഓടിരക്ഷപ്പെടുകയാണുണ്ടായത്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) രണ്ടാംതവണ വീണ്ടും ന്യായ പൂർത്തീകരണമെന്നോണം തന്നെ നേരിടാൻ ഹുസയ്ൻ ബട്ടാലവിയെ വിളിക്കുകയും കറാമാത്തുസ്വാദിഖീൻ എന്ന ഗ്രന്ഥം ഏതാനും ചില ദിനങ്ങൾകൊണ്ട് എഴുതി പ്രസിദ്ധീകരിക്കുകയും ചെയ്തു. പ്രസ്തുത ഗ്രന്ഥത്തിൽ സൂറഃ ഫാത്തിഹായുടെ തഫ്‌സീറും ഹദ്റത്ത് നബി(സ)തിരുമേനിയെ പ്രകീർത്തിച്ചുകൊണ്ട് 661 വരികളടങ്ങുന്ന നാല് ഖസീദയും എഴുതിക്കൊണ്ട് അതിന് തത്തുല്യമായത് സമർപിക്കുവാൻ മുഹമ്മദ് ഹുസയ്ൻ ബട്ടാലവിയെ പ്രത്യേകിച്ചും മറ്റു മൗലവിമാരെ പൊതുവെയും ഒരുമാസത്തെ അവധി വെച്ചുകൊണ്ട് വെല്ലുവിളിച്ചുകൊണ്ട് പറഞ്ഞു: ‘മൂന്നാളെ സാക്ഷിനിറുത്തിക്കൊണ്ട് തന്റെ കവിതകളും വ്യാഖ്യാനങ്ങളും എന്റെ കവിതകളെക്കാളും വ്യാഖ്യാനങ്ങളെക്കാളും ഉന്നതമാണെന്ന് തെളിയിക്കുകയും ഒരുമാസത്തെ അവധിക്കുള്ളിൽ ഇത് പ്രസിദ്ധീകരിക്കുകയും ചെയ്താൽ അങ്ങനെയുള്ള ആൾക്ക് ഞാൻ ആയിരം രൂപ അയാളുടെ കൈയിൽ റൊക്കമായി കൊടുക്കുന്നതാണ്.” (കറാമാത്തുസ്വാദിഖീൻ, റൂഹാനി ഖസാഇൻ, വാള്യം 7, പേജ് 47)

അവിടന്ന് പറയുന്നു: ''തലയിൽ അഹങ്കാരത്തിന്റെയും പൊങ്ങച്ചത്തിന്റെയും കീടങ്ങളുള്ള ഈ മൗലവിമാരെല്ലാം ഈ വിനീതനുമേൽ അടിക്കടി കുഫ്‌റ് ഫത്‌വയും മതപരിത്യാഗവും ആരോപിച്ചുകൊണ്ടിരിക്കുന്നു. അവർ സ്വയം എന്തൊക്കെയോ ആണെന്ന് അഹങ്കരിക്കുന്നു. അവർ ഡൽഹിയിലുള്ളവരാകട്ടെ, ലഖ്നൗ

വിലുള്ളവരാകട്ടെ, ലാഹോറിലുള്ള വരാകട്ടെ മറ്റേതെങ്കിലും നഗരങ്ങളി ലുള്ളവരാകട്ടെ അവർക്ക് അല്പമെ ങ്കിലും ലജ്ജയുണ്ടെങ്കിൽ നാമു മായി ഏറ്റുമുട്ടുകയും ആയിരം രൂപ സമ്മാനത്തുക കരസ്ഥമാക്കുകയും ചെയ്യട്ടെ." (കറാമാത്തുസ്വാദിഖീൻ, റൂഹാനി ഖസാഇൻ, വാള്യം 7, പേജ് 63)

മാന്യശ്രോതാക്കളേ! ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇതിനുശേഷം പീർ മെഹ്ർ അലി ശാഹ് ഗോൽഡ വിയെ പ്രത്യേകമായും മറ്റു പണ്ഡി തന്മാരെ പൊതുവേയും ലാഹോ റിലെ ഒരു സമ്മേളനത്തിൽ വിശു ദ്ധഖുർആന്റെ നാല്പത് ആയത്തു കളുടെ അറബി തഫ്സീർ എഴുതി താനുമായി ഏറ്റുമുട്ടുന്നതിന് വെല്ലു വിളിക്കുകയുണ്ടായി. എന്നാൽ, പീർ മെഹ്ർ അലിശാഹ് വിവിധ കുതന്ത്ര ങ്ങളും തടസ്സങ്ങളും ഉന്നയിച്ച് പിന്തി രിഞ്ഞോടുകയാണ് ചെയ്തത്. പിന്നീട് പൊതുജനങ്ങളെ തെറ്റിദ്ധ രിപ്പിക്കാൻ താൻ മിർസാ സാഹിബു മായി ഏറ്റുമുട്ടാൻ തയ്യാറാണെന്നും അതിനു സാധിക്കുമെന്നും പറഞ്ഞു കൊണ്ടേയിരുന്നു.

ഒരു പ്രവാചകന്റെ പ്രവൃത്തി അടിക്കടി ഹുജ്ജത്ത് പൂർത്തീകരി ച്ചുകൊണ്ടിരിക്കുക എന്നതാണ്. കാരണം അത് സത്യാത്മാക്കൾക്ക് മാർഗദർശനം ഉൾക്കൊള്ളുന്നതിനു കാരണമായിത്തീരും. വീണ്ടും രണ്ടാംതവണ ഹുജ്ജത്ത് (ന്യായ പൂർത്തീകരണത്തിനുവേണ്ടി) സൂറാഃഫാത്തിഹയുടെ തഫ്സീർ 70 ദിവസങ്ങൾക്കുള്ളിൽ വീട്ടിലിരുന്ന് എഴുതി പ്രസിദ്ധീകരിക്കണമെന്നും ഞാനും അതുപോലെ ചെയ്യുന്നതാ ണെന്നും അറിയിച്ചു. മാത്രമല്ല, ഈ തഫ്സീർ രചിക്കുന്നതിനുവേണ്ടി ലോകത്തുള്ള എല്ലാ പണ്ഡിതന്മാ രുടെയും സഹായം അദ്ദേഹത്തിന് തേടാവുന്നതാണെന്നും, എല്ലാ അറ ബിഭാഷാ പണ്ഡിതന്മാരെയും സാഹിത്യകാരന്മാരെയും അദ്ദേഹ ത്തിന് വിളിക്കാവുന്നതാണെന്നും അവിടന്ന് അറിയിച്ചു. ലാഹോറിലും മറ്റു നാടുകളിലുമുള്ള അറബിപ ണ്ഡിതന്മാരെയും പ്രൊഫസർമാ രേയും സഹായത്തിന് വിളിക്കാവു ന്നതാണ്. 1900 ഡിസംബർ 15മുതൽ 70 ദിവസത്തിനുള്ളിൽ ഈ ജോലി ക്കുവേണ്ടി നാം അവർക്ക് കാലയ ളവ് നൽകുന്നു. തഫ്സീർ എഴുതി യതിനുശേഷം മൂന്ന് അറബി സാഹി ത്യകാരന്മാർ അദ്ദേഹത്തിന്റെ തഫ്സീർ സമഗ്രവും സാഹിത്യസ മ്പുഷ്ടവുമാണോ എന്ന് തീരുമാനി ക്കട്ടെ. അത് ജ്ഞാനസമ്പൂർണമാ ണെങ്കിൽ ഞാൻ 500 രൂപ റൊക്കം നൽകുന്നതായിരിക്കുമെന്നും എന്റെ എല്ലാ ഗ്രന്ഥങ്ങളും കത്തിച്ച് ചാ മ്പലാക്കുകയും അയാളുടെ കൈയിൽ ബൈഅത്ത് ചെയ്യുകയും ചെയ്യുന്നതുമാണെന്ന് മസീഹ് മൗഊദ്(അ)പ്രഖ്യാപിച്ചു. (അർബ ഈൻ നമ്പർ 4, റൂഹാനി ഖസാഇൻ, വാള്യം 17, പേജ് 449)

നിശ്ചിത അവധിക്കുള്ളിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇഅ് ജാസുൽ മസീഹ് എന്ന പേരിൽ സാഹിത്യസമ്പുഷ്ടമായ വളരെ ഉയർന്നനിലവാരത്തിലുള്ള സൂറഃ ഫാത്തിഹായുടെ തഫ്സീർ പ്രസി ദ്ധീകരിച്ചു. എന്നാൽ, പീർ മെഹ്ർ അലിക്ക് ഒന്നുംതന്നെ പ്രസിദ്ധം ചെയ്യാനുള്ള തൗഫീഖ് ലഭിച്ചില്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറ യുന്നു:അയാളുടെ പേര് മെഹ്ർ അലി എന്നല്ല. മറിച്ച്, മുഹ്ർ അലി എന്നാണ്. കാരണം ഈ വിനീതനും അദ്ദേഹത്തെ നിശബ്ദനാക്കി യതുകൊണ്ട് എന്റെ ഗ്രന്ഥമായ ഇഅ്ജാസുൽ മസീഹിന്റെ അത്ഭുതം അദ്ദേഹത്തിനുമേൽ മുദ്ര യായിത്തീർന്നു.' (നുസൂലിൽമസീ ഹ്, റൂഹാനി ഖസാഇൻ, വാള്യം 18, പേജ് 432)

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'ഏതൊരുവന്റെ കൈക ളിൽ എന്റെ ജീവനിരിക്കുന്നുവോ അവനാണ! വിശുദ്ധഖുർആന്റെ യാഥാർഥ്യങ്ങളും തത്ത്വസാരങ്ങളും മനസ്സിലാക്കുന്ന കാര്യത്തിൽ അല്ലാ ഹു എനിക്ക് എല്ലാവരുടേയുംമേൽ വിജയം തന്നരുളിയിരിക്കുന്നു. ഞാൻ ഖുർആന്റെ തഫ്സീറിനു വേണ്ടി അടിക്കടി മൗലവിമാരെ വിളി ച്ചതുപോലെ ഏതെങ്കിലുമൊരു എതി രാളിയെ മൗലവി ഞാനുമായി ഏറ്റു മുട്ടാൻ തയ്യാറായാൽ ദൈവം അയാളെ ലജ്ജിതനും നിന്ദിതനുമാ ക്കിത്തീർക്കും. എനിക്ക് വിശുദ്ധ ഖുർആന്റെ ആശയങ്ങൾ നൽകപ്പെ ട്ടിരിക്കുന്നു എന്നത് അല്ലാഹു എനിക്ക് നൽകിയ ഏറ്റവും വലിയ ദൃഷ്ടാന്തം തന്നെയാണ്.'(സിറാജെമു നീർ, റൂഹാനീ ഖസാഇൻ വാള്യം 12, പേജ് 41)

ലാഹോറിലെ മുൻശി ഇലാഹി ബഖ്ശ് അക്കൗണ്ടന്റ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ശിഷ്യ രിൽപെട്ട ആളായിരുന്നു. ആത്മാർഥ തയിലും കൂറിലും വളരെ ഉയർന്ന നിലവാരത്തിലുള്ള ആളായിരുന്നു. 1889ൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ജമാഅത്തിന് അസ്തിവാരമിടു കയും തന്റെ മുരീദുമാരോട് തനിക്ക് ബയ്അത്ത് ചെയ്യാൻ നിർദേശിക്കു കയും ചെയ്തപ്പോൾ മുൻശി ഇലാഹി ബഖ്ശ് പെട്ടെന്ന് പതറി പിന്തിരിഞ്ഞുകളഞ്ഞു. മുൻശി ഇലാഹി ബഖ്ശ് ഖാദിയാനിൽ വന്ന് ലക്കുലഗാനുമില്ലാതെ തനിക്കു ണ്ടായ സ്വപ്നങ്ങളും ഇൽഹാമുക ളും ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ കേൾപിച്ചു. അയാൾ പറഞ്ഞു: 'ഞാൻ താങ്കളോട് ഞാനെന്തിന് താങ്കൾക്കു ബയ് അത്തു ചെയ്യണം എന്നു പറയുന്ന തായി സ്വപ്നം കണ്ടു;താങ്കൾ എനിക്ക് ബയ്അത്തു ചെയ്യുക.' തുടർന്ന് തന്റെ ഈ പഴയ സുഹൃ ത്തിനെ നാശത്തിൽനിന്ന് രക്ഷി ക്കാൻവേണ്ടി ഹദ്റത്ത് മസീഹ് മൗഊദ്(അ) അങ്ങേയറ്റം മഹത്തായ ഒരു ഗ്രന്ഥം ളറൂറത്തുൽ ഇമാം (ഇമാമിന്റെ ആവശ്യകത) എന്ന പേരിൽ പ്രസിദ്ധീകരിച്ചുകൊണ്ട് പറ ഞ്ഞു: എന്റെ പ്രിയസുഹൃത്തേ! നാം ദിവ്യജ്ഞാനത്തിലും സത്യത ത്ത്വങ്ങളിലും ആത്മീയാനുഗ്രഹങ്ങ ളിലും വിശന്നവനും ദാഹിച്ചവനുമാ കുന്നു. ഒരു സമുദ്രം മുക്കിക്കുടി ച്ചാലും തൃപ്തിപ്പെടുകയില്ല. ആരെ ങ്കിലും നമ്മെ തന്റെ ദാസ്യത്തി

ലേക്ക് എടുത്തുകൊള്ളാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ ബയ്അത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും അതിന്റെ യഥാർഥമായ തത്ത്വജ്ഞാനവും ഉൾക്കൊണ്ടുകൊണ്ട് നാമുമായി ഈ ക്രയവിക്രയം നടത്തുന്നത് വളരെ എളുപ്പമുള്ള കാര്യമാകുന്നു. അദ്ദേഹത്തിന്റെ പക്കൽ നമുക്ക് നൽകപ്പെട്ടിട്ടില്ലാത്ത സ്വർഗ്ഗീയാനുഗ്രഹങ്ങളും സത്യതത്ത്വജ്ഞാനങ്ങളും ദിവ്യസമ്പത്തുകളും ഉണ്ടെങ്കിലും, നമുക്ക് തുറന്നുതന്നിട്ടില്ലാത്ത ഖുർആനികജ്ഞാന നിധികൾ അദ്ദേഹത്തിന് തുറന്നുകിട്ടിയിട്ടുണ്ടെങ്കിലും ബിസ്മില്ലാഹ് ആ വന്ദ്യാത്മാവ് നമ്മുടെ ദാസ്യത്തിന്റേയും അനുസരണത്തിന്റേയും കൈ സ്വീകരിച്ചുകൊള്ളട്ടെ. ആത്മീയജ്ഞാനങ്ങളും ഖുർആനിക രഹസ്യങ്ങളും സ്വർഗീയാനുഗ്രഹങ്ങളും അദ്ദേഹം നമുക്ക് പകരം നല്കുകയും ചെയ്യട്ടെ! അധികമായ ക്ലേശങ്ങൾ ഏൽപിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. നമ്മുടെ മുൽഹം(വെളിപാടുകാരൻ) ആയ സ്നേഹിതൻ ഏതെങ്കിലും ഒരു യോഗത്തിൽ സൂറഃഇഖ്‌ലാസിന്റെ തത്ത്വരഹസ്യങ്ങളും ദിവ്യജ്ഞാനങ്ങളും വിവരിക്കട്ടെ. അതിനേക്കാൾ ആയിരം മടങ്ങ് ശ്രേഷ്ഠമായ വ്യാഖ്യാനങ്ങൾ നൽകാൻ നമുക്ക് സാധിക്കാത്തപക്ഷം നാം അദ്ദേഹത്തിന് കീഴ്വണങ്ങിക്കൊള്ളാം." (ഉറൂറത്തുൽ ഇമാം, റൂഹാനീ ഖസാഇൻ വാല്യം 13, പേജ് 498)

അവിടന്ന് പറയുന്നു: 'ഞാൻ സത്യം ചെയ്തു പറയുന്നു, എപ്രകാരം നമ്മുടെ സുഹൃത്ത് പണ്ഡിതനായ മൗലവി അബ്ദുൽ കരീം സാഹിബ് ഉപദേശപ്രസംഗ വേളയിൽ വിശുദ്ധഖുർആന്റെ സത്യതത്ത്വങ്ങളും ദിവ്യജ്ഞാനങ്ങളും വിവരിച്ചുതന്നതിന്റെ ആയിരത്തിലൊരംശംപോലും എന്റെ ബഹുമാന്യ സുഹൃത്തിന്റെ നാവിൽനിന്ന് പുറത്തുവരുമെന്ന് എനിക്ക് വിശ്വാസമില്ല.'(ഉറൂറത്തുൽ ഇമാം, റൂഹാനീ ഖസാഇൻ വാല്യം 13, പേജ് 500)

നമ്മുടെ ജമാഅത്തിൽ എന്റെ കൈയിൽ ബയ്അത്ത് ചെയ്തിട്ടുള്ള ദൈവദാസരിൽ ഉജ്ജ്വല പ്രഭാവനും മഹാപണ്ഡിതനുമായ ഒരു ധന്യാത്മാവുണ്ട്. അത് ഹക്കീം ഹാഫിള് ഹാജിയുൽഹറമയ്ൻ നൂറുദ്ദീൻ സാഹിബാണ്. ലോകത്തെങ്ങുമുള്ള ഖുർആൻ തഫ്സീറുകൾ അദ്ദേഹം തന്റെ പക്കൽ സൂക്ഷിച്ചുപോരുന്നു. അദ്ദേഹത്തിന്റെ ഹൃദയം ആയിരക്കണക്കായ ഖുർആനികജ്ഞാനങ്ങളുടെ ഭണ്ഡാരമാണ്. താങ്കൾക്ക് യഥാർഥത്തിൽ ബയ്അത്ത് വാങ്ങാനുള്ള ശ്രേഷ്ഠത നല്കപ്പെട്ടിട്ടുണ്ടെങ്കിൽ ഖുർആന്റെ ഒരു അധ്യായം സത്യതത്ത്വങ്ങളോടും ദിവ്യജ്ഞാനങ്ങളോടുംകൂടി അദ്ദേഹത്തിന് കേൾപ്പിച്ചുകൊടുക്കുക. ഇക്കൂട്ടർ എന്റെ കൈകളിൽ ബയ്അത്ത് ചെയ്തിട്ടുള്ളതും മറ്റ് വെളിപാടുവാദികളെയെല്ലാം കൈയൊഴിച്ചതും ഭ്രാന്തായതുകൊണ്ടൊന്നുമല്ലല്ലോ?"

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: "അദ്ദേഹം തന്റെ ഇൽഹാമിയായ കഴിവുകൾ പ്രകടിപ്പിക്കുന്നതിന് മുമ്പേ തന്റെ ഖുർആനികജ്ഞാനങ്ങളുടെ മാതൃക ആദ്യം മൗലവി സാഹിബിനൊന്ന് കാണിച്ചുകൊടുക്കട്ടെ. ഈ അത്ഭുതകരമായ പ്രതിഭാസത്തിന്റെ പ്രകാശപ്പൊലിമ മുഖേന നൂറുദ്ദീനെപോലുള്ള ഒരു ഖുർആൻഭക്തനിൽനിന്ന് ബയ്അത്ത് സ്വീകരിക്കട്ടെ. അപ്പോൾ ഞാനും എന്റെ ജമാഅത്തും താങ്കളിൽ ബലിയായിരിക്കും."(ഉറൂറത്തുൽ ഇമാം, റൂഹാനീ ഖസാഇൻ വാല്യം 13, പേജ് 501)

മതപരവും ഖുർആനിക വിജ്ഞാനങ്ങളും അതിന്റെ യാഥാർഥ്യങ്ങളും തത്ത്വസാരങ്ങളും ഉൾക്കൊള്ളുന്ന പരമോന്നത സാഹിത്യത്തിൽ ഞാൻ ഇച്ഛിക്കുന്നതുപോലെയുള്ള തഫ്സീർ ഒരിക്കലും തന്നെ മറ്റാർക്കും എഴുതാൻ കഴിയുകയില്ല. ലോകം മുഴുവനും എനിക്കെതിരിൽ ഒരുമിച്ചുകൂടി ഞാനുമായി ഏറ്റുമുട്ടിയാലും ഞാൻ തന്നെയായിരിക്കും വിജയശ്രീലാളിതനാവുകയും ദൈവാനുഗ്രഹത്താൽ എന്റേത് തന്നെയായിരിക്കും ഏറ്റവും മികച്ചുനിൽക്കുകയും ചെയ്യുക.'' (അയ്യാമുസ്സുൽഹ് റൂഹാനീ ഖസാഇൻ വാല്യം 14, പേജ് 407)

അവസാനമായി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉന്നതമായ നിർദേശങ്ങളിൽനിന്ന് ഏതാനും ചില വരികൾ സമർപിച്ചുകൊണ്ട് എന്റെ വിഷയം അവസാനിപ്പിക്കാം. ആ പുണ്യാത്മാവ് പറയുന്നു: "വിശുദ്ധഖുർആന്റെ ജ്ഞാനങ്ങൾ വെളിപ്പെട്ടുകൊണ്ടിരിക്കുകയാണ്. സൂക്ഷ്മതത്ത്വങ്ങളും ദിവ്യമായ സ്വർഗീയ ദൃഷ്ടാന്തങ്ങളും അനിതര സാധാരണങ്ങളായ നിലയിൽ വെളിപ്പെട്ടുകൊണ്ടിരിക്കുന്നു. കൂടാതെ ഇസ്‌ലാമിന്റെ സൗന്ദര്യവും പ്രകാശവും അനുഗ്രഹങ്ങളും ദൈവം പുതിയ രൂപത്തിൽ പ്രകടിപ്പിച്ചുകൊണ്ടിരിക്കുന്നു. കാണാൻ സാധിക്കുന്ന കണ്ണുള്ളവർ കാണട്ടെ. എവിടെയാണ് യഥാർഥ ആവേശമുള്ളതെന്ന് അവർ അന്വേഷിച്ചുകണ്ടെത്തട്ടെ. അല്ലാഹുവിനോടും നബി(സ)തിരുമേനിയോടുമുള്ള സ്നേഹം ഏതിലാണെന്ന് നോക്കട്ടെ. അല്ലാഹു തന്റെ പരിശുദ്ധകരങ്ങളാൽ അസ്തിവാരമിട്ട അവന് ഇഷ്ടപ്പെട്ട ജമാഅത്തിൽ പ്രവേശിക്കുകയും ചെയ്യട്ടെ. കൂടാതെ ഇപ്പോൾ വഹ്‌യുടേയും ഖിലാഫത്തിന്റേയും മാർഗം അടഞ്ഞുകിടക്കുന്നുവെന്നും ഇനി ദൃഷ്ടാന്തങ്ങൾ വെളിപ്പെടുകയില്ലെന്നും ദുആ സ്വീകാര്യമാവുകയില്ലെന്നും പറയുന്നത് നാശത്തിന്റെ വഴിയാണ്. അത് രക്ഷയുടെ വഴിയല്ല. ദൈവത്തിന്റെ അനുഗ്രഹങ്ങളെ നിഷേധിക്കാതിരിക്കുക. എഴുന്നേൽക്കൂ! പരിശോധിക്കൂ! അതിനുശേഷം സാമാന്യബുദ്ധിയുള്ള മനുഷ്യനാണെങ്കിൽ നിഷേധിക്കാവുന്നതാണ്. എന്നാൽ, അല്ലാഹുവിന്റെ കഴിവുകൾ കാണുകയും അവന്റെ സത്യാത്മാക്കളിലൂടെ പ്രകടമാകുന്ന അവന്റെ കരങ്ങളിലെ പ്രകാശം ദർശിക്കുകയും ചെയ്യുന്നുണ്ടെങ്കിൽ ഈ സത്യത്തെ മുറുകെപിടിക്കുവിൻ. (ബർക്കാത്തുദ്ദുആ, റൂഹാനീ ഖസാഇൻ വാല്യം 6. പേജ് 24)

ഇസ്ലാമും  സെക്കുലർ ഡെമോക്രസിയും 5

# ഇന്ത്യയിലെ ഇങ്ക്വിസിഷൻ കോടതികൾ

യൂറോപ്യൻമാരുടെ മതപ്രവർത്തനവും മിഷനറി പ്രവർത്തനവും അവരുടെ കോളനി രൂപീകരണത്തിനും ഭരണത്തിനും സഹായകരമായ വിധത്തിലായിരുന്നു. അസഹിഷ്ണുതയും അന്യമത വിദ്വേഷവും യൂറോപ്പിലെ മദ്ധ്യകാല ഭരണത്തിന്റെ പ്രത്യേകതയായിരുന്നു. ആ സംസ്കാരം പാവനമായ ക്രിസ്തു മതത്തിന്റെ പേരിൽ പറങ്കികൾ നമ്മുടെ ഇന്ത്യയിലും നടപ്പാക്കുകയുണ്ടായി. ഗോവയിൽ അവർ നടപ്പാക്കിയ ഇൻക്വിസിഷൻ കോടതികളുടെ പ്രവർത്തനം കുപ്രസിദ്ധമായിരുന്നു.

എ. എം. മുഹമ്മദ് സലീം

**'നിങ്ങൾ കുളിച്ചു ശുദ്ധരാകുവീൻ എന്റെ മുന്നിൽ നിന്നു നിങ്ങളുടെ ദുർവൃത്തികൾ നീക്കിക്കളയൂ. തിന്മയിൽ നിന്നും വിരമിക്കൂ. നന്മ ചെയ്യാൻ പഠിക്കൂ. നീതി അന്വേഷിക്കൂ. മർദ്ദകനെ തിരുത്തൂ. അനാഥനെ സംരക്ഷിക്കൂ. വിധവക്കുവേണ്ടി വാദിക്കൂ.'(യെശയ്യാ 1:16,17)** യേശു പറഞ്ഞു: **'വിധിക്കപ്പെടാതിരിക്കാൻ നിങ്ങൾ വിധിക്കരുത്. നിങ്ങൾ നൽകുന്ന വിധികൊണ്ട് തന്നെ നിങ്ങളെയും വിധിക്കും..... നിങ്ങൾ അളന്ന് കൊടുക്കുന്ന അതേ അളവിൽ തന്നെ നിങ്ങൾക്കും അളന്ന് കിട്ടും. മറ്റുള്ളവർ എങ്ങനെ പെരുമാറണം എന്ന് നിങ്ങൾ ആഗ്രഹിക്കുന്നുവോ അങ്ങനെ തന്നെ നിങ്ങളും അവരോട് പെരുമാറുക. ഇതത്രെ നിയമവും പ്രവാചകരും' (മത്തായി 7: 1,2,12) 'സ്വാതന്ത്ര്യത്തിലേക്കാണ് യേശു നമ്മെ മോചിപ്പിച്ചിരിക്കുന്നത് അതിനാൽ ഉറച്ച് നിൽക്കുക. അടിമത്വത്തിന്റെ നുകത്തിന്ന് കീഴിൽ വീണ്ടും നിങ്ങൾ അമരരുത്.' (ഗലാത്ത്യക്കാർ 5;1)**

സത്യത്തിനും നീതിക്കും സ്വാതത്ര്യത്തിനും വേണ്ടി ഹീനമായ ഭർത്സനങ്ങളും ഭീഭത്സമായ പീഢനങ്ങളും മഹത്തായ ത്യാഗങ്ങളും വരിച്ച ഉജ്ജ്വല തേജസ്വിയായ ഒരു ദൈവ പ്രേഷിതനായിരുന്നു യേശു. അവിടുത്തെ ഉദീരണങ്ങൾ യഥാർത്ഥ വിശ്വാസികളുടെ ഹൃദയത്തിൽ ഇന്നും വെളിച്ചങ്ങളാണ്. യേശുവിന്റെ പേരിൽ സ്ഥാപനവത്ക്കരിക്കപ്പെട്ട മതം പിൽക്കാലത്ത് നടത്തിയ അബദ്ധ സഞ്ചാരങ്ങൾ ചരിത്രത്തിലെ ഇരുണ്ടകാലഘട്ടങ്ങളാണ്.

മദ്ധ്യനൂറ്റാണ്ടുകളിൽ ക്രിസ്തുസഭക്ക് വേണ്ടി കോളനികൾ സ്ഥാപിക്കാനും അടിമ വ്യാപാരത്തിന്നും ക്രിസ്തുമത പ്രചാരണത്തിനും മത്സരിച്ചിറങ്ങിയ രണ്ട് രാജ്യങ്ങളായിരുന്നു പോർട്ടുഗലും സ്പെയിനും. തുർക്കിയിലും വടക്കൻ ആഫ്രിക്കയിലും പശ്ചിമേഷ്യയിലും കിഴക്കൻ രാജ്യങ്ങളും പ്രചരിച്ച മുസ്ലിം അധീശ ശക്തിയെ തകർക്കാനും അവരുടെ നാവിക കുത്തക അവസാനിപ്പിക്കാനുമായിരുന്നു പോപ്പിന്റെ ആഭിമുഖ്യത്തിൽ പാശ്ചാത്യ ക്രിസ്തീയ രാജാക്കന്മാരുടെ ശ്രമം. സ്പെയിനിന്റേയും പോർട്ടുഗലിന്റേയും ഉന്നതമായ നാവിക പാരമ്പര്യം ഉപയോഗിച്ച് കൊണ്ടാണ് സഭ ഈയൊരു ദൗത്യത്തിന് അവരെ നിയോഗിച്ചത്. കണ്ടെത്തുന്ന കോളനി രാജ്യങ്ങളിൽ ക്രിസ്തുമതം പ്രചരിപ്പിക്കാൻ പോർട്ടുഗീസ് രാജാക്കന്മാർക്ക് റോമൻ സഭ അധികാരം നൽകി. ക്രിസ്തുസഭയും പോർട്ടുഗീസ് രാജാക്കന്മാരും ഇത് സംബന്ധിച്ചുണ്ടാക്കിയ പതിനഞ്ചാം നൂറ്റാണ്ടിലെ കരാറാണ് പദ്രുവാദൊ (Padroado) സംവിധാനം എന്ന് അറിയപ്പെടുന്നത്. 'രാജസംരക്ഷണാധികാരം' എന്നാണ് ആ ലാറ്റിൻ പദത്തിനർത്ഥം. തുടർന്ന് കോളനി രാജ്യങ്ങളിലെ വിഭവങ്ങൾ ചൂഷണം ചെയ്യുന്നത്

സംബന്ധിച്ചും കോളനിരാജ്യങ്ങളുടെ അധികാര തർക്കം മൂലവും സ്പെയിനും പോർട്ടുഗലും മത്സരവും ശത്രുതയും ഉടലെടുത്തു. 1493 ൽ ഏഴാം അലക്സാണ്ടർ മാർപ്പാപ്പ രണ്ടു രാജ്യങ്ങൾക്കിടയിൽ ഒരു തീർപ്പുണ്ടാക്കി. ഭൂഗോളത്തിന്റെ പടിഞ്ഞാറും കിഴക്കുമായി വിഭജിച്ചുകൊണ്ട് ഒരു സാങ്കൽപിക രേഖ വരച്ചു. ഭൂമദ്ധ്യരേഖയുടെ പടിഞ്ഞാറുള്ള രാജ്യങ്ങൾ സ്പെയിനിനും കിഴക്കൻ രാജ്യങ്ങൾ പോർട്ടുഗലിനും കോളനി സ്ഥാപിക്കാനും ക്രിസ്തുമത പ്രചാരണത്തിനും വേണ്ടി വീതം വെച്ചു. അങ്ങനെയാണ് കൊളംബസ് പടിഞ്ഞാറ് അമേരിക്കയിലേക്കും വാസ്കോഡഗാമ കിഴക്ക് ഇന്ത്യയിലും വന്നത്. ആ വരവിലായിരുന്നു പറങ്കികൾ നമ്മുടെ കേരളത്തിലെ കോഴിക്കോട്ടും എത്തുന്നത്.



## മതഅസഹിഷ്ണുതയുമായി പൗരസ്ത്യ ദേശത്തേക്ക്

പോപ്പിന്റെ പദ്രുവാദൊ അധികാരവുമായി ഇന്ത്യയിൽ കോളനി സ്ഥാപിക്കാൻ 1497 ൽ മാനുവൽ രാജാവാണ് ഇന്ത്യൻ യാത്രക്ക് ഗാമയെ നേതാവായി തിരഞ്ഞെടുത്തത്. രാജാവ് മൂന്നു കപ്പലുകൾ നിർമ്മിച്ചു. സാവോ ഗബ്രിയേൽ, സാവോ റാഫേൽ സാവോ മിഖായേൽ എന്നിങ്ങനെ ബൈബിളിലെ ദൈവ ദൂതന്മാരുടെ പേരുകൾ നൽകി ഗാമയേയും ഗാമയുടെ സഹോദരനായ പാവുളോ ഗാമയേയും യാത്രക്ക് നിയോഗിച്ചു. 1497 ജൂലൈ 8-ാം തീയതി വാസ്കോഡ ഗാമയുടെ നേതൃത്വത്തിൽ നാലു നാവിക കപ്പലുകൾ ഇന്ത്യാസമുദ്രത്തിലേക്ക് പുറപ്പെട്ടു. മൂന്ന് മാസം കൊണ്ട് ആഫ്രിക്കൻ മുനമ്പായ കേപ് ഹോപ്പ് മുനമ്പിലെത്തിയ ഗാമക്ക് ഇന്ത്യയിലേക്കുള്ള വഴികാട്ടിക്കൊടുത്തത് ഒരു മുസ്ലിം നാവികനാണെന്ന് പാശ്ചാത്യരും പൗരസ്ത്യരുമായ മിക്ക ചരിത്രകാരന്മാരും രേഖപ്പെടുത്തിയിട്ടുണ്ട്. മദ്ധ്യകാലഘട്ടത്തിലെ ഏറ്റവും പ്രഗത്ഭനും ആധികാരിക നാവിക വിദഗ്ദനുമായ ഇബ്നു മാജിദ് എന്ന മഹാപണ്ഡിതനായിരുന്ന ആ വഴികാട്ടി എന്ന് പലരും രേഖപ്പെടുത്തിയിട്ടുണ്ട്. ഇന്നത്തെ യുഎഇയിൽ പെട്ട റാസൽ ഖൈമയിൽ ഉന്നതമായ ഒരു നാവിക കുടുംബത്തിൽ ജനിച്ച ഇബ്നു മാജിദ് അന്നുള്ളതിൽ വെച്ച് ഏറ്റവും സാങ്കേതിക തികവുള്ള വടക്ക് നോക്കി യന്ത്രം നിർമ്മിച്ചയാളായിരുന്നു. നാവിക വിജ്ഞാനത്തെ കുറിച്ച് നിരവധി ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. പക്ഷേ പോർട്ടുഗീസുകാർ ഇന്ത്യയിലെത്തിയതും കോഴിക്കോട്ടെ സാമിരി (സാമൂതിരി) രാജാക്കന്മാരുമായി സമ്പർക്കം പുലർത്തിയതും രേഖപെടുത്തിയ ഇബ്നു മാജിദിന്റെ രചനകളിലൊന്നും തന്നെ വാസ്കോഡഗാമക്ക് വഴികാണിച്ചു കൊടുത്തതായി രേഖപ്പെടുത്തിയിട്ടില്ല. നാവിക വിജ്ഞാനത്തിൽ മഹാപണ്ഡിതനായ അദ്ദേഹത്തിന്റെ കൃതികളും ചാർട്ടുകളും ഗാമ പ്രയോജനപ്പെടുത്തിയിട്ടുണ്ടാകും എന്നതായിരിക്കാം ഈയൊരു നിഗമനത്തിന്ന് അടിസ്ഥാനം. പോർട്ടുഗീസുകാർ അറബിക്കടലിന്റെ തീരത്തെത്തിയതോടെ ഏഷ്യ ആഫ്രിക്കാ ഭൂഖണ്ഡങ്ങളിലെ രാജ്യങ്ങൾ തമ്മിലുണ്ടായിരുന്ന ബന്ധങ്ങളിൽ വളരെയേറെ മാറ്റങ്ങളുണ്ടായി. പിന്നീട് ഒരു നൂറ്റാണ്ടിനകം ഏഷ്യയിലേയും ആഫ്രിക്കയിലേയും തീര പട്ടണങ്ങളെല്ലാം അവരുടെ അധീനതയിലായി.

ക്രിസ്തു മതചരിത്രത്തിൽ കേരളം സവിശേഷ സ്ഥാനമർഹിക്കുന്ന ഇടമാണ്. ഫലസ്ഥീനില നിന്നും കുരിശു സംഭവത്തിന്ന് ശേഷം യേശു കിഴക്കൻ ദിക്കുകളിലേക്ക് കാണാതെ പോയ ഇസ്റയേൽ ഗോത്രങ്ങളെ തേടി പുറപ്പെട്ടത് യേശുവും തന്റെ പ്രിയ ശിഷ്യനായ സെന്റ് തോമസ് അഥവാ മാർ തോമാ ശ്ലീഹായും കൂടിയായിരിന്നു. വഴിക്കൽ ഒരിടത്ത് വെച്ച് അവർ വേർപിരിയുകയായുന്നു. തോമാശ്ലീഹാ പ്രേഷിത പ്രവർത്തനം നടത്തിയ സ്ഥലം എന്ന നിലക്ക് ലോകത്തൊരിടത്തുമില്ലാത്ത രീതിയിൽ തോമാശ്ലീഹായുടെ പേരിൽ സുറിയാനി മാർത്തോമാ കൃസ്ത്യനികളുടെ ഒരു സുശക്തമായ സമൂഹം സമുന്നതമായ പാരമ്പര്യത്തോടെ കേരളത്തിൽ യേശുവിന്റെ കാലം മുതൽ നിലനിൽക്കുന്നു. കേരളീയ ജീവിതത്തോടൊപ്പം ശാന്തസുന്ദരമായ ജീവിതം നയിച്ചിരുന്ന മാർത്തോമാ ക്രിസ്ത്യാനികൾക്കിടയിലേക്ക് പതിനഞ്ചാം നൂറ്റാണ്ടിലാണ് റോമൻ വത്ക്കരിക്കപ്പെട്ട പറങ്കി ക്രിസ്ത്യാനികൾ സായുധരും കോളനിക്കാരുമായി കടന്നുവരുന്നത്.

മാനുഷികമൂല്യങ്ങളെ വിശ്വാ

സ്വാതന്ത്ര്യത്തെയും മാനിക്കാത്ത ക്രൂരരായ പോർട്ടുഗീസ് കോളനി ശക്തി കോഴിക്കോട്ടും അവരുടെ ദുർമുഖം കാട്ടുകയുണ്ടായി. ലോകത്തെ എറ്റവും വലിയ നാവിക ശക്തിയായിരുന്ന വാസ്കോ ഡ ഗാമ സാമൂതിരിയുടെ നാവികമേധാവിയായ കുഞ്ഞാലി മരക്കാരോടാണ് ഏറ്റുമുട്ടി തളരുകയായിരുന്നു. സാമൂതിരിമാർ പോർട്ടുഗീസുകരോട് ഒരുനൂറ്റാണ്ടു കാലം ഇണങ്ങിയും പിണങ്ങിയും കഴിഞ്ഞുകൂടിയപ്പോൾ കുതന്ത്രജ്ഞരായ പറങ്കികളോട് വിട്ടുവീഴ്ചയില്ലാതെ പൊരുതി നിന്നത് മരക്കാർ പരമ്പരയായിരുന്നു. അറബിക്കടലിലെ സഹ്യപർവ്വതം പോലെ ജീവൻ ത്യജിച്ചും നാടിനെ കാത്ത ധീരദേശാഭിമാനി ശഹീദ് കുഞ്ഞാലി മരക്കാരുടെ ചെറുത്ത് നിൽപ്പ് കാരണം കേരളതീരം ഉപേക്ഷിച്ച് പോർട്ട്ത്തുഗീസ് ശക്തികൾക്ക് ഗോവയിലേക്ക് തിരിക്കേണ്ടിവന്നു. അജയ്യമായ പറങ്കിപ്പട കുഞ്ഞാലി മരക്കാറുടെ മുമ്പിൽ മാത്രമാണ് അടിയറവ് പറഞ്ഞത്. ഇസ്ലാമിലെ ഐതിഹാസിക പോരാളി താരീക്ക് ബ്നു സിയാദ് സ്പെയിൻ സ്ഥാപിച്ച ഇസ്ലാമിക ഭരണം 800 വർഷങ്ങൾക്ക് ശേഷം സ്പെയിനിൽ പരാജയപ്പെടുത്തി വിജയ ഭേരി മുഴക്കി വരുന്ന കാലത്ത് തന്നെയാണ് കേരളത്തിൽ സമൂതിരി ഭരണത്തെ കാക്കാൻ കുഞ്ഞാലി മരക്കാർ അന്നത്തെ ലോകത്തെ ഏറ്റവും വലിയ നാവിക ശക്തിയായ പോർട്ടുഗൽ നാവികപടയെ പരാജയപ്പെടുത്തിയത് എന്നോർക്കണം. കടലിൽ കുഞ്ഞാലി മരക്കാറും കരയിൽ നായർ സേനയും സാമൂതിരിക്ക് വേണ്ടി പൊരുതി.

## പറങ്കികൾ മുസ്ലിം കൾക്കെതിരെ

കടൽകൊള്ളക്കാരന്റെ സ്വഭാവം കാണിച്ച വാസ്കോ ഡ ഗാമ അധീശ സ്വഭാവമുള്ള പാശ്ചാത്യ നാഗരികതയുടെ ഏഷ്യൻ രാജ്യങ്ങളിലേക്ക് വന്ന ആധുനിക കാലത്തെ ആദ്യത്തെ പ്രതിനിനിധിയായിരുന്നു. അദ്ദേഹം കേരളത്തീരത്ത് കാണിച്ച അനേകം ക്രൂരതകളിലൊന്നിന്റെ വിവരണം ഗാമ വന്നകാലത്ത് ജീവിച്ച് നേരിട്ട അനുഭവങ്ങൾ ശൈഖ് സൈനുദ്ദീൻ മഖ്ദൂം രണ്ടാമൻ തന്റെ വിശ്വ പ്രസിദ്ധമായ തുഹ്ഫത്തുൽ മുജാഹിദീൻ എന്ന ചരിത്ര ഗ്രന്ഥത്തിൽ വിവരിക്കുന്നത് കാണുക. അദ്ദേഹം കേരളത്തിലെ ഒന്നാമത്തെ മലയാളിയായ ചരിത്രകാരൻ കൂടിയാണ്.

'ഗുജറാത്ത് കൊങ്കൺ മുതലായ തുറമുഖങ്ങളിലും അറേബ്യൻ തീരങ്ങളിൽ സഞ്ചരിച്ചും അധിവസിച്ചും മുസ്ലിംകളുടെ കപ്പലുകൾ കൊള്ളയടിക്കുക വഴി പോർട്ടുഗീസുകർക്ക് സമ്പത്ത് കുന്ന്കൂടി ആ കപ്പലുകളിലെ ആൾക്കാരെ തടഞ്ഞ് പിടിച്ച് അടിമകളാക്കാനും അവർക്ക് കഴിഞ്ഞു. കുലീനരായ എത്രയോ മുസ്ലിം സ്ത്രീകളെയാണ് അവർ തടഞ്ഞു പിടിച്ചു ബന്ധനസ്ഥരാക്കി ബലാൽസംഘം ചെയ്ത് മുസ്ലികളുടെ ശത്രുക്കളായി മാറുന്ന ക്രിസ്ത്യൻ സന്തതികൾക്ക് ജന്മം നൽകിയിട്ടുള്ളത്? എത്രയെത്ര തങ്ങന്മാരെയും പണ്ഡിതന്മാരെയും മഹത്തുക്കളേയുമാണ് അവർ തടവിൽ പാർപ്പിക്കുകയും പീഢിപ്പിക്കുകയും ചെയ്തിട്ടുള്ളത്. എത്ര

മുസ്ലിംകളെ മതംമാറ്റി ക്രിസ്തുമതത്തിൽ ചേർക്കുക എന്നതാണ് പോർട്ടുഗീസുകാരുടെ എന്നത്തെയും ഏറ്റവും വലിയ ലക്ഷ്യം മുസ്ലിംകളെ സംബന്ധിച്ചേടത്തോളം ഇത് അല്ലാഹുവിൽ ശരണം തേടേണ്ട ഒരു മഹാവിപത്താകുന്നു. അവർ മുസ്ലിംകളോട് ഏർപ്പെടുന്ന എല്ലാ ഉടമ്പടികളും ഈ ലക്ഷ്യത്തിന് വേണ്ടിയുള്ളതാണ്. മുസ്ലിംകളുമായി ഇടപഴകി അവരെ ക്രൈസ്തവവത്ക്കരിക്കണം അവർക്ക്. എന്നിട്ടും പോർട്ടുഗലിൽ നിന്ന് പുതുതായെത്തുന്ന ഒരോസംഘവും കടൽത്തീരങ്ങളിൽ താമസിക്കുന്നവരിൽ അധികവും മുസ്ലിംകളെയാണ് കാണുന്നത്. കൊച്ചിയിലെത്തുന്ന അവർക്ക് മുസ്ലിംകളുടെ രൂപവും വേഷവും കാണുമ്പോൾ എന്തെന്നില്ലാത്ത അമർഷമാണ്. മുസ്ലിംകളെ മതപരിവർത്തനം ചെയ്യാൻ കഴിയാത്തതിൽ അവർ തങ്ങളുടെ മുൻഗാമികളെ പഴിക്കാറുണ്ടത്രെ. ഒടുവിൽ അവർ കൊച്ചിരാജാവിനോടും കൂട്ടത്തോടെ മുസ്ലിംകളെ പുറത്താക്കാൻ ആവശ്യപ്പെടുകയുണ്ടായി. മുസ്ലിംകളിൽ നിന്ന് കിട്ടുന്ന വരുമാനം വളരെ തുച്ഛമാണെന്നും അവരെ പുറത്താക്കിയാൽ അവർ തരുന്നതിന്റെ എത്രയോ ഇരട്ടി ഞങ്ങൾ തന്നു കൊള്ളാമെന്നും അവർ രാജാവിനോട് പറഞ്ഞുനോക്കി. കൊച്ചി രാജാവിന്റെ മറുപടി അവർ പണ്ടു മുതലേ നമ്മുടെ പ്രജകളും രാജ്യത്തിന്റെ നിർമ്മാണത്തിലും അഭിവൃദ്ധിക്കും കാരണഭൂതരായതിനാൽ അവരെ പുറത്താക്കാൻ സാദ്ധ്യമല്ലെന്നുമാണ്. പോർട്ടുഗീസുകാർക്ക് മുസ്ലിംകളോടും ഇസ്ലാമിനോടുമുള്ള വിദ്വേഷവും പകയും നായന്മാരോടോ മറ്റ് അമുസ്ലിംകളോടോ ഉണ്ടായിരുന്നില്ല. (തുഹ്ഫത്തുൽ മുജാഹിദീൻ. പേ 68)

യെത്ര മുസ്‌ലിം സ്ത്രീ പുരുഷ ന്മാരെയാണ് അവർ നിർബന്ധിച്ച് ക്രിസ്ത്യാനികളാക്കിയിട്ടുള്ളത്. ഇത്പോലെ ഏതെല്ലാം നീചകൃത്യ ങ്ങളും ക്രൂരതകളുമാണ് അവർ ചെയ്തുകൂട്ടിയിട്ടുള്ളത്? അതെല്ലാം വിവരിക്കുക അസാദ്ധ്യം. സർവ്വ ശക്തനായ അല്ലാഹുവിന് മാത്രമേ അതിനെല്ലാം അവർക്ക് തിരിച്ചടി നൽകാനാവുകയുള്ളൂ.

മുസ്‌ലിംകളെ മതംമാറ്റി ക്രിസ്തു മതത്തിൽ ചേർക്കുക എന്നതാണ് പോർട്ടുഗീസുകാരുടെ എന്നത്തെയും ഏറ്റവും വലിയ ലക്ഷ്യം മുസ്‌ലിംകളെ സംബന്ധിച്ചേ ടത്തോളം ഇത് അല്ലാഹുവിൽ ശരണം തേടേണ്ട ഒരു മഹാവിപ ത്താകുന്നു. അവർ മുസ്‌ലിംകളോട് ഏർപ്പെടുന്ന എല്ലാ ഉടമ്പടികളും ഈ ലക്ഷ്യത്തിന് വേണ്ടിയുള്ളതാ ണ്. മുസ്‌ലിംകളുമായി ഇടപഴകി അവരെ ക്രൈസ്തവവത്ക്കരിക്ക ണം അവർക്ക്. എന്നിട്ടും പോർട്ടുഗ ലിൽ നിന്ന് പുതുതായെത്തുന്ന ഒരോസംഘവും കടൽതീരങ്ങളിൽ താമസിക്കുന്നവരിൽ അധികവും മുസ്‌ലിംകളെയാണ് കാണുന്നത്. കൊച്ചിയിലെത്തുന്ന അവർക്ക് മുസ്‌ലിംകളുടെ രൂപവും വേഷവും കാണുമ്പോൾ എന്തെന്നില്ലാത്ത അമർഷമാണ്. മുസ്‌ലിംകളെ മതപരിവർത്തനം ചെയ്യാൻ കഴിയാത്തതിൽ അവർ തങ്ങളുടെ മുൻഗാമികളെ പഴിക്കാറുണ്ടത്രെ. ഒടുവിൽ അവർ കൊച്ചിരാജാവിനോ ടും കൂട്ടത്തോടെ മുസ്‌ലിംകളെ പുറത്താക്കാൻ ആവശ്യപ്പെടുക യുണ്ടായി. മുസ്‌ലിംകളിൽ നിന്ന് കിട്ടുന്ന വരുമാനം വളരെ തുച്ഛമാ ണെന്നും അവരെ പുറത്താക്കി യാൽ അവർ തരുന്നതിന്റെ എത്രയോ ഇരട്ടി ഞങ്ങൾ തന്നു കൊള്ളാമെന്നും അവർ രാജാവി നോട് പറഞ്ഞുനോക്കി. കൊച്ചി രാജാവിന്റെ മറുപടി അവർ പണ്ടു മുതലേ നമ്മുടെ പ്രജകളും രാജ്യത്തിന്റെ നിർമ്മാണത്തിലും അഭിവൃദ്ധിക്കും കാരണഭൂതരായതി നാൽ അവരെ പുറത്താക്കാൻ



സാദ്ധ്യമല്ലെന്നുമാണ്. പോർട്ടുഗീസു കാർക്ക് മുസ്‌ലിംകളോടും ഇസ്‌ലാമിനോടുമുള്ള വിദ്വേഷവും പകയും നായന്മാരോടോ മറ്റ് അമുസ്‌ലിംകളോടോ ഉണ്ടായിരു ന്നില്ല.' (തുഹ്ഫത്തുൽ മുജാഹിദീ ൻ. പേ 68)

### മറ്റൊരു വിവരണം ഇപ്രകാരമാണ്.

'വാസ്കോഡ ഗാമ തന്റെ ആജ്ഞകൾ അനുസരിപ്പിക്കാനുള്ള ദൃഢനിശ്ചയത്തോടെ 1502 ൽ തിരിച്ചു വന്നു. സാമൂതിരിയെ ശിക്ഷിക്കാനും ഇന്ത്യയെ കീഴടക്കാ നും പോർട്ടുഗീസ് രാജാവ് ഗാമക്ക് നിർദ്ദേശം കൊടുത്തിരുന്നു. സമു ദ്രത്തിൽ ആധിപത്യമുറപ്പിക്കാനും രാജ്യങ്ങൾ പിടിച്ചടക്കാനുമുള്ള യാത്രയായിരുന്നു അത്. കണ്ണൂരി നടുത്ത് മാടായിയിൽ ഹജ്ജ് യാത്രചെയ്തു തിരിച്ചു വരികയായി രുന്നവരുടെ ഒരു കപ്പൽ ഗാമ പിടിച്ചെടുത്തു. സ്ത്രീകളും കുട്ടിക ളും ഉൾപ്പെടെ അതിൽ 240 ആളു കൾ യാത്രക്കാരുണ്ടായിരുന്നു. ജീവനു വേണ്ടി സ്ത്രീകൾ സ്വന്തം സ്വർണ്ണാഭരണങ്ങൾ അടക്കം കൈയ്യിലുള്ളതെല്ലാം കൊടുക്കാൻ തയ്യാറായി അതവഗണിച്ച്. യാത്ര ക്കാർ നിറഞ്ഞ കപ്പലിൽ ഗാമയും കൂട്ടരും തീയിട്ടു. കപ്പലിലുള്ളവർ തീ കെടുത്തി. എട്ടു ദിവസം ഹാജിമാർ സർവ്വശക്തിയുമെടുത്ത് ചെറുത്തു നിന്നെങ്കിലും ഒടുവിൽ പറങ്കികൾ യാത്രക്കാരെ മുഴുവൻ കൂട്ടികെട്ടി കപ്പലിന്നു തീവെച്ചു' (കേരള മുസ്‌ലിംകൾ പോരാട്ട ത്തിന്റെ ചരിത്രം, പ്രൊഫ. കെ എം ബഹാവുദ്ദീൻ. പേജ് 56)

കുഞ്ഞലിമരക്കാറുടെ ധീര മായ ചെറുത്തു നിൽപ് കൊണ്ട് പറങ്കികൾക്ക് മലബാർ തീരത്ത് നിലനിലക്കാൻ കഴിഞ്ഞില്ല. സ്വാധീ നമുള്ള കാലത്ത് അവരുടെ ക്രൂരത കളും അക്രമങ്ങളും കേരളത്തിലെ ശാന്തരായ മാർത്തോമ ക്രിസ്ത്യാനി കളുടെ മേലയാണ് ഏറ്റവുമധികം പ്രയോഗിച്ചത്. വാസ്ഗോ ഡ ഗാമക്ക് ശേഷം ജോഫ്രേ അലക്സിസ് മെനേസിസ് എന്ന റോമൻ സഭയുടെ ക്രൂരനായ പറങ്കി ബിഷപ്പ് ആയിരുന്നു ഇന്ത്യയിൽ നിയമിക്ക പ്പെട്ടത്. പറങ്കികൾ സഭാഭരണവും കോളണിഭരണവും നടത്തിയിരു ന്നത് ഒരാൾ തന്നെയായിരുന്നു. അപ്പോഴേക്കും ഗോവ അവരുടെ ഇന്ത്യൻ ആസ്ഥാനമായിരുന്നു. പോർട്ടുഗീസുകാർ വരുന്നതിന് മുമ്പ് മലങ്കര മാർത്തോമാ നസ്രാണി കളുടെ മത ഭരണം നടത്തിയിരു ന്നത് അർക്കദിയോക്കോൻമാരായി രുന്നു. മുഖ്യവൈദികൻ എന്ന അർത്ഥത്തിൽ ഉപയോഗിക്കുന്ന ഒരുഗ്രീക്ക് പദമാണ് അർക്കദിയോ ക്കോൻ. പേർഷ്യൻ സഭകളിലൂ ടെയുള്ള ബന്ധത്തിലൂടെയാവാം ഈ നാമം കേരളത്തിൽ വന്നത്. അതിന്റെ ഇംഗ്ലീഷ് രൂപമാണ്

ആർച്ച്ഡീക്കൻ. പറങ്കികൾ കേരളത്തിൽ വരുമ്പോൾ പുരാതനമായ പകലോൻമറ്റം തറവാട്ടുകാരായിരുന്ന ഗീവറുഗീസ് അർക്കദിയോക്കോനായിരുന്നു മലങ്കര നസ്രാണികളുടെ ആത്മീയ നേതാവ്. റോമൻ സഭക്കാരായ പറങ്കികളുടെ ആചാരാനുഷ്ഠാനങ്ങളിൽ നിന്നും വിശ്വാസങ്ങളിൽ നിന്നും വളരെയേറെ വ്യത്യാസം ഇവിടുത്തെ പുരാതന ക്രിസ്ത്യാനികകളുടെ ക്രിസ്തു മതത്തിനുണ്ടായിരുന്നു. ഇതറിഞ്ഞ പറങ്കി ബിഷപ്പ് അലക്സിസ് മെനേസിസ് കോപം കൊണ്ട് കലിതുള്ളി. കൊച്ചിൽ വന്ന മെനേസിസ് കൊച്ചി രാജാവിന് പണവും പ്രലോഭനവും നൽകി സ്വാധീനിച്ച് ആയുധം കാട്ടി ഭീഷണിപ്പെടുത്തി ഇവിടുത്തെ ശാന്തശീലരായ നസ്രാണി ക്രിസ്ത്യാനികളെ ക്രൂരമായി റോമൻവത്ക്കരണത്തിന് വിധേയമാക്കുകയായിരുന്നു. ഇതിന്നായി ഏറണാകുളത്തെ ഉദയംപേരൂറിൽ ഒരു സൂന്നഹദോസ് വിളിച്ചുകൂട്ടുകയും ചെയ്തു. അതിൽ ലത്തീൻ ആരാധനാ ക്രമം സുറിയാനീ ഭാഷയീൽ പ്രസിദ്ധീകരിച്ചു. മാർത്തോമാ ക്രിസ്ത്യാനികളോട് അവരുടെ എല്ലാവിധ ആരാധനാ ഗ്രന്ഥങ്ങളും ചരിത്രരേഖകളും ഈ വിജ്ഞാന വിരോധിയായ പറങ്കി ബിഷപ്പ് പള്ളികൾ തോറും സഞ്ചരിച്ച് കൂട്ടിയിട്ട് കത്തിച്ച് ചാമ്പലാക്കി. അങ്ങനെ കേരളത്തിലെ ആദിമ ക്രിസ്ത്യാനികളുടെ ഏറ്റവും വിലപ്പെട്ട ചരിത്ര രേഖകൾ പറങ്കി ക്രിസ്ത്യാനികൾ നശിപ്പിച്ചുകളഞ്ഞു. കേരളത്തിലെ മാർത്തോമാ ക്രിസ്ത്യാനികളുടെ ഹൃദയത്തിൽ പറങ്കികളുടെ റോമൻ വത്ക്കരണം നീറിപ്പുകയുന്നുണ്ടായിരുന്നു. അവസാനം ഒന്നര നൂറ്റാണ്ടിന് ശേഷം മട്ടാഞ്ചേരിയിലെ കൂനൻ കുരിശ് പള്ളിയിൽ വെച്ച് 3 ജനുവരി 1653, തീയതി റോമൻ സഭക്കെതിരെ അവർ പ്രതിജ്ഞ ചൊല്ലി വീണ്ടും മാർത്തോമാ പരമ്പര്യത്തിലേക്ക് ഒരു ഗണ്യമായ വിഭാഗം മടങ്ങുകയുണ്ടായി.ൻ വത്ക്കരിക്കപ്പെട്ട ക്രിസ്ത്യാനികളായിരുന്നു. കോഴിക്കോട്ട് അവർ കപ്പലിറങ്ങിയെങ്കിലും കുഞ്ഞാലി മരക്കാരുടെ ചെറുത്തു നിൽപ്പുകാരണം ഗോവയിലാണ് അവർ ആസ്ഥാനം പണിതത്.

## ഗോവയിലെ മതവിചാരണ കോടതികൾ

പ്രധാനമായ കാര്യം യൂറോപ്പിലെ ക്രുപ്രസിദ്ധമായ ഇൻങ്കിസിഷൻ കോടതികളുടെ ഇന്ത്യൻ ശാഖകൾ അവർ പദ്രുവാദൊ അധികാരത്തിൽ ഗോവയിൽ സ്ഥാപിച്ച് പ്രവർത്തനം ആരംഭിക്കുകയുണ്ടായി. 1498ൽ പോർട്ടുഗീസുകാർ ഇന്ത്യയിൽ വന്നെങ്കിലും കച്ചവടത്തിലായിരുന്നു ശ്രദ്ധിച്ചത്. ക്രിസ്ത്യാനികൾക്ക് വേണ്ടി ഇന്ത്യ തുറന്നിട്ടിരിക്കുന്നു എന്ന പോപ്പിന്റെ പ്രഖ്യാപനത്തോടെയാണ് പറങ്കികൾ മതപരിവർത്തന സംരംഭങ്ങൾ ഊർജ്ജിതമാക്കിയത്. ഗോവ കൂടാതെ മറ്റു രണ്ട് സ്ഥലങ്ങൾ ഡാമൻ, ഡിയു എന്നിവയാണ്. നൂറ്റാണ്ടുകളോളം കിഴക്കിന്റെ റോം എന്നാണ് ഗോവ അറിയപ്പെട്ടിരുന്നത്. കത്തോലിക്കാ ഗോവയിലെ വിഖ്യാത മിഷനറിയായിരുന്ന ഫ്രാൻസിസിസ് സേവ്യയറാണ് ഇൻങ്കിസിഷൻ കോടതി സ്ഥാപിക്കാൻ റോമിലേക്കെഴുതിയത്.

1560 ൽ പോപ്പ് പോർട്ടുഗലിനനുവദിച്ച് തുടക്കമിട്ട ഈ ഗോവൻ ഇങ്കിസിഷൻ കോടതികൾ 1812 ൽ ബ്രിട്ടീഷുകാർ നിരോധിക്കുന്നതുവരെ തുടർന്നു. ഈ കാലയളവിൽ 1561 മുതൽ 1774 വരെ 16,202 ആളുകളെ മതദ്രോഹ വിചാരണക്ക് വിധേയരാക്കി. ജീവനോടെ ദഹിപ്പിക്കലടക്കം പല ശിക്ഷകളും കോടതി വിധിച്ചിരുന്നു. നിരവധി ഹിന്ദുക്കളെ നിർബന്ധിച്ച് ക്രിസ്ത്യാനികളായി മതപരിവർത്തനം നടത്തുകയുണ്ടായി. പിന്നീടു ഉപേക്ഷിക്കുന്ന ഹിന്ദുക്കളേയും മുസ്ലിംകളേയും കഠിനമായി ശിക്ഷിച്ചിരുന്നു. മതം മാറി ക്രിസ്ത്യാനികളായവരെ മാത്രമല്ല ഹിന്ദുക്കളുടെയും മുസ്ലിംകളുടെയും മതപരമായ കുറ്റം ചുമത്തി ദ്രോഹിച്ചിരുന്നു. ഇവിടുത്തെ പുരാതനമായ ക്രിസ്ത്യാനികളിൽ റോമൻ ആചാരങ്ങളിൽ നിന്നും വ്യത്യസ്തമായി എന്തെങ്കിലും സഭക്ക് തോന്നുന്ന മതവിപരീതങ്ങൾ കണ്ടാൽ ഇങ്കിസിഷൻ കോടതിയിൽ വിചാരണ ചെയ്ത് ക്രൂരമായി ശിക്ഷിച്ചു. ആളുകൾ ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്യുന്നത് പ്രോത്സാഹിപ്പിക്കാൻ പോർട്ടുഗീസ് കോളനി ഭരണകൂടം ഹിന്ദുമതവും ഇസ്ലാം മതവും പരസ്യമായി ആചരിക്കുന്നത് ഗോവയിൽ തടഞ്ഞിരുന്നു.

സ്പെയിൻ, പോർട്ടുഗൽ എന്നീ ഐബീരിയൻ പെനിസുലയിലെ രാജ്യങ്ങളിലെ യഹൂദരുരെ ക്രൂരമായ നിർബന്ധിച്ച് ജ്ഞാനസ്നാനം ചെയ്യിച്ചിരുന്നു. നിരവധി യഹൂദർ അവിടെ നിന്നും ഗോവയിൽ അഭയം പ്രാപിക്കുകയുണ്ടായി. ക്രിസ്തു മതം ഉപേക്ഷിക്കാതെ തന്നെ രഹസ്യത്തിൽ അവരുടെ പൂർവ്വ യഹൂദമതം ആചരിച്ചിരുന്നു. ക്രിപ്റ്റോ ജൂ എന്നാണ് ഇവരെ വിളിച്ചിരുന്നത്. സഭാ കോടതി ഇവരുടെ വിശ്വാസത്തിൽ സംശയിച്ചാലും അത് ശിക്ഷാർഹമായിത്തീരും. ഇങ്ങനെ മതം മാറി ക്രിസ്ത്യാനിയായ യഹൂദരെ ഗോവയിൽ അവരുടെ ഭരണകാലം വരെ അവർ ഒരു അധികാരസ്ഥാനങ്ങളിലും വിശ്വസിച്ചിരുത്തിയിരുന്നില്ല. ഇങ്കിസിഷൻ കോടതികൾ വിശ്വാസികളുടെ സ്വത്തുക്കൾ പലവിധ കുറ്റങ്ങളും ചുമത്തി കണ്ടുകെട്ടി പുരോഹിതതന്മാരും സഭയും വലിയ തോതിൽ സ്വത്തു സമ്പാദിക്കൽ സാധാരണയായിരുന്നു. ഗോവയിലെ മതവിചാരണ കോടതികളുടെ രേഖകൾ മിക്കവയും 1812ന് മുമ്പ് തന്നെ നശിപ്പിക്കപ്പെട്ടതിനാൻ ഇങ്കിസിഷൻ കോടതികളുടെ ഭയാനകമായ വിചാരണ ശിക്ഷയും അൽപ്പം മാത്രമേ പുറം ലോകത്തിന്ന് അറിയാൻ സാധിച്ചിട്ടുള്ളൂ.

ഭാഗം - 8

# ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി

## (ഖലീഫത്തുൽ മസീഹ് അവ്വൽ (റ))

വാഗ്ദത്ത മഹ്ദി(അ)യുടെ പ്രഥമ ശിഷ്യനും അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ പ്രഥമ ഖലീഫയും മഹാ പണ്ഡിതനുമായ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി(റ) യുടെ ജീവചരിത്ര പരമ്പര.

**ഇബ്നു വഫാ ബേപ്പൂർ**

### ലജ്ജയും നാണവും ഈമാന്റെ ഭാഗമാണ്

ഹദ്റത്ത് നൂറുദ്ദീൻ സാഹിബ് (റ) മദീനയിലെ മറ്റൊരനുഭവം വിവരിച്ചുകൊണ്ട് പറയുകയാണ്, ഒരിക്കൽ ഞാൻ മദീനയിലുള്ള ഒരു നദിക്കരയിൽ പോയി. നദി കുറെ താഴ്ഭാഗത്തു കൂടിയാണൊഴുകുന്നത്. ചവിട്ടുപടി ഇറങ്ങി വേണം നദിക്കരയിൽ എത്താൻ. ഞാനവിടെ ചെന്നപ്പോൾ ഒരാൾ പരിപൂർണ്ണ നഗ്നനായി നദിക്കരയിൽ നിൽക്കുന്നു. അയാൾ മുകളിലുള്ളവരോടു യാതൊരു ഭാവഭേദവും സംങ്കോചവും കൂടാതെ സംസാരിച്ചുകൊണ്ടിരിക്കുകയാണ്. അവിടെ ധാരാളം പേർ കൂടി നിൽപ്പുണ്ട്. ആരും തന്നെ അയാളെ തടയുകയോ ഗുണദോഷിക്കുകയോ ചെയ്യുന്നില്ല. എനിക്കതുകണ്ട് സഹിക്കാനായില്ല. ഞാൻ വളരെ ദ്വേഷ്യത്തോടെ ചോദിച്ചു, നാണമില്ലേ അൽപം പോലും നിനക്ക്? അപ്പോൾ അയാൾ പറഞ്ഞു.

ان الله یری وراء الستر

(ഇന്നല്ലാഹ യറാ വറാഅ സ്സതർ) അതായത് തീർച്ചയായും അല്ലാഹു മറയ്ക്കു പുറകിലും കാണുന്നവനാണ്. അയാൾ ഉദ്ദേശിച്ചതു, മനുഷ്യൻ എത്ര വസ്ത്രം ധരിച്ചാലും ഇല്ലെങ്കിലും അല്ലാഹു എല്ലാം കാണുന്നവനാണ്. ആ നിലയ്ക്കു മനുഷ്യൻ എന്തിനാണ് വസ്ത്രം ധരിക്കുന്നത്? ഇതാണയാളുടെ വാദം. ഓരോരാൾ അല്ലാഹുവിന്റെ വിധി വിലക്കുകളേയും അധ്യാപനങ്ങളേയും തങ്ങൾക്കു ഇഷ്ടമുള്ളതുപോലെ വ്യാഖ്യാനിക്കുകയും വളച്ചൊടിക്കുകയുമാണ് ചെയ്യുന്നത്. കർമപരമായും വിശ്വാസപരമായും ധാർമികമായും ആത്മീയവുമായ മുസ്ലിംകളുടെ അവസ്ഥയ്ക്കു വല്ലാതെ കോട്ടം തട്ടിയിരിക്കുന്നു എന്നാണ് ഇതൊക്കെ സൂചിപ്പിക്കുന്നത്. എന്നാൽ റസൂൽ കരീ (സ) മിലൂടെ എത്രയോ വർഷങ്ങൾക്കു മുമ്പു തന്നെ അല്ലാഹു മുഅ്മിനീങ്ങളെ ഉപദേശിച്ചു കൊണ്ട് പറഞ്ഞു.

يَا بَنِي آدَمَ قَدْ أَنْزَلْنَا عَلَيْكُمْ
لِبَاسًا يُوَارِي سَوْآتِكُمْ وَرِيشًا
وَلِبَاسُ التَّقْوَى ذَٰلِكَ خَيْرٌ ذَٰلِكَ
مِنْ آيَاتِ اللَّهِ لَعَلَّهُمْ يَذَّكَّرُونَ

ആദം സന്തതികളെ! നിശ്ചയമായും നാം നിങ്ങൾക്ക് നിങ്ങളുടെ നഗ്നത മറയ്ക്കാനും വേഷഭൂഷണങ്ങൾക്കായും വസ്ത്രത്തെ ഇറക്കി തന്നിരിക്കുന്നു. എന്നാൽ സൂക്ഷ്മതയാകുന്ന വസ്ത്രമാണുത്തമം അത് അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതാണ്. അവർ ഉപദേശം കരസ്ഥമാക്കുവാൻ വേണ്ടി. (ഖുർആൻ 7:27)

ഈ നദിയുടെ ചുറ്റുപാടുമുള്ള പ്രദേശത്തു താമസിക്കുന്നവരിൽ വലിയൊരു വിഭാഗം ശിയാക്കളിലെ സൈദി വിഭാഗക്കാരാണ്. ഇവരിലാണ് متعة (മുത്അ) എന്ന അനാചാരം കൂടുതലായി പ്രചാരത്തിലുള്ളതെന്നു കേൾക്കുന്നു. മുത്അ എന്നാൽ കരാർ അടിസ്ഥാനത്തിലുള്ള വിവാഹം ബന്ധം. അതായത് ഒരു സ്ത്രീയെ ഒരാഴ്ചത്തേക്ക് അല്ലെങ്കിൽ ഒരു മാസത്തേക്ക് അതുമല്ലെങ്കിൽ എത്ര കാലത്തേക്കാണോ രണ്ടുപേരും തീരുമാനിക്കുന്നത് ആ കരാറിന്റെ അടിസ്ഥാനത്തിൽ വിവാഹം ചെയ്യുക. കരാർ കാലാവധി പൂർത്തിയായാൽ ബന്ധം അവസാനിപ്പിക്കുക. ഇതു ഇസ്ലാമിൽ ഒരിക്കലും അനുവദനീയമല്ല. നാണവും ലജ്ജയും

വിശ്വാസത്തിന്റെ ഭാഗമാണെന്നു പഠിപ്പിച്ച റസൂൽ കരീ(സ)മിന്റെ ഉപദേശങ്ങൾക്കു യാതൊരു വില യും കൽപിക്കാതെ വിവസ്ത്രനായി നിൽക്കുന്ന ആ വ്യക്തി ഒരുപക്ഷേ ഇത്തരം ചിന്താഗതിക്കാരനായിരി ക്കാം. അതിന്റെ വക്താവായിരിക്കാം.

### സ്വദേശത്തേക്കു മടക്കവും ഒരു വിധവയുടെ കദന കഥയും

ഏതാനും വർഷത്തെ മക്ക മദീന ജീവിതത്തിനു ശേഷം ഹദ്റത്ത് നൂറുദ്ദീൻ സാഹിബ് ജിദ്ദയിൽ നിന്നും ബോംബെക്ക് കപ്പൽ കയറി. ഇപ്പോൾ പ്രായം മുപ്പതു കഴിഞ്ഞിരിക്കുന്നു. പഠന ത്തിനു ശേഷം അദ്ദേഹം കർമ്മരംഗ ത്തേക്കു തിരിച്ചു വരികയാണ്. ദീർഘമായ കപ്പൽ യാത്രക്കൊടു വിൽ ബോംബെ തുറമുഖ ത്തെത്തി. തുടർന്നുള്ള യാത്രയ്ക്കിടയിൽ മക്കയിൽ വച്ചു കാണുകയും പരിചയപ്പെടുകയും ചെയ്തിരുന്ന ഹാജിമാരായ ദമ്പതികളെ വീണ്ടും കണ്ടുമുട്ടി. അവർ ഭേര സ്വദേശി കളാണ്. ഒറ്റനോട്ടത്തിൽ തന്നെ അവർ രണ്ടു പേരും വളരെ കുലീന കുടുംബത്തിലെ അംഗങ്ങളാണെ ന്നു മനസ്സിലാകും. അവർ ബോംബെ യിൽ നിന്നു പെട്ടെന്നു നാട്ടിലേക്കു തിരിക്കുന്നില്ലെന്നും കറാച്ചിയിലേ യ്ക്കു കടൽമാർഗ്ഗമാണു പോകുന്ന തെന്നും പറഞ്ഞതു കൊണ്ട് നാട്ടു കാരായ അവർക്കൊരു സഹായ മായി കൊള്ളട്ടെ എന്ന നിലയ്ക്കു വല്ല സാധനമോ സന്ദേശമോ വീട്ടുക്കാർക്കു നൽകാനുണ്ടെങ്കിൽ തന്നെ ഏൽപിച്ചാൽ മതി എന്നും ഞാനെന്റെ സാധനങ്ങൾ റെയിൽ മാർഗം നേരെ ലാഹോറിലേക്ക് അയക്കാൻ പോവുകയാണെന്നും ഹദ്റത്ത് നൂറുദ്ദീൻ സാഹിബ് അവരോട് പറഞ്ഞു.

അതുവരെ മുഖം മറച്ചിരുന്ന ആ സ്ത്രീ തലയിൽ നിന്നും തട്ടം നീക്കിക്കൊണ്ട് ഹദ്റത്ത് നൂറുദ്ദീൻ സാഹിബിന്റെ കാലിൽ വീണു. ദയവു ചെയ്തു ഞങ്ങളെ കണ്ട കാര്യം നാട്ടിൽ ആരോടും പറയരുതെന്നു കേണപേക്ഷിച്ചു. ഹദ്റത്ത് നൂറുദ്ദീൻ സാഹിബ് പറയുകയാണ്. എനിക്കൊന്നും മനസ്സിലായില്ല. ഞാൻ ആകെ സ്തംഭിച്ചു പോയി. അവർക്ക് അതൊരു സഹായമാകുമല്ലോ എന്നു കരുതിയാണു ഞാനങ്ങനെ പറഞ്ഞത്. വളരെ ആശ്ചര്യത്തോടെ ആ സ്ത്രീയോട് ഞാൻ കാര്യം തിരക്കി. അവർ പറഞ്ഞു, ഞാൻ പേരും പെരുമയുമുള്ള ഒരു കുടുംബത്തിലെ അംഗമാണ്. നിർഭാഗ്യമെന്നു പറയട്ടെ ചെറു പ്രായത്തിൽ വിധവയായിപ്പോയി. നമ്മുടെ നാട്ടുനടപ്പനുസരിച്ചു വിധവകളുടെ പുനർ വിവാഹം പൊതുവിൽ ജനങ്ങൾ നല്ല കണ്ണുകൊണ്ടു കണ്ടിരുന്നില്ല. അതിനാൽ എന്റെ പുനർവിവാഹ കാര്യം ബന്ധപ്പെട്ടവരാരും ശ്രദ്ധി ച്ചില്ല. ഞാനങ്ങനെ എന്റെ അയൽ പക്കത്തു താമസിച്ചിരുന്ന ഈ മൗലവി സാഹിബിനെ രഹസ്യമായി കല്ല്യാണം കഴിക്കാൻ പ്രേരിതയാ യി. എന്റെ വീട്ടുക്കാർ ഈ കാര്യം അറിഞ്ഞതേയില്ല. ഇതുകാരണം എനിക്കു പതിനൊന്നു പ്രാവശ്യം ഗർഭഛിദ്രം ചെയ്യേണ്ടി വന്നു. എന്നിട്ടും പ്രായത്തിന്റെ ആസക്തി യും അഭിനിവേശവും കുറഞ്ഞില്ല. അതുകാരണം ഞാൻ മൗലവി സാഹിബിനോട് പറഞ്ഞു, നമ്മൾ ഇരുവരും ഭാര്യയും ഭർത്താവു മായിട്ടു സ്വതന്ത്ര ജീവിതം നയിച്ചിട്ടില്ല. ഒളിച്ചും പാത്തുമായി രുന്നു കഴിഞ്ഞു കൂടിയത്. അതുകൊണ്ട് നമുക്ക് അൽപം ദൂരെയുള്ള മുൽത്താൻ എന്ന പട്ടണത്തിൽ പോകാം അവിടെ സ്വതന്ത്ര ജീവിതം നയിക്കാം. അതിനായി ഞങ്ങൾ പരിപാടി തയ്യാറാക്കി. മൗലവി സാഹിബിനോട് ഞാൻ മുൽത്താനിൽ എത്താൻ പറഞ്ഞു. ഞാൻ എത്തിക്കൊള്ളാ മെന്നു സമ്മതിക്കുകയും ചെയ്തു

വീട്ടിൽ നിന്നും ഹജ്ജിനെന്നും പറഞ്ഞു പുറപ്പെടാൻ ഒരുങ്ങിയ പ്പോൾ സാമ്പത്തികമായി നല്ല നിലയിലായിരുന്ന എന്റെ സഹോദര ൻ പറഞ്ഞു നീ തനിച്ചു പോകേണ്ട, യാത്രയിൽ നിനക്കു വല്ല ബുദ്ധി മുട്ടും നേരിട്ടു പോയെങ്കിലോ? അതിനാൽ ഞാനും വരാം. അങ്ങനെ സഹോദരനും എന്നോ ടൊപ്പം പുറപ്പെട്ടു. ഞാനൊരു ഹജ്ജ് സംഘത്തോടൊപ്പം ചേർന്നു. ഞങ്ങൾ ധാരാളം പേർ ഉണ്ടായിരു ന്നു. സന്ധ്യയോടെ ഞങ്ങളെല്ലാ വരും ഒരു ഗ്രാമത്തിലെത്തി അന്നവിടെ തങ്ങി. രാത്രി ശക്തമായ കാറ്റും മഴയും ഉണ്ടായി. കോരി ച്ചൊരിയുന്ന ആ മഴയുടെ മറവിൽ മറ്റുള്ളവരാരും അറിയാതെ ഞാൻ അവിടെ നിന്നും ഒളിച്ചോടി രക്ഷപ്പെട്ടു. സ്ഥലപരിചയമില്ലാത്ത തിനാൽ രാത്രി ഞാൻ എവിടെയൊ ക്കെയോ കറങ്ങിക്കൊണ്ടിരുന്നു. കാടും ദുർഘടം പിടിച്ച പാതകളും താണ്ടി മുൽത്താനിലേയ്ക്കുള്ള വഴി അന്വേഷിച്ചു രാത്രി കഴിച്ചു കൂട്ടി. നേരം പുലർന്നപ്പോൾ ചിലർ മുൽത്താനിലേക്കുള്ള വഴി പറഞ്ഞു തന്നു. അങ്ങനെ ഞാൻ മുൽത്താനിലെത്തി. എന്റെ സഹോ ദരൻ എന്നെ എവിടെയൊക്കെ അന്വേഷിച്ചു എന്നറിഞ്ഞില്ല. ഞാൻ മുൽത്താനിലെത്തിയപ്പോൾ എന്റെ ഭർത്താവ് അവിടെ എന്നെ കാത്തിരിപ്പുണ്ടായിരുന്നു. ഞങ്ങൾ അവിടെ താമസിച്ചു. കുറച്ചുനാൾ കഴിഞ്ഞപ്പോൾ ഹജ്ജിന്നായി മക്കയിലേക്ക് പുറപ്പെട്ടു. മക്കയിൽ കുറെ കാലം കഴിച്ചുകൂട്ടി. സ്വതന്ത്ര മായി ജീവിച്ചു. ഇപ്പോൾ നാട്ടിലേ ക്കു പോവുകയാണ്. മുൽത്താനിൽ ചെന്ന് ഞാനും ഭർത്താവും വേർ പിരിയും. ഇതാണ് എന്റെ കഥ.

ആ സ്ത്രീയുടെ വിവരണം കേട്ടപ്പോൾ ഹദ്റത്ത് നൂറുദ്ദീൻ സാഹിബിനു വലിയ വിഷമമുണ്ടാ യി. അദ്ദേഹം പറയുകയാണ്, വിധവകളെ ഇത്തരത്തിൽ പുനർ വിവാഹം കഴിപ്പിക്കാതെ ഇരുത്തു ന്നത് അവരോടു ചെയ്യുന്ന വളരെ വലിയ അനീതിയാണ്. ക്രൂരത യാണ്. ഒരു കാലത്ത് ഈ സ്ത്രീ എന്റെ വീട്ടിലും വരാറുണ്ടായിരു

ന്നുവെന്നു ഞാൻ ഓർക്കുന്നു. ചെറുപ്രായത്തിലുള്ള വിധവകളെ എല്ലായിപ്പോഴും ഇസ്തിഖാറ ചെയ്തുകൊണ്ട് പുനർവിവാഹം ചെയ്യിക്കുകയാണു വേണ്ടത്.

## ഗുരു ദക്ഷിണയും ലാഹോർ സന്ദർശനവും

ബോംബെയിൽ നിന്നു സ്വദേശത്തേക്ക് മടങ്ങുന്നതിനു മുമ്പു ഹദ്റത്ത് ഹക്കീം നൂറുദ്ദീൻ സാഹിബ് നാലഞ്ചുകൊല്ലക്കാലം ഇന്ത്യയിലെ വിവിധ പട്ടണങ്ങളിൽ നിന്നും പിന്നീട് മക്ക, മദീനയിൽ നിന്നും വിദ്യാഭ്യാസകാലത്തു സ്വരുകൂട്ടിയ പുസ്തകങ്ങളുടെ വലിയൊരു ശേഖരവും മറ്റു സാധനങ്ങളും റയിൽ മാർഗ്ഗം ലാഹോറിലേക്ക് ബുക്കു ചെയ്തയച്ചു. റെയിൽവേ കടത്തുകൂലി കൊടുക്കാൻ അദ്ദേഹത്തിന്റെ കൈയിൽ പണമില്ലാതിരുന്നതു കൊണ്ട് സാധനങ്ങൾ ക്ലിയർ ചെയ്തെടുക്കുമ്പോൾ കടത്തു കൂലി അടച്ചോളാമെന്ന വ്യവസ്ഥയിലായിരുന്നു സാധനങ്ങളയച്ചത്. പിന്നീട് ഹദ്റത്ത് മൗലവി സാഹിബ് ബോംബെയിൽ നിന്ന് ലാഹോറിലേക്ക് പുറപ്പെട്ടെങ്കിലും ചിലരെ കാണുന്നതിന്നായി ഡൽഹിയിൽ ഇറങ്ങി.

ഡൽഹിയിൽവെച്ചു ഹദ്റത്ത് മൗലവി സാഹിബ് തന്റെ പഴയൊരു സ്നേഹിതനെ കണ്ടുമുട്ടി. തന്നെ വൈദ്യം പഠിപ്പിച്ച ഉസ്താദ് ഹക്കീം അലി ഹുസൈൻ സാഹിബ് ലഖ്നവി ഡൽഹിയിൽ വന്നിട്ടുണ്ടെന്നും ഇന്ന സ്ഥലത്താണ് താമസിക്കുന്നതെന്നും ആ കൂട്ടുകാരൻ അറിയിച്ചപ്പോൾ ഒട്ടും താമസിയാതെ ആദരണീയനായ തന്റെ ഉസ്താദിനെ കാണാൻ ചെന്നു. കുശലാന്വേഷണങ്ങൾക്കു ശേഷം അദ്ദേഹം ചോദിച്ചു, നീ ഹറമൈൻ ശരീഫൈനി (മക്ക, മദീന) ൽ നിന്നും വന്നിരിക്കുകയല്ലേ? അവിടെ നിന്ന് എന്താണ് കൊണ്ടുവന്നിരിക്കുന്നത്? പണ്ഡിതർക്ക് എന്നും പുസ്തകങ്ങളോടായിരിക്കുമല്ലോ പത്ഥ്യവും ഏറെ പ്രിയവും. അതു മനസ്സിലാക്കി ഹദ്റത്ത് നൂറുദ്ദീൻ സാഹിബ് വളരെ അമൂല്യങ്ങളും അപൂർവങ്ങളുമായ ചില പുസ്തകങ്ങളുടെ പേരു പറഞ്ഞു. കേട്ട ഉടനെ അദ്ദേഹം പറഞ്ഞു അതെനിക്കുവേണം. മൗലവി നൂറുദ്ദീൻ സാഹിബ് നിറഞ്ഞ മനസ്സോടെ, ഹദ്റത്ത് അതു താങ്കൾക്കു തരാം. പക്ഷേ, പുസ്തകങ്ങളെല്ലാം ഒരു പെട്ടിയിലടക്കം ചെയ്തു തീവണ്ടി മാർഗ്ഗം ലാഹോറിലേക്ക് അയച്ചിട്ടാണുള്ളത്. ഞാൻ ലാഹോർ ചെന്ന ശേഷം റെയിൽവേയിൽ നിന്നും ക്ലിയർ ചെയ്തെടുത്ത് താങ്കൾക്ക് അയച്ചു തരുന്നതായിരിക്കും എന്നു പറഞ്ഞു.

അദ്ദേഹം പറഞ്ഞു. അതു വേണ്ട. എനിക്കേതായാലും ലാഹോർ കാണണം അവിടെ ഒന്നു ചുറ്റിക്കറങ്ങണം. അതു കൊണ്ട് ഇന്നു തന്നെ നമുക്കു ലാഹോറിലേക്ക് പുറപ്പെടാം. അങ്ങിനെ രണ്ടുപേരും ലാഹോറിലേക്ക് പുറപ്പെട്ടു. അവിടെ പല സ്ഥലങ്ങളും സന്ദർശിച്ച ശേഷം സാധനങ്ങൾ എടുക്കാനായി ഹദ്റത്ത് നൂറുദ്ദീൻ സാഹിബ് സ്റ്റേഷനിലേയ്ക്കു പുറപ്പെടാൻ ഒരുങ്ങിയപ്പോൾ അദ്ദേഹം പറഞ്ഞു, നീ പോകേണ്ട, ഞാനതു ഒരാളെ അയച്ചു ക്ലിയർ ചെയ്തെടുത്തോളാം. അതിന്റെ കൂലിയും ഞാൻ കൊടുത്തോളാം. അങ്ങനെ പുസ്തകമടങ്ങിയ പെട്ടി വീട്ടിലെത്തിയപ്പോൾ ഹക്കീം അലി ഹുസൈൻ സാഹിബ് പറഞ്ഞു, ഈ കാര്യത്തിൽ ഞാനും എന്തെങ്കിലും ചെയ്തു എന്നു വരുത്താനാണ് അതിന്റെ കൂലി ഞാൻ കൊടുത്തത്. അതായത് ഹദ്റത്ത് നൂറുദ്ദീൻ സാഹിബ് ഇത്രയും ബുദ്ധിമുട്ടി മക്ക, മദീന പോലുള്ള സ്ഥലങ്ങളിൽ നിന്നും പുസ്തകങ്ങൾകൊണ്ടു വന്നു. അതിനുശേഷം അതു ബോംബെയിൽ നിന്നും ലാഹോറിൽ എത്തിച്ചു. ആ നിലക്ക് അദ്ദേഹവും തന്റെ ഭാഗത്തു നിന്നു എന്തെങ്കിലും ചെയ്തില്ലെങ്കിൽ മോശമല്ലേ എന്നാണു ഹക്കീം അലി ഹുസൈൻ സാഹിബ് ഉദ്ദേശിച്ചത്. ഹദ്റത്ത് ഹക്കീം നൂറുദ്ദീൻ സാഹിബ് പറയുകയാണ്, യഥാർഥത്തിൽ എന്റെ കൈയിൽ റെയിൽവേ കൂലി കൊടുക്കാൻ അപ്പോഴും പണമില്ലായിരുന്നു. സാധാരണ പോലെ അവിടേയും അല്ലാഹുവിന്റെ അപാരമായ സഹായമുണ്ടായി എന്ന കാര്യം വെളിപ്പെടുത്തുവാനാണു ഞാനിതു പറഞ്ഞത്.

## മുഹമ്മദ് ഹുസൈൻ ബട്ടാലവിയും നാസിഖും മൻസൂഖും

ഉസ്താദ് ഹക്കീം അലി ഹുസൈൻ സാഹിബ് ലഖ്നവി ഏതാനും ദിവസം ലാഹോറിൽ തങ്ങിയശേഷം തിരിച്ചു ഡൽഹിയിലേക്ക് പോയി. അദ്ദേഹത്തെ യാത്രയാക്കിയ ശേഷം വൈകുന്നേരം പള്ളിയിൽ വച്ചു മൗലവി മുഹമ്മദ് ഹുസൈൻ സാഹിബ് ബട്ടാലവിയുടെ സഹോദരൻ മുഹമ്മദലിയെ കാണാനിടയായി. സംഭാഷണത്തിന്നിടയിൽ അദ്ദേഹം നാസിഖ് മൻസൂഖി (ഖുറാനിലെ ആയത്തുകളിൽ ചിലതു ദുർബലപ്പെട്ടതാണെന്നും അസാധുവാണെന്നുമുള്ള അബദ്ധവിശ്വാസം) നെ കുറിച്ചു സംസാരിക്കാൻ തുടങ്ങി. ഹ്ദറത്ത് ഹക്കീം നൂറുദ്ദീൻ സാഹിബ് പറഞ്ഞു നാസിഖ് മൻസൂഖ് എന്നത് തികച്ചും തെറ്റായ വിശ്വാസമാണ്. ഖുർആനെ സംബന്ധിച്ചിടത്തോളം അങ്ങനെ ഒന്നില്ല. ഈ സംസാരത്തെ കുറിച്ചു മൗലവി മുഹമ്മദ് ഹുസൈൻ സാഹിബ് ബട്ടാലവി അറിഞ്ഞപ്പോൾ അയാൾ തിരക്കിട്ടു വന്നു. എന്നിട്ട് നാസിഖ് മൻസൂഖിനെ കുറിച്ചു ഹദ്റത്ത് മൗലവി സാഹിബിനോടു വളരെ ശക്തമായി തർക്കിക്കാൻ തുടങ്ങി. ഹദ്റത്ത് മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബ് (റ) പറഞ്ഞു ദുർബലപ്പെട്ടതാണെന്നു നിങ്ങൾ കരുതുന്ന വല്ല ആയത്തും നിങ്ങളുടെ പക്കൽ ഉണ്ടെങ്കിൽ പറയൂ. അതു മൻസൂഖ് അല്ല എന്നു ഞാൻ തെളിയിച്ചു കാണിച്ചു തരാം. ബട്ടാലവി

സാഹിബ് ഉടനെ ഒരായത്ത് ഓതി. ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബ് അപ്പോൾ തന്നെ, നിങ്ങൾ വളരെയധികം ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന ആദരണീയനായ ഇന്ന മഹൽ വ്യക്തി തന്റെ ഇന്ന പുസ്തകത്തിൽ ആ ആയത്തു മൻസൂഖ് അല്ല എന്നു വ്യക്തമായി എഴുതിയിട്ടു ണ്ടല്ലോ എന്നു പറഞ്ഞപ്പോൾ മുഹമ്മദ് ഹുസൈൻ ബട്ടാലവി സാഹിബിനു ഒരക്ഷരം മിണ്ടാനായി ല്ല.

ഹദ്റത്ത് ഹക്കീം നൂറുദ്ദീൻ സാഹിബ്(റ) ലാഹോറിൽ ഏതാനും ദിവസം തങ്ങിയ ശേഷം തന്റെ സാധനങ്ങളുമായി സ്വദേശമായ ഭേരയിലേക്ക് പുറപ്പെടാൻ ഒരുങ്ങിയപ്പോൾ നാട്ടുക്കാരനായ ഒരു ഹിന്ദു സുഹൃത്തിനെ കണ്ടു മുട്ടി. അയാൾ ട്രാൻസ്പോർട്ടുമായി ബന്ധപ്പെട്ട ജോലി ചെയ്യുന്ന ആളായിരുന്നു. അയാൾ പറഞ്ഞു, ഞാൻ സാധനങ്ങളോടൊപ്പം താങ്കളേയും ഭേരയിൽ എത്തിക്കാം. അങ്ങനെ അല്ലാഹുവിന്റെ സഹായ ത്താൽ ഹദ്റത്ത് നൂറുദ്ദീൻ സാഹിബ് ഇന്ത്യയിലും അറേബ്യ യിലും മതപരവും വൈദ്യശാസ്ത്ര പരവുമായ പഠനം പൂർത്തിയാക്കി ക്കൊണ്ട് അഞ്ചു വർഷത്തിൽ കൂടുതൽ കാലങ്ങൾക്കു ശേഷം സസുഖം ഭേരയിൽ തിരിച്ചെത്തി. 1871 കാലഘട്ടമായിരുന്നു അത്. അപ്പോൾ അദ്ദേഹത്തിനു മുപ്പതോ അല്ലെങ്കിൽ അൽപം മുകളിലോ പ്രായമായിക്കാണും. അന്നു മാതാ പിതാക്കൾ ജീവിച്ചിട്ടുണ്ടായിരുന്നു വെങ്കിലും സഹോദരങ്ങളിൽ ചിലർ മരണപ്പെട്ടിട്ടുണ്ടായിരുന്നു.

### ഭേരയിലൊരു സ്വീകരണ യോഗവും തുടർന്നു ശത്രുതയും

ഹദ്റത്ത് മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബ്(റ) നാട്ടിൽ തിരിച്ചെത്തിയതു അവിടെ വലിയ വാർത്തയായിരുന്നു. അടുത്തും ദൂരെയുമുള്ള മുസ്‌ലിംകളും ഹിന്ദുക്കളും അദ്ദേഹത്തെ കാണാൻ വന്നു കൊണ്ടിരുന്നു. താമസിയാതെ ഹദ്റത്ത് മൗലവി സാഹിബിന്റെ ബഹുമാനാർത്ഥം ഭേരയിൽ ഒരു സ്വീകരണ യോഗം സംഘടിപ്പിക്കപ്പെട്ടു. ആ യോഗ ത്തിൽ ഒരു മൗലവി പ്രസംഗിച്ചു കൊണ്ട്, ആയിരം കൊല്ലങ്ങൾ വെളിച്ചം കാണാതെ, ആരാലും അറിയപ്പെടാതെ കിടന്ന ഒരു ഗ്രന്ഥമാണു ഹദീസെന്നും ഇത് ഡൽഹിയിലെ ഇസ്മായീൽ എന്നു പേരുള്ള ഒരാളാണ് പ്രസിദ്ധീകരിച്ച തെന്നും പ്രസ്താവിക്കുകയു ണ്ടായി. ഹദീസിനെ ഇത്തരത്തിൽ ഇകഴ്ത്തി സംസാരിച്ചതു കേട്ട് ഹദ്റത്ത് നൂറുദ്ദീൻ സാഹിബ് ആകെ സ്തബ്ധനായിപ്പോയി. അദ്ദേഹത്തിന്റെ മനസ്സ് വല്ലാതെ വേദനിച്ചു. അദ്ദേഹം പറയുകയാണ്, ശിയ പണ്ഡിതർ പോലും പറയാൻ ധൈര്യം കാണിക്കാത്ത പ്രസ്താവ നയാണു ഹനഫി മദ്ഹബിന്റെ അറിയ പ്പെടുന്ന ഒരാലിമിൽ നിന്നും ഉണ്ടായിരിക്കുന്നത്.

ഹദ്റത്ത് മൗലവി സാഹിബ് തന്റെ മറുപടി പ്രസംഗത്തിൽ ഹനഫി മൗലവി ഹദീസിനെ കുറിച്ചു പറഞ്ഞതിൽ അതീവ ദു:ഖവും തന്റെ രോഷവും പ്രകടിപ്പിച്ചു കൊണ്ട് പറഞ്ഞു, നാട്ടിൽ തിരിച്ചെത്തിയ ശേഷമുള്ള എന്റെ ആദ്യദിനങ്ങളാണിത്. ഞാൻ വിദ്യാർഥി ജീവിതത്തിൽ നിന്നും പുറത്തു കാലെടുത്തു വച്ചതേയു ള്ളൂ. എന്റെ ഗ്രന്ഥപാരായണത്തി ന്റെ വിശാലതയും എന്റെ വീക്ഷണ നിരീക്ഷണങ്ങളുടെ ആഴവും പരപ്പും എല്ലാം തന്നെ പരിമിതമാണ്. എന്നാൽ ഹദീസിന്റെ അറുപതോളം വ്യാഖ്യാന നിരൂപണ (ശറഹ്) ഗ്രന്ഥങ്ങളുടെ പേരുകൾ ഇപ്പോൾ എനിക്കിവിടെവച്ചു വെളിപ്പെടുത്തു വാൻ സാധിക്കും.

അതിൽ ശാഫി മദ്ഹബിന്റെ ശറഹുകളുണ്ട്. ഹനഫി, മാലിക്കി, ഹംബലി മദ്ഹബുകളുടെ ശറഹു കളുണ്ട്. ആയിരം കൊല്ലം അറിയ പ്പെടാതെ കിടന്ന ഒരു ഗ്രന്ഥമാണു ഹദീസെങ്കിൽ എങ്ങനെ ഇത്രയധി

ഹദ്റത്ത് മൗലവി സാഹിബ് തന്റെ മറുപടി പ്രസംഗത്തിൽ ഹനഫി മൗലവി ഹദീസിനെക്കുറിച്ചു പറഞ്ഞതിൽ അതീവ ദു:ഖവും തന്റെ രോഷവും പ്രകടിപ്പിച്ചു കൊണ്ട് പറഞ്ഞു, നാട്ടിൽ തിരിച്ചെത്തിയ ശേഷമുള്ള എന്റെ ആദ്യദിനങ്ങളാണിത്. ഞാൻ വിദ്യാർഥി ജീവിതത്തിൽ നിന്നും പുറത്തു കാലെടുത്തു വച്ചതേയു ള്ളൂ. എന്റെ ഗ്രന്ഥപാരായണത്തിന്റെ വിശാലതയും എന്റെ വീക്ഷണ നിരീക്ഷണങ്ങളുടെ ആഴവും പരപ്പും എല്ലാം തന്നെ പരിമിതമാണ്. എന്നാൽ ഹദീസിന്റെ അറുപതോളം വ്യാഖ്യാന നിരൂപണ (ശറഹ്) ഗ്രന്ഥങ്ങളുടെ പേരുകൾ ഇപ്പോൾ എനിക്കിവിടെവച്ചു വെളിപ്പെടുത്തുവാൻ സാധിക്കും.

അതിൽ ശാഫി മദ്ഹബിന്റെ ശറഹുകളുണ്ട്. ഹനഫി, മാലിക്കി, ഹംബലി മദ്ഹബുകളുടെ ശറഹുകളുണ്ട്. ആയിരം കൊല്ലം അറിയപ്പെടാതെ കിടന്ന ഒരു ഗ്രന്ഥമാണു ഹദീസെങ്കിൽ എങ്ങനെ ഇത്രയധികം ശറഹുകളുണ്ടായി.

കം ശറഹുകളുണ്ടായി. ഭോപാലിലുള്ള ഹനഫി മദ്ഹബിന്റെ വളരെ വിഖ്യാതനായ പണ്ഡിതൻ ജനാബ് അബ്ദുൽ ഖയ്യൂം സാഹിബി ൽ നിന്നാണ് ഞാൻ ഹദീസ് പഠിച്ചത്. പിന്നീട് മദീനയിൽ പോയി ശാഹ് അബ്ദുൽ ഗനി മുജദ്ദിദി സാഹിബിൽ നിന്നും വളരെ ആഴത്തിൽ ഹദീസ് പഠിക്കുകയുണ്ടായി. ഈ രണ്ടു മഹാപണ്ഡിതന്മാരുടെ സഹവാസത്തിലും സംസർഗത്തിലും ഒരിക്കൽ പോലും കേൾക്കാൻ സാധിക്കാതിരുന്ന പ്രസ്താവനകളാണ് ഇപ്പോൾ ഇവിടെ കേട്ടത്. ബുഖാരിയുടെ ശത്രുവായ പ്രസ്തുത ഹനഫി മൗലവിക്കു ഹദ്റത്ത് മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബിന്റെ ഈ വിവരണം വൈദ്യുത പ്രവാഹമേറ്റതു പോലെയായി. അയാൾക്കു മറുപടി പറയാൻ ഒന്നും ഇല്ലായിരുന്നു. പക്ഷേ, അദ്ദേഹവും ചുരുക്കം ചില സമചിന്താഗതിക്കാരും ഹദ്റത്ത് മൗലവി സാഹിബിന്റെ വലിയ ശത്രുക്കളായി മാറി. മാത്രവുമല്ല മൗലവി നൂറുദ്ദീൻ സാഹിബ് ഒരു വഹാബി ചിന്താഗതിക്കാരനാണെന്നു ആക്ഷേപിച്ചു കൊണ്ട് അയാളും കൂട്ടാളികളും മൗലവി സാഹിബിനെതിരിൽ പല പദ്ധതികളും ഗൂഡാലോചനയും ആസൂത്രണം ചെയ്യാൻ തുടങ്ങി.

ആ കാലഘട്ടത്തിൽ പൊതുവിൽ നാട്ടിൽ മതഭ്രാന്തിന്റേയും അന്ധവിശ്വാസത്തിന്റേയും അനാചാരങ്ങളുടേയും അന്തരീക്ഷമാണു നിലനിൽക്കുന്നതെന്നും ആലിംകൾ എന്നു വിളിക്കപ്പെടുന്ന അല്ലെങ്കിൽ പണ്ഡിതരെന്നു സ്വയം ഭാവിച്ചു നടക്കുന്ന ഒരു കൂട്ടം ആളുകൾ മുസ്‌ലിംകളിൽ നിലനിന്നിരുന്ന അഭിപ്രായ ഭിന്നതകളെ പർവതീകരിക്കുകയും ആചാരപരമായ കാര്യങ്ങൾക്ക് അതർഹിക്കാത്ത പ്രാധാന്യം നൽകി ചേരിതിരിവുണ്ടാക്കുക എന്നതു ഇത്തരക്കാരുടെ സ്വഭാവമാണെന്നും ഹദ്റത്ത് ഹക്കീം നൂറുദ്ദീൻ സാഹിബ് മനസ്സിലാക്കിയിരുന്നു. ഇതിന്റെയൊക്കെ ആദ്യന്ത ലക്ഷ്യം അവരുടെ വയറ്റു പിഴവ് മാത്രമായിരുന്നു. ഇത്തരക്കാരിൽ ഉന്നതമായ ധാർമ്മിക ഗുണങ്ങളോ ആത്മീയമായ മൂല്യങ്ങളെ ഉയർത്തികൊണ്ടുവരുന്നതിൽ ശ്രദ്ധയോ ഉണ്ടായിരുന്നില്ല. റുക്കൂഅ്നു ശേഷം കൈ ഉയർത്തുന്നത് (റഫഅ യദൈൻ) ശരിയാണോ എന്നതിനെ കുറിച്ചു ദീർഘമായതും വാശിയേറിയതുമായ വാഗ്വാദങ്ങൾ നടന്നിരുന്നു. ബാങ്കിനു ശേഷം ചൊല്ലുന്ന ദുആയിലെ ചില പദങ്ങളെ ആസ്പദമാക്കി ശക്തമായ അഭിപ്രായഭിന്നതകൾ അവർ സൃഷ്ടിച്ചിരുന്നു. അതുപോലെ ഔലിയാക്കളെ വിളിച്ചു പ്രാർഥിക്കുന്നതിനെ ഹദ്റത്ത് മൗലവി സാഹിബ് ശക്തിയായി വിലക്കുന്നതും അവരുടെ ശത്രുത വിളിച്ചു വരുത്താൻ കാരണമായി.

ഒരിക്കൽ ഹദീസിന്റെ ശത്രുവായ പ്രസ്തുത മൗലവി സാഹിബ് റഫഅ യദൈനെ കുറിച്ചു എന്താണഭിപ്രായമെന്നും അതനുവദനീയമാണോ എന്നും ഹദ്റത്ത് മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബിനോടു ചോദിച്ചു. അദ്ദേഹം പറഞ്ഞു, എന്റെ അഭിപ്രായത്തിൽ തികച്ചും ശരിയാണ്. ഇതു കേട്ട മൗലവി, അങ്ങനെ എങ്കിൽ ഈ നാട്ടിൽ കുറഞ്ഞപക്ഷം ഈ പ്രദേശത്തു ജീവിക്കുക എന്നതു നിങ്ങൾക്കു വലിയ ബുദ്ധിമുട്ടായിരിക്കുമെന്നു പറയുകയുണ്ടായി. ചില അവസരങ്ങളിൽ രോഗിയെ ചികിത്സിക്കാനുണ്ടെന്നു പറഞ്ഞു വിളിച്ചു കൊണ്ടുപോയി ഹദ്റത്ത് മൗലവി സാഹിബിനെ അനാവശ്യ ചർച്ചകളിൽ വലിച്ചിഴക്കാൻ ശ്രമങ്ങൾ നടന്നിരുന്നു. ചുരുക്കത്തിൽ അദ്ദേഹത്തിനെതിരിൽ ഭേരയിൽ ഇത്തരത്തിൽ ശത്രുത വല്ലാതെ വർദ്ധിച്ചു.

ഭേരയിലെ ഒരു സംഭവം വിവരിച്ചു കൊണ്ട് ഹദ്റത്ത് മൗലവി സാഹിബ് പറയുകയാണ്. എന്റെ നാട്ടിൽ അറിയപ്പെടുന്ന ഒരു പീർ വലിയുല്ലാഹ് (ആത്മീയ ഗുരു) ഉണ്ടായിരുന്നു. ഒരു ദിവസം നാട്ടിലെ കുറേ മത പണ്ഡിതരും അവരുടെ അനുയായികളും അദ്ദേഹത്തിന്റെ അടുക്കൽ ചെന്നു എനിക്കെതിരിൽ പല ആക്ഷേപങ്ങൾ ഉന്നയിക്കുകയും എന്നെ നാട്ടിൽ നിന്നും പുറത്താക്കാനായി അദ്ദേഹത്തിന്റെ പിന്തുണയും ഒത്താശയും ആവശ്യപ്പെട്ടു. പീർ സാഹിബ് അവരുടെ ആവശ്യം അംഗീകരിക്കുകയും അതെങ്ങനെ നടപ്പിൽ വരുത്തണമെന്നു പിറ്റേ ദിവസം പറഞ്ഞു തരാമെന്നും അവരോടു സമ്മതിക്കുകയും ചെയ്തു. വിവരം എന്റെ ചെവിയിലുമെത്തി.

ഉച്ച നേരത്തു ആരും ഇല്ലാത്ത സമയത്തു ഞാൻ പീർ സാഹിബിന്റെ അടുക്കൽ ചെന്നു. താങ്കളുടെ വീടിനു സമീപത്തുള്ള വിശാലമായ ഈ എസ്റ്റേറ്റ് സംബന്ധമായി ഒരു കാര്യം അറിയാൻ വന്നതാണെന്നു പറഞ്ഞു. താങ്കൾ 'ഹുജ്റാ ശാഹ്' എന്ന സ്ഥലത്തെ നിവാസിയാണെന്നും ആ സ്ഥലം ഇവിടെ നിന്നും വളരെ അകലെയാണെന്നും എനിക്കറിയാം. ആ നിലയ്ക്കു ഈ തോട്ടം താങ്കൾക്കെങ്ങനെയാണു ലഭിച്ചത് എന്നു ചോദിച്ചു. അതു ചോദിച്ചപ്പോഴേക്കും പീർ സാഹിബിന്റെ ഭാവവും രീതിയും ആകെ മാറി. അദ്ദേഹം പറഞ്ഞു അതു താങ്കളുടെ പിതാമഹൻ എന്റെ പിതാമഹനു ഇഷ്ടദാനമായി നൽകിയതാണു. ഞാൻ പറഞ്ഞു അതിന്റെ അർഥം ഞങ്ങളുടെ കുടുംബം മുഖേന താങ്കളുടെ കുടുംബാഗംങ്ങൾക്കു ചില അനുഗ്രഹാശിസ്സുകളെങ്കിലും ലഭിച്ചിട്ടുണ്ടെന്നാണു. അല്ലേ? അപ്പോൾ അദ്ദേഹം പറഞ്ഞു ശരിയാണു. മാത്രവുമല്ല താങ്കളുടെ മൂത്ത ജ്യേഷ്ഠൻ മൗലവി സുൽത്താൻ അഹ്മദ് സാഹിബും ഞാനും ലാഹോറിൽ ഒരു സ്ഥലത്താണു താമസിച്ചിരുന്നത്. ഞങ്ങൾ വളരെ സ്നേഹത്തിലും സഹകരണത്തിലുമായിരുന്നു. അതു കേട്ടപ്പോൾ ഞാൻ പറഞ്ഞു എന്നെ ഇവിടെ നിന്നും പുറത്താ

ക്കാൻ മറ്റുള്ളവരോടൊപ്പം താങ്കളും ചേർന്നിട്ടുണ്ടെന്നു കേട്ടല്ലോ? എന്റെ കുടുംബം നിങ്ങളോടു ചെയ്ത നന്മയ്ക്കു പകരമുള്ള പ്രത്യുപകാരമായിരിക്കും ഇത് അല്ലേ? മേലിൽ എന്റെ ശിഷ്യന്മാരും എന്നെ സ്നേഹിക്കുന്നവരും താങ്കൾക്കു സലാം പോലും പറയുകയില്ല എന്നു മാത്രം പറഞ്ഞു കൊണ്ട് ഞാൻ അവിടെ നിന്നും ഇറങ്ങി. പിറ്റെ ദിവസം പണ്ഡിതരും അനുയായികളും പീർ സാഹിബ് സമ്മതിച്ചതനുസരിച്ച് എന്നെ നാട്ടിൽ നിന്നും പുറത്താക്കാനുള്ള ഉപായവും തേടി അദ്ദേഹത്തിന്റെ അടുക്കൽ ചെന്നു. പക്ഷേ, പീർ സാഹിബ് പല പല കാരണങ്ങൾ നിരത്തി ഒഴികഴിവ് പറഞ്ഞതല്ലാതെ അവരുടെ ആവശ്യം അംഗീകരിച്ചില്ല. എല്ലാവരും തലേ ദിവസം പീർ സാഹിബ് ചെയ്ത വാഗ്ദാനം ഓർമപ്പെടുത്തിയെങ്കിലും എനിക്കെതിരിൽ അദ്ദേഹം ചെറു വിരൽ പോലും അനക്കിയില്ല.

ആയിടയ്ക്കു ഹദ്റത്ത് നൂറുദ്ദീൻ സാഹിബിന്റെ മുലകുടി ബന്ധത്തിലുള്ള ഒരു സഹോദരൻ ഞാൻ നൂറുദ്ദീനെ കുത്തികൊല്ലുമെന്നു പറഞ്ഞു നടക്കുന്നുണ്ടായിരുന്നു. ഈ കാര്യം ഹദ്റത്ത് നൂറുദ്ദീൻ സാഹിബ് അറിഞ്ഞപ്പോൾ, അവൻ കുത്തുന്നതു ഒന്നു കാണണമല്ലോ എന്ന നിലക്ക് ഒരു ദിവസം ഇശാ നമസ്ക്കാരത്തിനു ശേഷം അവന്റെ വീട്ടിൽ പോയി ഒരു മുറിയിൽ കയറിക്കിടന്നു. തന്റെ മകൻ നൂറുദ്ദീനെ കൊല്ലുമെന്നു പറഞ്ഞു നടക്കുന്ന കാര്യം അവന്റെ മാതാവിനും നന്നായി അറിയാമായിരുന്നു. അതുകൊണ്ട് ഹദ്റത്ത് നൂറുദ്ദീൻ സാഹിബിനെ കണ്ടപ്പോൾ ആ സ്ത്രീ വല്ലാതെ ഭയപ്പെട്ടു. അവർക്കു മന:സമാധാനം നഷ്ടപ്പെട്ടു. തന്റെ മകൻ നൂറുദ്ദീനെ ആപകടപ്പെടുത്തുമോ എന്നായിരുന്നു ആ സ്ത്രീയുടെ പേടി. രാവേറെ ചെന്നപ്പോൾ ഉറങ്ങിക്കിടക്കുന്ന നൂറുദ്ദീൻ സാഹിബിനെ ആ സ്ത്രീ വിളിച്ചുണർത്തി മോനേ, ഇനി നീ നിന്റെ വീട്ടിൽ പോയി ഉറങ്ങിക്കൊള്ളൂ എന്നു പറയാൻ തുടങ്ങി. എന്റെ സഹോദരൻ (അതായത് കൊല്ലാൻ നടക്കുന്ന മുലകുടി ബന്ധത്തിലുള്ളവൻ) എന്റെ വീടു വരെ എന്നോടൊപ്പം വരുമെങ്കിൽ ഞാൻ പോയ് ക്കൊള്ളാമെന്നു ഹദ്റത്ത് നൂറുദ്ദീൻ സാഹിബ് സമ്മതിച്ചു. അങ്ങനെ രണ്ടു പേരും പുറപ്പെട്ടു. ഹദ്റത്ത് നൂറുദ്ദീൻ സാഹിബ് പറയുകയാണ്, അവനു എന്നെ കുത്തി വീഴ്ത്താനുള്ള ധൈര്യമുണ്ടെങ്കിൽ അതൊന്നു കാണണമല്ലോ എന്ന നിലയിൽ അതിനുള്ള സൗകര്യം ചെയ്തു കൊണ്ട് ഞാൻ മുന്നിലും അവൻ പിന്നിലുമായിട്ടായിരുന്നു നടന്നത്. യഥാർഥത്തിൽ അവൻ ഭീരുവാണെന്നും അവൻ വെറുതെ പറഞ്ഞു നടക്കുന്നതു പോലെ എന്നെ കുത്താനുള്ള ധൈര്യമില്ലെന്നും അവനെ ബോദ്ധ്യപ്പെടുത്താനായിരുന്നു ഞാൻ അങ്ങനെ ചെയ്തത്. എന്റെ വീടെത്തിയപ്പോൾ എന്നാൽ ശരി, ഭായി ഞാൻ പോകട്ടെ എന്നു പറഞ്ഞു പിരിഞ്ഞാണ് അവൻ പോയത്.

## ഹദ്റത്ത് ഹക്കീം നൂറുദ്ദീൻ സാഹിബിന്റെ പ്രഥമ വിവാഹവും സന്താനങ്ങളും

ഹദ്റത്ത് ഹക്കീം നൂറുദ്ദീൻ സാഹിബ് വിദേശത്തു നിന്നു തിരിച്ചെത്തി കുറച്ചു നാൾ കഴിഞ്ഞപ്പോൾ തന്നെ ഭേരയിൽ വളരെ അറിയപ്പെടുന്ന മുഫ്തികളുടെ ഒരു കുലീന കുടുംബത്തിലെ മുഫ്തി മുകർറം ശേഖ് ഖുറൈശി നുഅ്മാൻ സാഹിബിന്റെ മകൾ ഫാത്തിമയുമായി വിവാഹം നിശ്ചയിക്കപ്പെട്ടു. അദ്ദേഹത്തിനപ്പോൾ വയസ്സ് മുപ്പത് കഴിഞ്ഞിരിക്കും. ഹദ്റത്ത് നൂറുദ്ദീൻ സാഹിബിന്റെ ഉസ്താദ് കൂടിയായ ഒരു മൗലവിയാണു നിക്കാഹ് ഖുത്തുബ നിർവ്വഹിച്ചത്. അദ്ദേഹം മഹർ (വധുവിനു നൽകപ്പെടുന്ന വിവാഹ മൂല്യം) ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബിന്റെ സാമ്പത്തിക സ്ഥിതിയേക്കാൾ കൂടുതൽ വിളംബരപ്പെടുത്തിയപ്പോൾ അതംഗീകരിക്കാനാവുകയില്ലെന്നും മഹർ നൽകേണ്ടതു ഞാനാണെന്നും എനിക്ക് അഞ്ഞൂറ് രൂപയിൽ കൂടുതൽ നൽകാനാവില്ലെന്നും ആ സദസ്സിൽ വെച്ചു പരസ്യമായി അദ്ദേഹം പറഞ്ഞു. ഇത്തരത്തിൽ കല്ല്യാണ ചെറുക്കൻ നിക്കാഹ് വേളയിൽ സംസാരിച്ചത് അവിടെ ചില അസ്വാരസ്യങ്ങൾക്കും ഒച്ചപ്പാടിനും കാരണമായി. പക്ഷേ, ഹദ്റത്ത് ഹക്കീം നൂറുദ്ദീൻ സാഹിബ് താൻ പറഞ്ഞതിൽ തന്നെ ഉറച്ചുനിന്നു. അവസാനം അത് തന്നെ അംഗീകരിക്കപ്പെട്ടു.

ഹദ്റത്ത് മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബിന് ഈ ഭാര്യയിൽ ഒമ്പതു ആൺകുട്ടികളും മൂന്നു പെൺ കുട്ടികളും ജനിച്ചു. മൂത്തമകൾ ഉമാമ, രണ്ടാമത്തെ മകൾ ഹഫ്സ, മൂന്നാമത്തെ മകൾ അമത്തുല്ലാഹ്. ആൺമക്കൾ എല്ലാവരും തന്നെ അമത്തുല്ലായെക്കാൾ ഇളയതായിരുന്നു. അവരെല്ലാവരും ശൈശവകാലത്തു തന്നെ മരണപ്പെടുകയും ചെയ്തു. അമത്തുല്ലാഹ്‌യും ഒമ്പതു വയസ്സുള്ളപ്പോൾ ജമ്മുവിൽ വെച്ചു വിളക്കിൽ നിന്നും തീ പൊള്ളലേറ്റു മരിച്ചു പോയിരുന്നു.

ഉമാമ വളരെ ബുദ്ധിമതിയായ കുട്ടിയായിരുന്നു. അവൾ ഉറുദു, ഫാർസി, പശ്തോ ഭാഷകൾക്കു പുറമെ ഖുർആൻ തർജ്ജമയും സ്വന്തം പിതാവിൽ നിന്നും പഠിച്ചിരുന്നു. ഹദ്റത്ത് മൗലവി അബ്ദുല്ലാഹ് സാഹിബ് ഗസ്നവി റഹ്മത്തുല്ലാഹ് അലൈഹിയുടെ പുത്രൻ മൗലവി അബ്ദുൽ വാഹിദ് സാഹിബാണ് ഉമാമയെ വിവാഹം കഴിച്ചത്. മൗലവി അബ്ദുല്ലാഹ് സാഹിബ് ഗസ്നവി (റഹ്മത്തുല്ലാഹ്) വലിയ സാത്വികനും ഭക്തനും വലിയുല്ലാഹ് ആയിട്ടുള്ള ഒരു മഹാത്മാവുമാണ്. അദ്ദേഹത്തിന്റെ പുത്രനെന്ന നിലക്കാണ് മൗലവി അബ്ദുൽ വാഹിദ് സാഹിബിനു തന്റെ മകളെ ഹദ്റത്ത് മൗലവി സാഹിബ് വിവാഹം

ചെയ്തു കൊടുത്തത്. എന്നാൽ വ്യസനകരമെന്നു പറയട്ടെ, പിൽ കാലത്ത് ഇദ്ദേഹം ഹദ്റത്ത് മസീഹ് മൗഊദ്(അ) ന്റെ കഠിന ശത്രുവായി മാറിയിരുന്നു. ഒരിക്കൽ തന്റെ ഭാര്യാപിതാവ് ഹദ്റത്ത് മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബിനെ കാണുവാനായി ഇദ്ദേഹം ഖാദിയാനിൽ ചെന്നു. ആ അവസരത്തിൽ ഇദ്ദേഹം ഹദ്റത്ത് ഹക്കീം നൂറുദ്ദീൻ സാഹിബിന്റെ നിർബന്ധത്തിനു വഴങ്ങി ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ കാണുവാൻ സമ്മതിച്ചു. എന്നാൽ മസീഹ് മൗഊദ്(അ)ന്റെ ഒരു ചോദ്യത്തിനും ഉത്തരം നൽകാതെ എന്തോ വേഗം വേഗം ചൊല്ലുന്നതു കണ്ട് ഹദ്റത്ത് ഹക്കീം നൂറുദ്ദീൻ സാഹിബിനു എന്തെന്നില്ലാത്ത ആശ്ചര്യമുണ്ടായി.

മുലാഖാത്തിനു ശേഷം മസീഹ് മൗഊദ്(അ)ന്റെ ചോദ്യങ്ങൾക്കൊന്നും ഉത്തരം നൽകാതെ എന്തു ചൊല്ലുകയായിരുന്നുവെന്ന് ജാമാതാവിനോട് ഹദ്റത്ത് മൗലവി സാഹിബ് ആരാഞ്ഞപ്പോൾ ഞാൻ സൂറത്തു കഹ്ഫിലെ ആദ്യ പത്ത് ആയത്തുകൾ ഓതുകയായിരുന്നുവെന്നാണ് അദ്ദേഹം മറുപടി പറഞ്ഞത്. ദജ്ജാലിന്റെ ഫിത്നയിൽ നിന്നു രക്ഷപ്പെടാനായി ഹദ്റത്ത് റസൂൽകരീം(സ) നിർദ്ദേശിച്ച മാർഗങ്ങളിൽ ഒന്നാണ് സൂറത്തു കഹ്ഫിലെ ആദ്യ പത്ത് ആയത്തുകൾ ഓതുക എന്നത്. അതായത് അദ്ദേഹത്തിന്റെ നിഗമനത്തിൽ ഹദ്റത്ത് മിർസാ ഗുലാം അഹ്മദുൽ ഖാദിയാനി മസീഹെ മൗഊദ് വ മഹ്ദിയെ മൗഊദ്(അ) നഊദുബില്ലാഹ് മിൻ സാലിക് ദജ്ജാലാണ്. ഇതു കേട്ടപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) വളരെയധികം ചിരിക്കുകയുണ്ടായി.

മകൾ ഉമാമയ്ക്കു രണ്ടു ആൺകുട്ടികളും രണ്ടു പെൺകുട്ടികളുമാണുണ്ടായിരുന്നത്. മൂത്ത മകൻ മുഹമ്മദ് ഇബ്രാഹീമും ഇളയ മകൻ മുഹമ്മദ് ഇസ്മായീലും. അതുപോലെ പെൺകുട്ടികൾ ആമിനയും ഖദീജയുമായിരുന്നു. 1897ൽ ഖദീജ ക്ഷയരോഗം ബാധിച്ച് ഖാദിയാനിൽ വെച്ചു മരണമടഞ്ഞു. 1910ൽ മുഹമ്മദ് ഇബ്രാഹീമും ക്ഷയരോഗബാധയെ തുടർന്നു മരണമടയുകയുണ്ടായി.

ഹദ്റത്ത് ഹക്കീം നൂറുദ്ദീൻ സാഹിബ് തന്റെ മക്കളെ ഖുർആൻ ഖിർഅത്ത് പഠിപ്പിക്കുവാനായി ഒരു ഹാഫിസ് സാഹിബിനെ നിയമിച്ചിട്ടുണ്ടായിരുന്നു. ഹദ്റത്ത് ഹക്കീം നൂറുദ്ദീൻ സാഹിബിന്റെ രണ്ടാമത്തെ മകൾ ഹഫ്സ ഖുർആൻ ഓതാൻ പഠിച്ചത് ആ ഹാഫിസ് സാഹിബിൽ നിന്നാണ്. പിന്നീട് ഖുർആൻ തർജ്ജമയും ഹദീസും കുറച്ച് വൈദ്യവും സ്വന്തം പിതാവിൽ നിന്നു പഠിച്ചു. 1888ൽ ഹഫ്സയുടെ വിവാഹം അമ്മാവന്റെ മകൻ ഹക്കീം മുഫ്തി ഫസലുർറഹ്മാൻ സാഹിബുമായി നിശ്ചയിക്കപ്പെട്ടു. രണ്ടര മൂന്നു വർഷങ്ങൾക്കു ശേഷം 1891 മെയ് 31-ാം തിയ്യതിയാണു ആ വിവാഹം നടക്കുന്നത്. സ്ത്രീ ധനമായി സാധാരണ നൽകാറുള്ള സാധനങ്ങൾക്കു പുറമെ മകൾക്കു ഒരു ഇരുമ്പുപെട്ടിയും ഹദ്റത്ത് മൗലവി സാഹിബ് നൽകിയിരുന്നു. അതിൽ ഹദ്റത്ത് മൗലവി സാഹിബ് സാധാരണ വായിക്കാറുള്ള ധാരാളം പുസ്തകങ്ങളായിരുന്നു ഉണ്ടായിരുന്നത്. അതെല്ലാം തന്നെ ഖുർആനും ഹദീസും അതുപോലെ ദീനിയാത്തുമായി ബന്ധപ്പെട്ട ഗ്രന്ഥങ്ങളായിരുന്നു. ഭർത്താവിന്റെ വീട്ടിലേക്കു പോകാനായി മകളെ പല്ലക്കിൽ ഇരുത്തിയപ്പോൾ യാത്ര അയക്കാനായി ഹദ്റത്ത് മൗലവി സാഹിബ് അവളുടെ അടുക്കൽ ചെന്നിട്ടു പറഞ്ഞു, എന്റെ മോളേ, നിനയ്ക്കു സ്ത്രീധനമായി ഒരുക്കിയിട്ടുള്ള സാധനങ്ങളാണിതൊക്കെ. എന്നിട്ട് അവളുടെ മടിയിൽ ഒരു കത്തു വച്ചിട്ട് പറഞ്ഞു, ഇതു നീ ഭർത്താവിന്റെ വീട്ടിൽ ചെന്ന ശേഷം തുറന്നു വായിച്ചോളൂ. ആ കത്തിൽ ഇങ്ങിനെ എഴുതിയിരുന്നു,

എന്റെ കുഞ്ഞിമോളേ, നമ്മുടെ യജമാനനും അന്നദാതാവുമായ അല്ലാഹുവിനെ എപ്പോഴും ഭയപ്പെട്ടു ജീവിക്കുക. എല്ലാ സമയവും അവന്റെ തൃപ്തി കാംക്ഷിച്ചു കൊണ്ടിരിക്കുക. ദുആ ചെയ്യുന്ന സ്വഭാവം എപ്പോഴും ഉണ്ടായിരിക്കണം. നമസ്ക്കാരം കൃത്യസമയത്ത് അനുഷ്ഠിക്കുക. മാസത്തിൽ സ്ത്രീകൾക്കു വിരോധിക്കപ്പെട്ട ദിനങ്ങളിലൊഴികെ മറ്റെല്ലായിപ്പോഴും ഖുർആൻ പാരായണം ചെയ്യുക. സക്കാത്ത്, നോമ്പ്, ഹജ്ജ് എന്നീ കാര്യങ്ങൾ മറക്കാതെ ഓർക്കുക. പരാതി പറയുക, അപവാദം ഉണ്ടാക്കുക, കളവ്, അസംബന്ധഭാഷണം എന്നിവയിൽ നിന്നെല്ലാം വിട്ടുനിൽക്കുക. അനാവശ്യ സംസാരത്തിൽ ഏർപ്പെടുക എന്നതു ഇവിടത്തെ സ്ത്രീകളുടെ പൊതുസ്വഭാവമാണ്. അത്തരം സഭകളും സംസാരങ്ങളും മാരക വിഷമാണെന്നു കരുതി അതിൽ നിന്നും അകന്നു ജീവിക്കുക. ചെറിയ കുട്ടികളെ ഖുർആൻ പഠിപ്പിക്കുക. മൃദുവായ വാക്കുകൾ മാത്രം പറയുക. സ്വഭാവം എപ്പോഴും ധാർമ്മിക ഗുണങ്ങൾ നിറഞ്ഞതായിരിക്കണം. പർദ്ദ ഒഴിച്ചുകൂടാനാവാത്തതാണെന്നു മനസ്സിലാക്കുക. ഖുർആനു ശേഷം റിയാഹീനുൽ ആബിദീൻ, ബേസാവാൽ, മിർഅത്തുൽ അറൂസ് തുടങ്ങി ഞാൻ തന്നിട്ടുള്ള എല്ലാ ഗ്രന്ഥങ്ങളും വായിക്കുക. അതനുസരിച്ചു പ്രവർത്തിക്കാൻ ശ്രമിച്ചു കൊണ്ടിരിക്കുക. അല്ലാഹു നിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. നല്ലതു പ്രവർത്തിക്കാൻ അല്ലാഹു പ്രചോദനം നൽകുമാറാകട്ടെ. എനിക്കെപ്പോഴും കത്തെഴുതിക്കൊണ്ടിരിക്കുക. വസ്സലാം. ഉപ്പ നൂറുദ്ദീൻ.

## അഹങ്കാരവും പൊങ്ങച്ചവും അതിനു നൽകേണ്ടിവന്ന വിലയും

ഹദ്റത്ത് നൂറുദ്ദീൻ സാഹിബ് തന്റെ വിവാഹത്തിനു ശേഷമുണ്ടായ ഒരു സംഭവം വിവരിച്ചു കൊണ്ട് പറയുകയാണ്. എന്റെ

വിവാഹം കഴിഞ്ഞ് അധികനാൾ ആയി കാണില്ല. ഒരു സ്നേഹിതൻ, അവന്റെ ഭാര്യ എന്റെ ഭാര്യയെ കാണാൻ ആഗ്രഹിക്കുന്നതായി പറഞ്ഞു. ഞാൻ പറഞ്ഞു വളരെ സന്തോഷം. വീട്ടിൽ വന്നോളൂ. ഒരു ദിവസം അദ്ദേഹത്തിന്റെ ഭാര്യ വീട്ടിൽ വന്നു. എന്റെ ഭാര്യയെ കണ്ട മാത്രയിൽ വളരെ നിരാശാ ഭാവം പ്രകടിപ്പിച്ച് നെടുവീർപ്പോടുകൂടി പറഞ്ഞു, അഹോ കഷ്ടം, നീ എത്ര ചെറിയ പെൺകുട്ടിയാണ്. എന്നിട്ടാണോ നിന്റെ മാതാപിതാക്കളും സഹോദരന്മാരും ചേർന്നു നിന്റെ പിതാവിന്റെ പ്രായക്കാരനായ മൗലവി സാഹിബുമായി നിന്റെ വിവാഹം നടത്തിയത്. അതേതായാലും തീരെ ശരിയായില്ല. എന്നെ നോക്കൂ, ഞാൻ എന്റെ മകളുടെ കല്ല്യാണം വളരെ സുമുഖനും ചെറുപ്പക്കാരനുമായ ഒരുവനുമായിട്ടാണു നടത്തിയത്. ആ സ്ത്രീയുടെ ഈ സംസാരം എന്റെ ഭാര്യക്ക് ഒട്ടും ഇഷ്ടപ്പെട്ടില്ല. ഭാര്യ എന്നെ വിളിച്ചു അൽപം ഈർഷ്യയോടെ ചോദിച്ചു, ആരാണ് ഈ സ്ത്രീ? ഞാൻ പറഞ്ഞു, ഇതെന്റെ ഒരു സ്നേഹിതന്റെ ഭാര്യയാണ്. എന്താ കാര്യം? അപ്പോൾ ആ സ്ത്രീയുടെ മുന്നിൽ വെച്ചുതന്നെ അവർ കാണിച്ച ചേഷ്ഠകളും ഭാവങ്ങളോടും കൂടി തന്നെ അവർ പറഞ്ഞതൊക്കെ ഭാര്യ എന്നെ കേൾപിച്ചു. ഇതു കേൾക്കേണ്ട താമസം അവർ എഴുന്നേറ്റു പുറത്തേക്കു പോയി. എനിക്കു ഒന്നും പറയേണ്ടി വന്നില്ല.

അഹംങ്കാരവും പൊങ്ങച്ചവും അല്ലാഹു അൽപം പോലും ഇഷ്ടപ്പെടാത്ത സ്വഭാവങ്ങളാണ്. കുറച്ചു നാളുകൾ കഴിഞ്ഞതേയുള്ളൂ അല്ലാഹുവിന്റെ വിധി നോക്കൂ, സുമുഖനും ചെറുപ്പക്കാരനുമെന്നു വിശേഷിപ്പിക്കപ്പെട്ട ആ സ്ത്രീയുടെ മകളുടെ ഭർത്താവ് ക്ഷയരോഗം ബാധിച്ചു മരണമടഞ്ഞു. പിന്നീട് ആ മകളുടെ വിവാഹം മറ്റൊരാളുമായി നടന്നെങ്കിലും ഏതാനും ദിവസം കൊണ്ട് തന്നെ ആ വിവാഹം വേർപ്പെടുത്തേണ്ടി വന്നു. തീർന്നില്ല. വിവാഹമോചനത്തിനായി മകളുടെ രണ്ടാം ഭർത്താവിനു ആയിരം രൂപ നഷ്ടപരിഹാരവും നൽകേണ്ടി വന്നു. ഇതാണു അഹങ്കാരത്തിന്റേയും പൊങ്ങച്ചത്തിന്റേയും കഥ. (തുടരും)

**കടപ്പാട് & അവലംബം**


1. ഹയാത്തെ നൂർ By മൌലാനാ അബ്ദുൽ ഖാദർ സാഹിബ് സൌദാഗർ മൽ. റബ്‌വാ
2. താരീഖെ അഹ്മദിയ്യത്ത് വാല്യം III By മൌലാനാ ദോസ്ത് മുഹമ്മദ് ശാഹിദ് സാഹിബ് റബ്‌വാ
3. മിർഖാത്തുൽ യഖീൻ ഫീ ഹയാതി നൂറുദ്ദീൻ By അക്ബർ ശാഹ് ഖാൻ സാഹിബ്. നജീബാബാദി.
4. ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബ് (English) By ഹദ്റത്ത് സർ മുഹമ്മദ് സഫറുല്ലാഹ് ഖാൻ സാഹിബ്(റ)
5. സവാനിഹ് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ By റസിയ ദർദ് സാഹിബ കറാച്ചി.
6. അൽ ഫസ്ൽ, ഉറുദു ദിനപത്രങ്ങൾ, റബ്‌വാ.


എന്റെ കുഞ്ഞിമോളേ, നമ്മുടെ യജമാനനും അന്നദാതാവുമായ അല്ലാഹുവിനെ എപ്പോഴും ഭയപ്പെട്ടു ജീവിക്കുക. എല്ലാ സമയവും അവന്റെ തൃപ്തി കാംക്ഷിച്ചു കൊണ്ടിരിക്കുക. ദുആ ചെയ്യുന്ന സ്വഭാവം എപ്പോഴും ഉണ്ടായിരിക്കണം. നമസ്ക്കാരം കൃത്യസമയത്ത് അനുഷ്ഠിക്കുക. മാസത്തിൽ സ്ത്രീകൾക്കു വിരോധിക്കപ്പെട്ട ദിനങ്ങളിലൊഴികെ മറ്റെല്ലായിപ്പോ ഴും ഖുർആൻ പാരായണം ചെയ്യുക. സക്കാത്ത്, നോമ്പ്, ഹജ്ജ് എന്നീ കാര്യങ്ങൾ മറക്കാതെ ഓർക്കുക. പരാതി പറയുക, അപവാദം ഉണ്ടാക്കുക, കളവ്, അസംബന്ധഭാഷണം എന്നിവയിൽ നിന്നെല്ലാം വിട്ടുനിൽക്കുക. അനാവശ്യ സംസാരത്തിൽ ഏർപ്പെടുക എന്നതു ഇവിടത്തെ സ്ത്രീകളുടെ പൊതുസ്വഭാവമാണ്. അത്തരം സഭകളും സംസാരങ്ങളും മാരക വിഷമാണെന്നു കരുതി അതിൽ നിന്നും അകന്നു ജീവിക്കുക. ചെറിയ കുട്ടികളെ ഖുർആൻ പഠിപ്പിക്കുക. മൃദുവായ വാക്കുകൾ മാത്രം പറയുക. സ്വഭാവം എപ്പോഴും ധാർമ്മിക ഗുണങ്ങൾ നിറഞ്ഞതായിരിക്കണം. പർദ്ദ ഒഴിച്ചുകൂടാനാവാത്തതാണെന്നു മനസ്സിലാക്കുക. ഖുർആനുശേഷം റിയാഹീനുൽ ആബിദീൻ, ബേസാവാൽ, മിർഅത്തുൽ അറൂസ് തുടങ്ങി ഞാൻ തന്നിട്ടുള്ള എല്ലാ ഗ്രന്ഥങ്ങളും വായിക്കുക. അതനുസരിച്ചു പ്രവർത്തിക്കാൻ ശ്രമിച്ചു കൊണ്ടിരിക്കുക. അല്ലാഹു നിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. നല്ലതു പ്രവർത്തിക്കാൻ അല്ലാഹു പ്രചോദനം നൽകുമാറാകട്ടെ. എനിക്കെപ്പോഴും കത്തെഴുതിക്കൊണ്ടിരിക്കുക. വസ്സലാം. ഉപ്പ നൂറുദ്ദീൻ.

കുറിപ്പുകൾ

# തുർക്കിയിലെ അയാസോഫിയ വീണ്ടും മസ്ജിദാവുമ്പോൾ

മുസാഫിർ



ഇതിഹാസവും വിശ്വാസവും, ചരിത്രവും രാഷ്ട്രീയവും കെട്ടുപിണഞ്ഞു നിൽക്കുന്ന ഇസ്താംബൂളിലെ ഭുവന പ്രശസ്തമായ അയാസോഫിയാ സ്മാരകം 2020 വെള്ളിയാഴ്ച്ച ദിവസം 10-ാം തീയതി വീണ്ടും മസ്ജിദ് ആയി പ്രഖ്യാപിച്ചിരിക്കുകയാണ്. ചരിത്ര നിർണ്ണായകമായ ഈ പ്രഖ്യാപനം ലോകം സമ്മിശ്ര വികാരങ്ങളോടെയാണ് എതിരേറ്റത്. ആയിരത്തി അഞ്ഞൂറു വർഷം പഴക്കമുള്ള ക്രിസ്ത്യാനികളുടെ റോമാസാമ്രാജ്യത്തിന്റെ തലസ്ഥാനമായ കോൺസ്റ്റാന്റിനോപ്പിളിൽ നിർമ്മിക്കപ്പെട്ട ഈ ആരാധനാ മന്ദിരം UNESCO യുടെ ലോക പൈതൃക പട്ടികയിൽ പ്രമുഖ സ്ഥാനം വഹിക്കുന്ന ഒരു അതിവിശിഷ്ട പൗരാണിക സ്മാരകം കൂടിയാണ്. 1543 ൽ തുർക്കി മുസ്ലിംകൾ കോൺസ്റ്റാന്റിനോപ്പിൾ പിടിച്ചടക്കിയതിന് ശേഷം ഈ മന്ദിരം മസ്ജിദായി ഉപയോഗിച്ചു വരികയായിരുന്നു. കടുത്ത മതേതര വാദിയായ അത്താതുർക്ക് കമാൽ പാഷ തുർക്കി ഖിലാഫത്ത് അവസാനിപ്പിച്ച് രാജ്യത്തെ മതചിഹ്നങ്ങൾ എല്ലാം തുടച്ചു നീക്കുന്നതിന്റെ ഭാഗമായി 1934 ൽ അയാസോഫിയ ഒരു ചരിത്ര മ്യൂസിയമാക്കി മാറ്റുകയുണ്ടായി. ഇപ്പോൾ 86 വർഷങ്ങൾക്ക് ശേഷം തുർക്കിയിലെ പരമോന്നത നീതി പീഠം ആ സ്ഥിതി മാറ്റി ഒരു കേസിൽ അയാസോഫിയാ വീണ്ടും മസ്ജിദായി പ്രഖ്യാപിച്ചിരിക്കുകയാണ്. മതാഭിമുഖ്യമുള്ള തുർക്കി പ്രസിഡന്റ് റിസപ്പ് തയ്യിപ്പ് ഉർദുഗാൻ അതിന് അംഗീകാരവും നൽകിയിരിക്കുന്നു. മതപരവും ചരിത്രപരവുമായി അഗാധമായ വേരുകളുള്ള ഈ സ്മാരകത്തെ സംബന്ധിച്ച് ഇപ്പോഴുണ്ടായ ഈ തീരുമാനം അനുകൂലമായും പ്രതികൂലമായും ലോകത്ത് സമ്മിശ്ര പ്രതികരണമാണ് ഉണ്ടാക്കിയിരിക്കുന്നത്. വിശ്വമഹാമതങ്ങൾക്കിടയിലെ ഊഷ്മള ബന്ധങ്ങളിൽ അസ്വസ്ഥതകളും അശാന്തിയും അത് ഉണ്ടാക്കിയേക്കാമെന്ന് ലോകം ആശങ്കപ്പെടുന്നു.

## അയാസോഫിയ

പുരാതന റോമാ സാമ്രാജ്യം പടിഞ്ഞാറും കിഴക്കുമായി പിരിഞ്ഞപ്പോൾ കോൺസ്റ്റന്റിയിൽ ചക്രവർത്തി (306–337) ഏഷ്യാമൈനർ എന്നറിയപ്പെട്ടിരുന്ന ഇന്നത്തെ തുർക്കിയിലേക്ക് തന്റെ കിഴക്കൻ റോമാ സാമ്രാജ്യം മാറ്റുകയുണ്ടായി. അവിടെ ബൈസാന്റിയൻ എന്നറിയപ്പെട്ടിരുന്ന ഗ്രീക്ക് കോട്ടയിൽ ഒരു നഗരം സ്ഥാപിക്കുകയും അതിന് കോൺസ്റ്റാന്റിനോപ്പിൾ എന്ന്

തന്റെ പേരിൽ ഒരു പട്ടണം നിർമ്മിക്കുകയും ചെയ്തു. ആ നഗരത്തിലാണ് ഹാഗിയാ സോഫിയ (Hagia Sophia = Holy Wisdom വിശുദ്ധ ജ്ഞാനം) എന്ന് ഗ്രീക്കിലും അയാസോഫിയ (Ayasofya) എന്ന് തുർക്കി ഭാഷയിലും വിളിക്കുന്ന ഈ പ്രൗഢ ഗംഭീര നിർമിതി സ്ഥാപിതമായത്.

ബൈസാന്റിയം സാമ്രാജ്യത്തിന്റെ അഭിമാന സ്തംഭമായി പണി കഴിപ്പിച്ച ഈ പൗരാണിക നിർമ്മിതി വാസ്തു ശിൽപ്പ ചാരുതകൊണ്ട് എന്നും ലോകത്തെ വിസ്മയിപ്പിച്ച സ്മാരകമാണ്. എ. ഡി 537 ലാണ് ഈ ചരിത്ര സൗധം പൂർത്തിയാക്കിയത്. പടിഞ്ഞാറു ഭാഗത്തെ വിശാലമായ മുറ്റത്തിന്റെ പാർശങ്ങളിൽ സന്ദർശക ഹാളുകളാണ്. ആസ്ട്രിയം എന്നാണ് ഈ ഭാഗത്തിന് പേര് ഇവിടെ നിന്നും അഞ്ച് പടുകൂറ്റൻ വാതിലുകൾ അകത്തേക്ക് നയിക്കുന്നു. രണ്ട് പറ്റുകൂറ്റൻ താഴികകുടങ്ങളാണ് ഈ അത്ഭുത നിർമ്മിതിക്കുള്ളത്. പള്ളി നിലകൊള്ളുന്ന സ്ഥലം ഏകദേശം സമചതുരാകൃതിയിലാണ്. അകത്തുനിന്നും അതിന്റെ നീളം കിഴക്കോട്ടേക്കുള്ള പൂമുഖം ഒഴികെ 75 മീറ്ററാണ് വീതി 70 മീറ്ററും നിലം കുരിശാകൃതിയിലാണ്. മന്ദിരം നിറയെ യേശുവിന്റെയും മാതാവിന്റെയും ക്രിസ്തീയ പുണ്യവാളന്മാരുടെയും ചിത്രങ്ങളാണ്. ഇസ്‌ലാമിക് കാലിഗ്രഫിയും അയാസോഫിയയിൽ അതീവ കമനീയമായി ചിത്രണം ചെയ്തിരിക്കുന്നു. ഉഥ്മാനികൾ പണിത വാസ്തുചാരുത വഴിഞ്ഞൊഴുകുന്ന മനോഹരങ്ങളായ നാല് കൂർത്ത മിനാരങ്ങളും ഈ മന്ദിരത്തിന്ന് ഒരു അലൗകിയ ശോഭ ചാർത്തുന്നു. യുനെസ്ക്കോയുടെ ചരിത്ര പൈതൃക മുദ്ര ഈ പുരാതന മന്ദിരത്തെ ആദരണീയമായ ഒരു വാസ്തുശിൽപ വിസ്മയമാക്കി മാറ്റുന്നു.

അയോസോഫിയയുടെ ചരിത്രം അൽപ്പം പുരാതനമാണ്. ക്രിസ്തു മതത്തെ ഒരു സാമ്രാജ്യമായി വളർത്തിയെടുത്ത കോൺസ്റ്റന്റയിൽ ചക്രവർത്തിയിൽ നിന്നും അതാരംഭിക്കുന്നു. ആദിമ കിസ്ത്യാനികൾക്കെതിരെ പുരാതന റോം അനുവർത്തിച്ചിരുന്ന കടുത്ത പീഢന നയം അവസാനിപ്പിച്ച് ക്രിസ്തുമതത്തെ ഒരു രാഷ്ട്ര മതമാക്കി മാറ്റിയത് കോൺസ്റ്റന്റീൻ ചക്രവർത്തിയാണ്. ഇതിനായി റോമൻ പ്രാകൃത വിശ്വാസങ്ങളിൽ നിന്നും പലതും അദ്ദേഹം കൂട്ടിചേർത്ത് ക്രിസ്തു മതത്തിൽ പല മാറ്റങ്ങളും വരുത്തി. കോൺസ്റ്റന്റയിൻ പണിത ചർച്ച് എന്ന നിലക്കുള്ള പ്രാധാന്യം അയാസോഫിയ എന്ന സ്മാരകത്തെ അദ്വിതീയമാക്കുന്നു. അദ്ദേഹവും മാതാവ് ഹെലീനയും ചേർന്ന് മറ്റു പല സുപ്രധാന ചർച്ചുകളും നിർമ്മിച്ചിട്ടുണ്ട്. റോമിലെ സെന്റ് പീറ്റേഴ്സ് ചർച്ച്, ബെത്‌ലഹേമിലെ തിരുപിറവി പ്പിറവി, ജെറുസലെമിലെ ഉയിർത്തെഴുന്നേൽപ്പ് പള്ളി, മൗണ്ട് ഒലീവിലെ എലിയോനാ ചർച്ച് മുതലായവ. പൊതുവേ മതത്തിലോ വിജ്ഞാനത്തിലോ തൽപരനല്ലാത്ത കോൺസ്റ്റന്റീൻ സ്വന്തം മകനായ ഫ്ളേവിയസ് ജൂലിയസ് ക്രിസ്പസിനെയും രണ്ടാം ഭാര്യയായ ഫ്ളേവിയസ് മാക്സിമസ് ഫൗസ്റ്റസിനേയും തന്റെ നേട്ടത്തിന് വേണ്ടി വധിക്കുകയാണുണ്ടായത് അദ്ദേഹത്തിന്റെ ക്രിസ്തു മത പ്രവേശനം ഒരിക്കലും ആത്മീയാന്വേഷണത്തിന്റെ ഫലമല്ല എന്ന് വ്യക്തം. എന്തിനാണ് അദ്ദേഹം അടിച്ചമർത്തപ്പെട്ട ക്രിസ്തു മതം സ്വീകരിച്ച് അതിനെ രാഷ്ട്ര മതമാക്കി വളർത്തിയെടുത്തത് എന്നത് ഇന്നും ദുരൂഹമായി തുടരുന്ന പ്രഹേളികയാണ്. ക്രിസ്തുമതം അംഗീകരിച്ചിട്ടും ആവുന്നത്ര പാപങ്ങൾ ചെയ്തു കൂട്ടാൻ വേണ്ടിയാണ് അദ്ദേഹം ഔദ്യോഗികമായി മരണ കിടക്കയിൽ വെച്ച് ജ്ഞാനസ്നാനം ചെയ്ത് ക്രിസ്തു മതം സ്വീകരിച്ചത് എന്ന ഒരഭിപ്രായമുണ്ട്. കോൺസ്റ്റന്റയിൻ ചക്രവർത്തിയാണ് ഇന്ന് കാണുന്ന ഹാഗിയാ സോഫിയയുടെ പൂർവ്വരൂപം നിർമ്മിച്ചതെന്നാണ് വിശ്വാസം പിന്നീട് ഭൂകമ്പത്തിലും അഗ്നിബാധയിലും കലാപത്തിലും പൂർണ്ണമായും നശിച്ച അയാസോഫിയ ബൈസാന്റിയം സാമ്രാജ്യത്തിലെ ജെസ്റ്റീനിയൻ ചക്രവർത്തിയാണ് 537 ൽ പുനർനിർമ്മിച്ചത്.

ബൈസാന്റിയൻ റോമാ സാമ്രാജ്യ ചരിത്രത്തിൽ മഹാനായ ജസ്റ്റീനിയൻ എന്നറിയപ്പെടുന്ന ജസ്റ്റീനിയൻ ചക്രവർത്തി (527–565) കേവലം 6 വർഷം കൊണ്ടാണ് പൂർണ്ണമായും ഈ വൻനിർമിതി പുനർ നിർമ്മിച്ചത്. നിയമ നിർമ്മാതാവ് എന്ന പേരിലാണ് ജെസ്റ്റീനിയൻ കൂടുതൽ അറിയപ്പെടുന്നത്. റോമൻ സിവിൽ നിയമങ്ങൾ ക്രോഡീകരിക്കുകയും അതിന് പുറമേ നൂതനമായ പല നിയമങ്ങളും ആവിഷ്ക്കരിച്ച അദ്ദേഹത്തിന്റെ നിയമങ്ങൾ ജസ്റ്റീനിയൻ നിയം (Code of Justinian) എന്നാണ് അറിയപ്പെടുന്നത്. ഈ നിയമങ്ങൾ യൂറോപ്പ്, അമേരിക്ക, ലാറ്റിനമേരിക്ക എന്നിവിടങ്ങളിലെ സിവിൽ നിയമങ്ങളെയും അന്തർദേശീയ നിയമങ്ങളേയും സ്വാധീനിച്ചിട്ടുണ്ട്. വൻ വാസ്തു നിർമ്മാണ സംരംഭങ്ങളോട് ഭ്രമമുണ്ടായിരുന്ന ജസ്റ്റീനിയൻ ഹഗായി (അയാ) സോഫിയ നിർമ്മിച്ച് കഴിഞ്ഞതിന് ശേഷം, അദ്ദേഹം ആത്മഗതം പറഞ്ഞു പോലും *'ശലമോൻ, ഞാൻ താങ്കളെ (സുലൈമാൻ നബി (അ)യുടെ ആരാധനാലയത്തെ) കടത്തിവെട്ടിയിരിക്കുന്നു'* എന്ന്. പക്ഷേ അദ്ദേഹത്തിന്റെ ഭരണ കാലത്ത് തന്നെ 558 മെയ് 7 ന് ഉണ്ടായ ഒരു വൻഭൂചലനത്തിൽ കുംഭഗോപുരത്തിന്റെ കിഴക്ക് ഭാഗവും പ്രസംഗ മണ്ഡപവും ആൾത്താരയും നിശ്ശേഷം തകർന്നു പോയി. പിന്നീട് അദ്ദേഹവും തുടർന്ന് വന്ന ബൈസാന്റിയം രാജാക്കന്മാരും അത് പുനർനിർമ്മിക്കുകയുണ്ടായി.

### കോൺസ്റ്റാന്റിനോപ്പിളും റോമും മുസ്‌ലിംകളും

വിശുദ്ധ ഖുർആനിൽ സൂറ:

ബുറൂജിൽ പറഞ്ഞ അസ്ഹാബുൽ ഉഖ്ദൂദ് (കിടങ്ങിന്റെ ആളുകൾ) യമനിലെ അന്നത്തെ ഭരണാധികാരി ദൂനുവാസിന്റെ കരങ്ങളാൽ ശിക്ഷക്കിരയായ നജ്റാൻ ക്രൈസ്തവരായിരുന്നുവെന്നും അവിടെ ഒരു അഗ്നികുണ്ഡമുണ്ടാക്കി സത്യവിശ്വാസികളെ അതിലെറിഞ്ഞ് പീഢിപ്പിച്ച ഈ സംഭവത്തിൽ രക്ഷപ്പെട്ട് എത്തിയവരിൽ ഒരാൾ സമീപിച്ചത് റോമൻ ഭരണാധികാരിയായ ഈ ജസ്റ്റീനിയൻ ചക്രവർത്തിയെ ആണെന്നും ചില വ്യാഖ്യാതാക്കൾക്ക് അഭിപ്രായമുണ്ട്. ദൂരദേശത്തായ ജെസ്റ്റീനിയൻ അബിസീനിയായിലെ നേഗസ് ചക്രവർത്തിക്ക് കത്തയച്ച് യമനിലെ ദുനൂവാസിനെ പരാജയപ്പെടുത്തിയെന്നുമാണ് കഥ.

ഇസ്ലാമിക ചരിത്രത്തിൽ പരാമർശിച്ച റോം, കോൺസ്റ്റാന്റിനോപ്പിൾ ആസ്ഥാനമായ ഈ കിഴക്കൻ റോമാ സാമ്രാജ്യമാണ്. പശ്ചിമ റോം അല്ല. പാശ്ചാത്യൻ നാഗരിക-സംസ്ക്കാരം ഉൾക്കൊണ്ട് കിഴക്കൻ രാജ്യങ്ങളിലേക്ക് കണ്ണും നട്ടിരിക്കുന്ന ബൈസാന്റിയം സാമ്രാജ്യം മുസ്ലിംകൾക്ക് ഭീഷണിയായും നിലകൊണ്ടു. അവർ നിലയുറപ്പിച്ച കോൺസ്റ്റാന്റിനോപ്പിളും തുർക്കിയും ഏഷ്യയുടെയും യൂറോപ്പിന്റേയും മദ്ധ്യേ ഭൂമിശാസ്ത്രപരമായി ഒരു നിർണ്ണായക സ്ഥാനത്താണുള്ളത്. അതുകൊണ്ടാണ് നെപ്പോളിയൻ ബോണാപാർട്ട് പറഞ്ഞത് ലോകം ഒരു രാഷ്ട്രമാവുകയാണെങ്കിൽ അതിന്റെ തലസ്ഥാനം കോൺസ്റ്റാന്റിനോപ്പിൾ ആയിരിക്കണമെന്ന്. അധിനിവേശത്തിന്റെയും കോളോണിയലിസത്തിന്റെയും പ്രതീകമായിരുന്ന റോമിന്റെ അഥവാ കോൺസ്റ്റാന്റിനോപ്പിളിന്റെ ഭീഷണി അറബ് നാടുകളിലും പൗരസ്ത്യ ദേശങ്ങളിൽ നിന്നും ഇല്ലാതാവാൻ റസൂൽ തിരുമേനി (സ)യും ആഗ്രഹിച്ചിരുന്നു. സീസറിന്റെ പട്ടണത്തിൽ (കോൺസ്റ്റാന്റിനോപ്പിൾ) യുദ്ധം ചെയ്യുന്ന ആദ്യത്തെ സൈന്യത്തിന്റെ പാപങ്ങൾ പൊറുക്കപ്പെടും (ബുഖാരി) എന്ന നബി വചനം അറേബ്യയുടെ വടക്ക് ഫലസ്തീൻ വരെ കോളനിയാക്കിയിരുന്ന റോമിനെതിരെയുള്ള വിമോചന സന്ദേശമായിരുന്നു.

ഹിജ്റ 15ൽ മുസ്ലിംകൾ ബൈത്തുൽ മുഖദ്ദിസ് റോമക്കാരിൽ നിന്നും സമാധാന പൂർവ്വം ഉഭയ സമ്മത്തതോടെ ഖലീഫാ ഉമർ (റ) ന്ന് കൈമാറപ്പെട്ടത് മുതൽ റോമൻ ശത്രുതക്ക് തുടക്കം കുറിക്കുകയുണ്ടായി. 1095 ൽ പോപ്പ് അർബൻ രണ്ടാമൻ ബൈത്തുൽ മുഖദ്ദസ് (ജെറുസലേം) അടങ്ങുന്ന പുണ്യ ഭൂമി പിടിച്ചെടുക്കാൻ ക്ലാർമോൺ കൗൺസിലിൽ വെച്ച് ആഹ്വാനം നൽകിയതോടെയാണ് 1096 മുതൽ മൂന്നു നൂറ്റാണ്ടുകാലം നീണ്ടുനിന്ന കുരിശുയുദ്ധങ്ങൾക്ക് തുടക്കം കുറിക്കുന്നത്. കുരിശ് യുദ്ധത്തെ തുടർന്നാണ് 1453 ൽ മുസ്ലിംകൾ കോൺസ്റ്റാന്റിനോപ്പിൾ കീഴടക്കുന്നത്. ചരിത്രത്തെ പൊതുവേ പ്രാചീന കാലം മദ്ധ്യകാലം ആധുനിക കാലം എന്നിങ്ങനെയാണ് തരംതിരിച്ചിരിക്കുന്നത്. ഇതിൽ മദ്ധ്യകാലം അവസാനിക്കുകയും ആധുനിക കാലം ആരംഭിക്കുകയും ചെയ്യുന്നത് തുർക്കികൾ (ഉഥ്മാനികൾ) കോൺസ്റ്റാന്റിനോപ്പിൾ കീഴടക്കിയത് മുതലാണ്. മദ്ധ്യകാല ഘട്ടത്തിലെ യൂറോപ്പിനെ ഇരുളിൽ നിന്നും വെളിച്ചത്തിലേക്ക് നയിച്ചത് വാസ്തവത്തിൽ കോൺസ്റ്റാന്റിനോപ്പിളിലൂടെയും സ്പെയിനിലൂടെയും കുരിശുയുദ്ധത്തിലൂടെയും ഇസ്ലാമിക സ്രോതസ്സുകളിൽ നിന്നും അവർക്ക് ലഭിച്ച അറിവ് മൂലമാണ്.

## അയാസോഫിയ മുസ്ലിംകളുടെ കൈയ്യിൽ

കോൺസ്റ്റാന്റിനോപ്പിൾ കീഴടക്കാൻ ഉമവീ ഖിലാഫത്തിന്റെ കാലം മുതൽ ആരംഭിച്ച മുസ്ലിംകളുടെ ശ്രമം പിന്നീട് എട്ട് നൂറ്റാണ്ടുകൾക്ക് ശേഷം തുർക്കികളിലൂടെയാണ് സാക്ഷാത്ക്കരിക്കാൻ സാധിച്ചത്. 1453 മെയ് 29ന് (ഹി. 857 ജുമാദുൽ ഊലാ 20) ഏഷ്യൻ കവാടത്തിൽ അജയ്യമായ ഒരു ദുർഗ്ഗം പോലെ നിന്നിരുന്ന റോമാ സാമ്രാജ്യ തലസ്ഥാനമായ കോൺസ്റ്റാന്റിനോപ്പിൾ കീഴടക്കിയത്. ഇസ്ലാമിന്റെ ഐതിഹാസിക ജേതാവ് മുഹമ്മദ് രണ്ടാമനാണ് കേവലം 21 വയസ്സിൽ ആ ഉജ്ജ്വല വിജയം നേടിയത്. വിജയശ്രീലാളിതൻ എന്ന് അർത്ഥം വരുന്ന മുഹമ്മദ് അൽഫാതിഹ് എന്നാണ് അദ്ദേഹം ചരിത്രത്തിൽ അറിയപ്പെടുന്നത്. ആയിരം കൊല്ലം ക്രിസ്ത്യാനികൾ ചർച്ച് ആയി ഉപയോഗിച്ച് അയസോഫിയയെ മുഹമ്മദ് അൽഫാതിഹ് മസ്ജിദാക്കി പരിവർത്തിപ്പിച്ചു. അതിന് മുമ്പ് സുൽത്താൻ മുഹമ്മദ് ഓർത്തോഡക്സ് സഭാ അധ്യക്ഷൻ പാത്രിയാക്കിസ്സുമായി സംഭാഷണങ്ങൾ നടത്തിയതായി ചരിത്രം പറയുന്നു. ഓർത്തോഡക്സ് സഭ ആസ്ഥാനം മാറ്റിയ എ ഡി 1600 വരെ അവിടെ ക്രിസ്ത്യാനികളും മുസ്ലിംകളും ഇരുഭാഗങ്ങളിൽ ഒരുമിച്ച് ആരാധാന നടത്തിയതായും രേഖകളുണ്ട്. ഉഥ്മാനികൾ പൊതുവേ സമാധാന പ്രിയരും നീതിമാന്മാരുമായിട്ടാണ് അറിയപ്പെടുന്നത്. ചരിത്രപരമായും രാഷ്ട്രീയമായും അത്തരം സംഭവങ്ങൾ പ്രതീകങ്ങളുടെ സ്വാംശീകരണമായി വ്യാഖ്യാനിക്കപ്പെടാറുണ്ട്. പക്ഷേ അയാസോഫിയ ചർച്ച് മസ്ജിദ് ആക്കിയത് വിശുദ്ധ ഖുർആന്റെ ഉന്നതമായ നീതി തത്വങ്ങൾക്ക് നിരക്കുന്നതാണോ എന്ന് നാം ചിന്തിക്കേണ്ടിയിരിക്കുന്നു. അത് ചരിത്രപരമായും രാഷ്ട്രീയമായും മതപരമായും പറ്റിയ പിഴവായി കാണേണ്ടതല്ലേ?. കോൺസ്റ്റാന്റിനോപ്പിൾ പിടിച്ചടക്കുമ്പോൾ ഉഥ്മാനികൾക്ക് ഖിലാഫത്ത് അധികാരം ഇല്ലായിരുന്നു. ഒമ്പതാമത്തെ ഉഥ്മാനീ സുൽത്താൻ സലീം ഒന്നാമന്റെ(1512 –1520) ഭരണകാലത്താണ് അവശനായ അബ്ബാസീ ഖലീഫയിൽ നിന്നും ഖിലാഫത്ത് സ്ഥാനം ഏറ്റുവാങ്ങിയത്. ആ ചടങ്ങ് നടന്നതും അയാസോഫിയായിൽ വെച്ചായിരുന്നു.

## അയാസോഫിയ മ്യൂസിയമാവുന്നു

തുർക്കി ഖിലാഫത്തിന്റെ പ്രതാപകാലം മുഴുവനും ചരിത്രത്തിന്റെ പ്രൗഢ സാന്നിദ്ധ്യമായി അയാസോഫിയ നിറമാല ചാർത്തിനിന്നു. 481 വർഷങ്ങൾക്ക് ശേഷം തുർക്കി ഖിലാഫത്തിന്റെ നിഷ്ക്രമണത്തോടെ അയാസോഫിയ മസ്ജിദ് അല്ലാതായി മ്യൂസിയമായി മാറുകയായിരുന്നു. പ്രത്യയശാസ്ത്രങ്ങളുടെ വർണ്ണഭേദങ്ങളിൽ അയാസോഫിയക്ക് രൂപാന്തരണം സംഭവിക്കുകയായിരുന്നു. ഒന്നാം ലോകമഹായുദ്ധത്തിൽ സഖ്യസേനയുടെ കൈകളാൽ പരാജയപ്പെട്ട തുർക്കിയിൽ സുൽത്താനെതിരെ അത്താതുർക് കമാൽ പാഷ അഭ്യന്തര വിപ്ലവം നയിക്കുകയും അധികാരം പിടച്ചെടുക്കുകയുമാണുണ്ടായത്. പാശ്ചത്യശക്തികളുടെയും യഹൂദരുടെയും ഗൂഢ പിന്തുണയും അദ്ദേഹത്തിനുണ്ടായിരുന്നു എന്ന് പറയപ്പെടുന്നു. തുർക്കി സുൽത്താന് മുസ്‌ലിം രാജ്യങ്ങളിൽ നിന്നു പോലും പിന്തുണയുണ്ടായില്ല. അറബ് ലോകം മുഴുവൻ തുർക്കിക്കെതിരെ ബ്രിട്ടനെയും സ്ഖ്യകക്ഷികളെയുമാണ് സഹായിച്ചത്. അയൽ രാജ്യങ്ങളിൽ നിന്നുള്ള അക്രമണങ്ങളെ കമാൽ പാഷ തന്ത്രപരമായി നേരിടുകയും തുർക്കി ജനതയുടെ പിന്തുണ ആർജ്ജിക്കുകയും ചെയ്തു. റിപ്പബ്ലിക്കനിസം, നാഷണലിസം പോപ്പുലിസം, സ്റ്റേറ്റിസം, സെക്യുലരിസം എന്നീ പേരുപറഞ്ഞ് തുർക്കി സുൽത്തനെതിരെയും മതത്തിനെതിരെയും അദ്ദേഹം ആഞ്ഞടിച്ചു. എല്ലാ മതചിഹ്നങ്ങളെയും കമാൽ പാഷ തുർക്കിയിൽ നിന്നും തുടച്ചു നീക്കി. വിഗത പ്രതാപിയായ തുർക്കി ഖലീഫയുടെ എല്ലാ അധികാരങ്ങളും 1922 നവംമ്പർ 1 ന് നിർത്തലാക്കിയതായി പ്രഖ്യാപിക്കപ്പെട്ടു. തലപ്പാവ്, തൊപ്പി, ദർവേശ്, സൂഫി നൃത്തം, അറബി ബാങ്ക്, അറബി വചനങ്ങളുപയോഗിച്ചുള്ള ആരാധന, ഇസ്‌ലാമിക വസ്ത്രധാരണം എന്നിവയെല്ലാം നിരോധിച്ചു പുതിയ വിദ്യഭ്യാസ നിയമങ്ങളും വിവാഹ നിയമങ്ങളും കൊണ്ടു വന്നു. അക്കൂട്ടത്തിലെ നിർണ്ണായകമായ ഒരു തീരുമാനമായിരുന്നു അയാസോഫിയ മ്യൂസിയമാക്കിയത്. അത്താതുർക്കിന്റെ തീവ്ര സെക്കുലർ വീക്ഷണങ്ങളും ക്രിസ്തീയ യൂറോപ്പിന്റെ പിന്തുണയും ഇതിന് സഹായകമായി. 1934 നവം 24 ലെ ഈ തീരുമാനം തുർക്കിയും യൂറോപ്പും ബ്രിട്ടനും തമ്മിലുണ്ടാക്കിയ ധാരണ പ്രകാരമായിരുന്നു.

## മസ്ജിദ് വിധിയും പ്രതികരണങ്ങളും

1934ൽ അയസോഫിയ മ്യൂസിയമാക്കി മാറ്റിയ തീരുമാനം അക്കാലം മുതലേ തുർക്കിയിൽ നീറിപ്പുകയുകയായിരുന്നു. ഇസ്‌ലാമിസ്റ്റുകൾക്ക് ഇതൊരു ഉന്മേഷം നൽകുന്ന വിഷയവുമായിരുന്നു. 1934 ലെ മന്ത്രിസഭാ തീരുമാനം പിൻവലിക്കണമെന്ന് ആവശ്യപ്പെട്ട് 2005 ൽ ഒരു എൻജിഒ സംഘടന നിയമ പോരട്ടത്തിന് തുടക്കം കുറിച്ചു. ആദ്യം ഹർജി തള്ളുകയാണുണ്ടായത്. 2016 ൽ വീണ്ടും കേസ് കോടതിയിലെത്തി. കോടതിയുടെ പ്രധാന ബെഞ്ച് 1934 ലെ വിധി റദ്ദ് ചെയ്യുകയും മുഹമ്മദ് രണ്ടാമന്റെ സ്വകാര്യസ്വത്താണ് അയാസോഫിയ എന്ന് തീരുമാനിക്കുകയുമുണ്ടായി. അദ്ദേഹം അത് വഖഫ് ചെയ്തതായതിനാൽ തുർക്കി മതകാര്യ വകുപ്പിനാണ് അയാസോഫിയയുടെ അവകാശം എന്നാണ് ഇപ്പോഴത്തെ കോടതി വിധി. ആ തീരുമാനമാണ് തുർക്കിയുടെ ഇപ്പോഴത്തെ പ്രസിഡന്റ് റെജപ് തയ്യിപ് ഉറുദുഗാൻ സർവ്വാത്മനാ സ്വാഗതം ചെയ്തത്. അദ്ദേഹത്തിന്റെ ജസ്റ്റീസ് ആന്റ് ഡവലപ്മെന്റ് പാർട്ടി (എ കെ പാർട്ടി) ഒരു ഇസ്‌ലാമിസ്റ്റ് പാർട്ടിയായാണ് അറിയപ്പെടുന്നത്. തുർക്കിയിലെ വെൽഫെയർ പാർട്ടിയിലെ പ്രവർത്തകരായിന്നു ഇവർ. പാർട്ടിയുടെ തീവ്ര നിലപാട് കാരണം സർക്കാർ ഭരണഘടനാ വിരുദ്ധമാണ് എന്ന് പറഞ്ഞ് നിരോധിക്കുകയും വെർച്യൽ പാർട്ടി എന്ന മറ്റൊരു പാർട്ടി രൂപികരിക്കുകയുമാണുണ്ടായത്. അതും നിരോധിക്കപ്പെട്ടതിന്ന് ശേഷമാണ് എ കെ പാർട്ടി രൂപീകരിച്ച് തിരഞ്ഞെടുപ്പിൽ ജയിച്ച് ഉറുദുഗാൻ പ്രസിഡണ്ടായത്.

അയാസോഫിയായെ മസ്ജിദായി പരിവർത്തനം നടത്തിയതിനെതിരെ ക്രിസ്തീയ ലോകത്ത് നിന്നും രൂക്ഷമായ എതിർപ്പാണ് വന്നത്. പോപ്പ് ഫ്രാൻസിസ് മാർപ്പയുടെ പ്രതികരണം ‘ഞാൻ ഹഗിയാസോഫിയയെ കുറിച്ച് ചിന്തിച്ചു. ഞാൻ വളരെ ദുഖിതനായി’ എന്നായിരുന്നു. അമേരിക്കൻ ആർച്ച് ബിഷപ്പ് എൽപിഡോപോറോസ് വൈറ്റ് ഹൗസിൽ വന്ന് പ്രസിഡന്റ് ഡോണാൾഡ് ട്രംമ്പുമായി കണ്ടു, ഇരുവരും അവരുടെ കടുത്ത അസംതൃപ്തി അറിയിച്ചിട്ടുണ്ട്. യു എസ് വൈസ് പ്രസിഡന്റിനെയും ആ സന്ദർഭത്തിൽ ട്രംമ്പ് വിളിച്ചു വരുത്തുകയുണ്ടായി. ഐക്യരാഷ്ട്ര സഭയുടെ യുനെസ്കോ വാക്താവ് പറഞ്ഞത്. ‘ഈ അസാധാരണ പൈതൃകത്തിന്റെ സംരക്ഷണം അവലോകനം ചെയ്യുന്ന വേൾഡ് ഹെറിറ്റേജ് കമ്മിറ്റിയുടെ അടുത്ത സെഷന് മുമ്പായി താമസം കൂടാതെ സാർവ്വദേശീയ മൂല്യങ്ങളിൽ നിന്നുള്ള പിന്നോട്ടടി ഒഴിവാക്കാൻ ഇത് സംബന്ധിച്ച ചർച്ച ആരംഭിക്കണമെന്നാണ്.’ യൂറോപ്യൻ യൂണിയനും തുർക്കിയുടെ ഈ തീരുമാനത്തിൽ ഖേദം പ്രകടിപ്പിച്ചു. റഷ്യ, ഗ്രീസ്, ഫ്രാൻസ്, ഹംങ്കറി മുതലായ നിരവധി ക്രിസ്തീയ രാജ്യങ്ങളും നിരവധി മതസംഘടനകളും തുർക്കിയുടെ ഈ നിലപാടിനെ അപലപിക്കുകയുണ്ടായി. Saudi Gazette July (26 2020) സൗദി ഗസറ്റിൽ വഫാ അൽ റഷീദ് എഴുതിയ ലേഖനത്തിൽ തുർക്കി അയാസോഫിയാ തീരുമാനത്തെ രാഷ്ട്രീയ മുതലെടുപ്പിന് ഉപയോഗിക്കുകയാണെന്ന് ആരോപിക്കുകയുണ്ടായി. ആ ലേഖനത്തിൽ തുർക്കിയുടെ ഇരട്ടത്താപ്പ്

തുറന്നു കാണിക്കുന്നു. ഉറുദുഗാൻ അറബിയിൽ മുസ്‌ലിംകളോടായി നടത്തിയ പ്രസ്താവനയിൽ അയാസോഫിയായുടെ മാറ്റം അൽ അഖ്‌സാ പള്ളിയെ പൂർണ്ണ മുസ്‌ലിം പള്ളിയായി മാറ്റിയത് പോലെയാണെന്നാണ് പറയുന്നത്. ഇംഗ്ലീഷിലുള്ള പ്രസ്താവനയിൽ മുസ്‌ലിംകളെ പോലെ അമുസ്‌ലിംകൾക്കും പള്ളിയിൽ പ്രവേശനമുണ്ടായിരിക്കുമെന്നും പറയുന്നു. തീരുമാനം തങ്ങളുടെ രാജ്യത്തിന്റെ പരമാധികാരവുമായി ബന്ധപ്പെട്ടതാണെന്നും പറയുന്നു. ഇത് ലോകമുസ്‌ലിംകളുടെ വികാരം ചൂഷണം ചെയ്യാനുള്ള തുർക്കിയുടെ ഇരട്ടത്താപ്പാണെന്നാണ് സഊദി ഗസറ്റിന്റെ വാദം. യു എ ഇ സാംസ്കാരിക മന്ത്രിയും തുർക്കിയുടെ നടപടിയോട് വിയോജിച്ചു. സംസ്കാരിക പൈതൃകം മാനവരാശിയുടെ പൊതു സ്വത്താണെന്ന് യുനെസ്കോയുടെ പൈതൃക ലിസ്റ്റിലുള്ള സ്മാരകങ്ങളിൽ മാറ്റങ്ങൾ വരുത്തരുതെന്നും വിവിധ സംസ്ക്കാരങ്ങളുടെ വിജ്ഞാന വിനിമയങ്ങൾ ഇത്തരം സ്മാരകങ്ങളിലൂടെയാണ് നടക്കുക എന്നും യു എ ഇ സാംസ്കാരിക വകുപ്പ് യുവജനകാര്യ മന്ത്രി നൗറാ ബിന്ത് മുഹമ്മദ് അൽ കാബി പറഞ്ഞു. മറ്റ് ആധികാരിക മുസ്‌ലിം ഭരണാധികാരികളോ രാഷ്ടീയ നേതാക്കളോ തുർക്കിയുടെ നടപടിയെ പിന്തുണച്ചിട്ടില്ല. പലരും വിയോജിപ്പും വിമർശനവും രേഖപ്പെടുത്തിയിട്ടുണ്ട്.

ഇറാൻ വിദേശകാര്യമന്ത്രി, ഹമാസ്, പാകിസ്താൻ ഈന്തോനേഷ്യ, ബംഗ്ലാദേശ് മുതലായ മുസ്‌ലിം രാജ്യങ്ങളിലെ മതതീവ്രവാദികളും ഇസ്‌ലാമിസ്റ്റുകളുമായ കക്ഷി നേതാക്കന്മാർ മുതലായവരാണ് തുർക്കി നടപടിക്ക് അനുകൂലമായി പ്രതികരിച്ചത്. ഒമാനിലെ ഗ്രാന്റ് മുഫ്തി, പാകിസ്താനിലെ ജമാഅത്തെ ഇസ്‌ലാമി നേതാവ് സിറാജുൽ അയാസോഫിയ ലോക മുസ്‌ലിം ഹൃദയത്തെ പ്രത്യേകിച്ച് പാകിസ്താനികളുടെ ഹൃദയത്തെ ഊഷമളമാക്കുന്നു എന്ന് പറഞ്ഞു ഉർദുഗാനെ ഹാർദ്ദമായി അഭിനന്ദിക്കുകയുണ്ടായി.

## അയാസോഫിയ മസ്ജിദാക്കി മാറ്റിയത് ന്യായമോ?

ആരാധനാലയങ്ങൾ കേവലം കല്ലും മണ്ണും ഉപയോഗിച്ച് നിർമ്മിച്ച കെട്ടിടങ്ങളാണെങ്കിലും മനുഷ്യന്റെ ബോധമണ്ഡലത്തിൽ പാവനസ്മരണകളുയർത്തുന്ന ദിവ്യമന്ദിരങ്ങൾ എന്ന നിലക്ക് ദേവാലയങ്ങൾക്ക് സദ്ചിന്തയും സദ്‌വികാരങ്ങളുമുണ്ടാക്കാനുള്ള ശേഷിയുണ്ട്. അതുകൊണ്ട് ഏത് മതസ്ഥരുടേയും ആരാധനാലയങ്ങളെ ഇസ്‌ലാം വളരെ ആദരപൂർവ്വം നോക്കിക്കാണുകയും അവയുടെ പേർ എടുത്ത് പറഞ്ഞ് അതിന് പൂർണ്ണ സംരക്ഷണം വാഗ്ദാനം നൽകുകയും ചെയ്യുന്നു. ഖുർആൻ പറയുന്നു.

**മനുഷ്യരിൽ ചിലർക്ക് മറ്റു ചിലരിൽ നിന്നുള്ള അക്രമത്തിൽ നിന്ന് സ്വയം രക്ഷിക്കുന്നതിന് അല്ലാഹു അനുമതി നൽകിയില്ലായിരുന്നുവെങ്കിൽ സന്യാസി മഠങ്ങളും ക്രിസ്തീയ ദേവാലയങ്ങളും ജൂത പള്ളികളും മുസ്‌ലിം പള്ളികളും എല്ലാം തകർക്കപ്പെടുമായിരുന്നു. അവയിൽ വെച്ച് അല്ലാഹുവിന്റെ നാമം ധാരാളമായി അനുസ്മരിക്കപ്പെടുന്നു.** (22:41)

ഖുർആന്റെ മറ്റൊരു ശ്രദ്ധേയമായ വചനം നോക്കൂ. ഒരു ആരാധനാലയം പിടിച്ചെടുത്ത് മറ്റൊരു ആരാധനാലയമാക്കി മാറ്റുന്നതിനെ അത് തടയുന്നു;

**നീ അതിൽ ഒരിക്കലും നമസ്ക്കരിക്കാൻ നിൽക്കരുത്. തീർച്ചയായും ആദ്യനാൾ മുതൽ തന്നെ ദൈവഭക്തിയിന്മേൽ സ്ഥാപിക്കപ്പെട്ട ഒരു പള്ളിയിലാണ് നിനക്ക് നമസ്ക്കരിക്കുന്നതിന് ഏറ്റവും അർഹമായിട്ടുള്ളത്.** (9: 108).

വിശ്വസികൾ നിർമ്മിക്കുന്ന പള്ളികൾ ആദ്യനാൾ തന്നെ പരിശുദ്ധമായ അടിത്തറയിലായിരിക്കണം പണിയേണ്ടത് എന്ന് ഈ ഖുർആൻ വചനം അസന്നിഗ്ദമായി പ്രഖ്യാപിക്കുന്നു. ആശയപ്പൊരുത്തമില്ലാത്ത അല്ലെങ്കിൽ പരിശുദ്ധമായ ആദർശം വെച്ചു പുലർത്താത്ത ഒരു വിഭാഗം നിർമ്മിക്കുകയും ആ വിരുദ്ധമായ ആദർശത്തിന് വേണ്ടി സമർപ്പിക്കപ്പെടുകയും ചെയ്ത ആരാധനാലയങ്ങൾ പിടിച്ചെടുത്ത് മസ്ജിദ് ആയി ഉപയോഗിക്കാൻ ഈ വചനം അനുവദിക്കുന്നില്ല. അപ്പോൾ അയോസോഫിയാ ചർച്ച് മസ്ജിദാക്കി മാറ്റിയ നടപടിയെ നമുക്ക് അംഗീകരിക്കാനാകുമോ? പൗരാണികതയുടെ പേരിൽ അതിനെ ന്യയീകരിക്കാനവുമോ? അങ്ങനെയാണെങ്കിൽ അതേ പൗരാണികതയുടെ പേരിൽ പ്രകടമായ തെളിവുകളുണ്ടെങ്കിൽ പ്രതിയോഗികൾക്കും അവകാശവാദം ഉന്നയിക്കാമല്ലോ. ഇസ്താബൂൾ ആകട്ടെ ആയിരക്കണക്കിന് പള്ളികളാൽ നിബിഢമായിരിക്കെ ക്രൈസ്തവർക്ക് മതപരമായും ചരിത്രപരമായും വൈകാരിക ബന്ധമുള്ളതും അവർ ആരാധനാലയമായി ഉപയോഗിച്ചതുമായ ഒരു മന്ദിരം മസ്ജിദായി ഉപയോഗിക്കുന്നത് നീതികരിക്കാനാവില്ല. അങ്ങനെയാണെങ്കിൽ ഇപ്പോൾ യഹൂദരുടെ രാജ്യമായ ഇസ്രയേലിൽ സ്ഥിതിചെയ്യുന്ന ബൈത്തുൽ മുഖദ്ദസ് യഹൂദർ സനഗോഗാക്കി മാറ്റിയാൽ നമക്ക് അത് സ്വീകാര്യമാവുമോ? ബാബ്റി മസ്ജിദ് ധ്വംസനവും ഈ ന്യായം വെച്ച് അംഗീകരിക്കപ്പെടുകയല്ലേ ചെയ്യുക? അതുകൊണ്ട് അയാസോഫിയാ തീർച്ചയായും മുസ്‌ലിംകളുടെ ഉജ്ജ്വലമായ ഒരു ചരിത്ര വിജയത്തിന്റെ സ്മാരകമാണ്. പക്ഷേ വലിയൊരു വിഭാഗം വിശ്വാസികളെ വേദനിപ്പിച്ചുകൊണ്ട് അത് അല്ലാഹുവിനെ ആരാധിക്കുന്ന ഒരു മന്ദിരമാക്കുന്നത് യാതൊരർത്ഥത്തിലും ശരിയായിരിക്കില്ല. ചുരുങ്ങിയത് യുനെസ്ക്കോയുടെ ചരിത്ര പൈതൃക സ്മാരകം എന്ന തൊട്ടുമുമ്പുണ്ടായിരുന്ന പദവിയിലെങ്കിലും അയാസോഫിയെ നിലനിർത്തണം.

മുസ്‌ലിംകൾക്ക് മാതൃകയായി മഹാനായ ഇസ്‌ലാമിന്റെ ഖലീഫ ഹദ്റത്ത് ഉമർ(റ) കാണിച്ച മാതൃക നാം ഓർക്കേണ്ടതുണ്ട്. ഫലസ്തീന്റെ താക്കോൽ ഏറ്റു വാങ്ങാൻ മഹാനായ ഖലീഫ ഉമർ (റ) ജെറുസലേമിലെത്തി. ബൈത്തുൽ മുഖദ്ദസ് കാണാനിറങ്ങിയപ്പോൾ അതിനടുത്തുള്ള ഉയിർത്തെഴുന്നേൽപ്പ് പള്ളി കാണാൻ ഖലീഫയെ ക്രിസ്തീയ പുരോഹിതനായ സഫർണിയോസ് ക്ഷണിക്കുകയും നമസ്ക്കാരത്തിന്ന് സമയമായപ്പോൾ അത് നിർവ്വഹിക്കാൻ ചർച്ചിനകത്തേക്ക് അദ്ദേഹം ഖലീഫയെ ആദരപൂർവ്വം വിളിച്ചെങ്കിലും മഹാനായ ഉമർ(റ) സ്നേഹപൂർവ്വം ആ ക്ഷണം നിരസിക്കുകയാണുണ്ടായത്. കാരണം ഖലീഫ നമസ്ക്കരിച്ച പള്ളിയാണെന്ന അവകാശം പറഞ്ഞ് പിൽക്കാലത്ത് തന്റെ അനുയായികൾ എന്തെങ്കിലും അവകാശവാദം ഉന്നയിച്ചേക്കുമോ എന്നായിരുന്നു ക്രാന്തദർശിയും നീതിമാനും അതിലുപരി ചരിത്ര ബോധവുമുള്ള ആ മഹാത്മാവിന്റെ ഭീതി.

ചുരുക്കത്തിൽ ലോകം മുഴുവൻ നമ്മോട് അനീതിചെയ്താലും ഏത് വിലകൊടുത്തും എന്ത് നഷ്ടം സഹിച്ചും മുസ്‌ലികൾ നീതിയും സത്യവും നിലനിർത്താൻ ബാദ്ധ്യതപ്പെട്ടവരാണ്. സ്വന്തം മാതാപിതാക്കൾക്കും സന്താനങ്ങൾക്കു എതിരാണെങ്കിൽ പോലും നീതിയും സത്യവും ഉയർത്തി പിടിക്കാനാണ് ഖുർആന്റെ കൽപ്പന. അല്ലാഹു പറയുന്നു:

**വിശ്വസിച്ചവരേ, നിങ്ങൾ നീതിക്ക് സാക്ഷ്യം വഹിക്കുന്നവരായി അല്ലാഹുവിന് വേണ്ടി നിലകൊള്ളുക. ഒരു സമുദായത്തോടുള്ള വിരോധം അവരോട് നീതിപാലിക്കാതിരിക്കാൻ നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ. നിങ്ങൾ എല്ലാ അവസരത്തിലും നീതി പാലിക്കുക. അത് ദൈവ ഭക്തിയുമായി ഏറ്റവും അടുത്തതാണ്. (വിശുദ്ധ ഖുർആൻ 5:9)**

**പേജ് 9 ൽ നിന്ന് തുടർച്ച**

കാലമായി ത്യാഗത്തിന്റെ കാലഘട്ടത്തിലൂടെ കടന്നുപോയികൊണ്ടിരിക്കുന്നത്, പാകിസ്ഥാനികൾ അല്ലെങ്കിൽ മറ്റേതെങ്കിലും പ്രദേശത്ത് വസിക്കുന്നവർ ആരുമായിക്കൊള്ളട്ടെ അല്ലാഹു അവരോട് കാരുണ്യം കാണിച്ച് കൊണ്ട് എത്രയും പെട്ടെന്ന് തന്നെ അവർക്ക് ഈ അക്രമത്തിൽ നിന്ന്മോചനം നൽകുമാറാകട്ടെ. അല്ലാഹു നമ്മുടെയും തെറ്റുകുറ്റങ്ങളെ മറച്ചുവയ്ക്കുമാറാകട്ടെ. നമ്മുടെമേൽ കരുണചൊരിയട്ടെ. നമ്മളിൽ ഓരോരുത്തരുടെയും ഈമാനും ദൃഢവിശ്വാസവും വർദ്ധിപ്പിക്കുമാറാകട്ടെ. നാം മുമ്പത്തേക്കാൾ ഉപരിയായി അഹ്മദിയ്യത്ത് അഥവാ യഥാർഥ ഇസ്‌ലാമിന്റെ പുരോഗതിയുടെ ദൃശ്യം കാണുന്നവരായി തീരട്ടെ. അങ്ങനെ യഥാർത്ഥ പെരുന്നാളിന്റെ സന്തോഷം നമുക്ക് കാണാൻ സാധിക്കട്ടെ. അതുകൊണ്ട് ഈ ദുആ അധികമായി ചെയ്യുക. തങ്ങളുടെ ഇബാദത്തിൽ മുന്നേറുക. തങ്ങളുടെ സഹോദരങ്ങളോടുള്ള കടമകൾ നിറവേറ്റാൻ പരിശ്രമിക്കുക. ഈ ഒരു പാഠം ആണ് ബലിപെരുന്നാൾ നമുക്ക് നൽകുന്നത്. അല്ലാഹു നമുക്ക് ഇതനുസരിച്ച് പ്രവർത്തിക്കാൻ തൗഫീഖ് നൽകുമാറാകട്ടെ. ആമീൻ.






# സി. മുഹമ്മദ് സാഹിബ്

കൊടിയത്തൂർ ജമാഅത്തംഗമായിരുന്ന സി. മുഹമ്മദ് സാഹിബ് (കാക്ക) 75 വയസ്സ് ഏപ്രിൽ 30ന് വഫാത്തായി. ഇന്നാലില്ലാഹി വഇന്നാ ഇലയ്ഹി റാജിഊൻ. അഞ്ചുമൻ ഇശാഅത്തെ ഇസ്‌ലാം തുടങ്ങിയ അഹ്മദിയ്യാ വിരുദ്ധ സംഘടന തുടങ്ങിയതിന് ശേഷം ജമാഅത്തിൽ ബൈഅത്ത് ചെയ്ത മുഹമ്മദ് സാഹിബ്, പിതാവിൽ നിന്നും അമ്മാവനിൽ നിന്നും പ്രചോദനം ഉൾക്കൊണ്ടാണ് ജമാഅത്തിലേക്ക് പ്രവേശിച്ചത്. പള്ളിയിൽ ഏറെക്കുറെ സ്ഥിരമായി ബാങ്കു വിളിച്ചിരുന്ന മുഹമ്മദ് സാഹിബ് മൂസിയും ആയിരുന്നു.

ഭാര്യ: പി.പി. സുബൈദ സാഹിബ (സദർ, ലജ്ന).

മക്കൾ: മുഹമ്മദ് സലീം, (സെക്ര. വഖഫെ ജദീദ്), മുഹമ്മദ് അബ്ദുർറഹ്മാൻ (ഖത്തർ), ഫിൽസർ ചേക്കുട്ടി (പോലീസ്), ഫാതിമ (ലജ്ന തർബിയ്യത്ത് സെ. പാലക്കാട്), കദീജ ഷെറിൻ.

മരുമക്കൾ: എച് മഹ്മൂദ് അഹ്മദ് (കാവശ്ശേരി), ഫിറോസ് പി ( കൽക്കുളം), റസീല എൻ കെ (അരീകോട്), ദുരേശ് വാർ (കൊടിയത്തൂർ), നിശാന സി എച് (തിരുവാഴം കുന്ന്).

– ***അബ്ദുർറഹ്മാൻ കൊടിയത്തൂർ***

Published on 07.08.2020
Pages 44
Vol: 92 Issue. 08
Price Rs. 30/-
RNI No. 3332/1957, Registered KL/EKM/726/2018-20
Licence No. KL/CR/EKM/WPP-09/2018-20. Licensed to post Without Prepayment
The Sathyadoothan Monthly



mta INTERNATIONAL

*Muslim Television Ahmadiyya International*



www.mta.tv

www.youtube.com/mtaonline1

www.alislam.org